# സിഐടിയു സന്ദേശം

സിഐടിയു സംസ്ഥാന കമ്മിറ്റി പ്രസിദ്ധീകരണം

2022 ജൂൺ, വോള്യം: 10 ലക്കം: 10



**എഡിറ്റോറിയൽ ബോർഡ്**

ചെയർമാൻ
ആനത്തലവട്ടം ആനന്ദൻ

എഡിറ്റർ
എളമരം കരീം

കെ.ഒ. ഹബീബ്,
പി. നന്ദകുമാർ,
കെ ചന്ദ്രൻപിള്ള



07 **രാഷ്ട്ര ശരീരത്തിന്റെ വർഗീയവൽക്കരണം**
സുനിൽ പി ഇളയിടം






12 **പ്രവാചകനെതിരായ പരാമർശം**

ഭൂരിപക്ഷ ഹിന്ദുവോട്ടുകൾ പെട്ടിയിലാക്കാൻ മുസ്ലിം വിരുദ്ധ നയങ്ങൾ പ്രത്യയശാസ്ത്രമാക്കിയിട്ടുള്ള ബിജെപി, അനുദിനം വിഷലിപ്തമാകുന്ന ഇന്ത്യൻ രാഷ്ട്രീയരംഗത്ത് ഇത്തരം മുസ്ലിം നിന്ദാപ്രഘോഷണങ്ങൾ അതിന്റെ അടിസ്ഥാന നിലപാടാക്കിയിരിക്കുകയാണ്.

15 **കാശ്മീർ കൊലക്കളമാക്കി കേന്ദ്ര സർക്കാർ**

'നമുക്ക് സുഹൃത്തുക്കളെ മാറ്റാം, പക്ഷേ അയൽക്കാരനെ മാറ്റാനാകില്ല' എന്ന ചൊല്ല് കശ്മീരിന്റെ കാര്യത്തിൽ പ്രസക്തമാണ്. അയൽക്കാരായ മുസ്ലിം സഹോദരങ്ങൾ ഹിന്ദുക്കൾക്കും ഹിന്ദുക്കൾ മുസ്ലിങ്ങൾക്കും സുരക്ഷയൊരുക്കുന്ന സാഹചര്യം സൃഷ്ടിക്കാതെ സമൂഹത്തിന് മുന്നോട്ടു പോകാൻ കഴിയില്ല.

17 **രണ്ടാം ഇടതുപക്ഷ സർക്കാർ ഒരു വർഷം പൂർത്തിയാക്കുമ്പോൾ**

ഒരു വർഷം കൊണ്ട് രണ്ടാം ഇടതുപക്ഷ സർക്കാർ നടപ്പിലാക്കിയ വികസന/ജനക്ഷേമ പദ്ധതികളിലേയ്ക്ക് ഒരു തിരിഞ്ഞുനോട്ടം.

**സാമൂഹിക് ജാഗരൺ വാരാചരണം**

| | | |
|---|---|---|
| സ്വാതന്ത്ര്യത്തിന്റെ 75-ാം വർഷവും ഇന്ത്യൻ തൊഴിലാളി വർഗവും | 23 | കെ.എൻ. ഉമേഷ് |
| അസമത്വം, കാലാവസ്ഥാ വ്യതിയാനം | 30 | ജോസ് ടി. എബ്രഹാം |
| തോട്ടം മേഖലയുടെ പ്രശ്നങ്ങളും പരിഹാരവും | 34 | കെ.കെ. ജയചന്ദ്രൻ |
| വാഹന പ്രീമിയം വർധന ആർക്കുവേണ്ടി ? | 36 | കെ.എസ്. സുനിൽകുമാർ |
| ട്രേഡ് യൂണിയൻ ഐക്യത്തിനുള്ള പോരാട്ടം | 40 | എൻ. പത്മലോചനൻ |
| ബിപിസിഎൽ വിൽപ്പന | 44 | അജി എം.ജി |



വാർഷിക വരിസംഖ്യ : 200 രൂപ.

## എൽഡിഎഫ് സർക്കാരിനെ സംരക്ഷിക്കാൻ രംഗത്തിറങ്ങുക

കേരളത്തിലെ എൽഡിഎഫ് സർക്കാരിനെതിരെ, വൻ ഗൂഢാലോചനയാണ് നടന്നു വരുന്നത്. യുഡിഎഫ് ബിജെപിയുമായി കൈകോർത്താണ്, ഈ ഗൂഢാ ലോചന അരങ്ങേറുന്നത്. മനോരമ, മാതൃഭൂമി, മാധ്യമം പത്രങ്ങളും, ഏഷ്യാനെറ്റ്, മനോരമ, മാതൃഭൂമി ചാനലുകൾ എൽഡിഎഫിനെതിരായ നിഗൂഢ നീക്കങ്ങൾക്ക് സജീവ പിന്തുണയാണ് നൽകുന്നത്. അപവാദ പ്രചരണങ്ങളിലൂടെ മുഖ്യമന്ത്രി യെ അപമാനിക്കാനും, ഗുണ്ടകളെ ഇറക്കി ആക്രമിക്കാനും, യുഡിഎഫ് ബിജെപി സംഘം ശ്രമിക്കുന്നുണ്ട്. ഈ അക്രമങ്ങളെ വെള്ള പൂശാനും, എൽ.ഡി.എഫ് നേതൃ ത്വത്തിൽ കേരള ജനത നടത്തുന്ന പ്രതിരോധങ്ങളെ 'അക്രമ'മായി ചിത്രീകരിക്കാനു മാണ് മാധ്യമങ്ങൾ ശ്രമിക്കുന്നത്.

തിരുവനന്തപുരം വിമാനത്താവളം വഴി നടന്ന സ്വർണ്ണക്കള്ളക്കടത്ത് കേസിൽ പ്ര തികളായി, ജയിലിൽ കഴിയേണ്ടി വന്ന ചില കളങ്കിത വ്യക്തികളെ ഉപയോഗിച്ചാണ്, ഇപ്പോഴത്തെ പ്രചരണങ്ങൾ. സ്വർണക്കടത്ത് സംബന്ധിച്ച് എൻഐഎ, കസ്റ്റംസ്, ഇ.ഡി എന്നീ കേന്ദ്രഏജൻസികൾ നടത്തിയ അന്വേഷണത്തിൽ, കേരള സർക്കാരി നെയോ, മന്ത്രിമാരെയോ പ്രതികളാക്കാനുള്ള ഒരു തെളിവും ലഭിച്ചില്ല. അതേസമയം, ഗൾഫിൽ നിന്നും സ്വർണം അയച്ചവരെയോ, ഇന്ത്യയിൽ അത് സ്വീകരിച്ചവരെയോ നിയമത്തിന് മുമ്പിൽ കൊണ്ടുവരാൻ അന്വേഷണ ഏജൻസികൾക്ക് കഴിഞ്ഞില്ല.

2021 നിയമസഭാ തെരഞ്ഞെടുപ്പ് ലക്ഷ്യം വെച്ച് തയ്യാറാക്കിയ രാഷ്ട്രീയ തിരക്കഥ യനുസരിച്ചായിരുന്നു സ്വർണക്കടത്തുമായി ബന്ധപ്പെട്ട പ്രചരണമൊക്കെയും മുഖ്യ മന്ത്രിയെയും ഒരു മന്ത്രിയെയും ഉന്നം വെച്ചായിരുന്നു എൽഡിഎഫ് വിരുദ്ധശക്തി കൾ മുറവിളി കൂട്ടിയത്. പക്ഷെ കേന്ദ്ര അന്വേഷണ ഏജൻസികൾ, കോടതികളിൽ റിപ്പോർട്ട് സമർപ്പിച്ചപ്പോൾ, സർക്കാരിനെതിരെ ചെളിവാരിയെറിഞ്ഞവർ നിരാശയി ലായി. ഖുറാനിലെ സ്വർണവും, ഈത്തപ്പഴത്തിലെ സ്വർണവും ആവിയായിപ്പോയി. യുഎഇയിലെ ഒരു സർക്കാരിതര സംഘടന നൽകിയ ഫണ്ടുപയോഗിച്ച്, വടക്കാ ഞ്ചേരിയിൽ നിർമിച്ചുകൊണ്ടിരുന്ന, ഫ്ളാറ്റുകളുടെ നിർമാണം സ്തംഭിപ്പിച്ചത് മാത്രം മിച്ചം.

തിരുവനന്തപുരം വിമാനത്താവളം വഴി, ഗൾഫിൽ നിന്നും സ്വർണം അയച്ചതാ രാണെന്ന്, അന്വേഷണഏജൻസികൾക്ക് കണ്ടെത്താനായില്ല. ഇന്ത്യയിൽ, ഈ കള്ളക്കടത്ത് സ്വർണ്ണത്തിന്റെ ഗുണഭോക്താക്കളാരാണെന്നും തെളിയിക്കാനായി ല്ല. ഈ വസ്തുതകൾ നിലനിൽക്കെ, കള്ളക്കടത്ത് കേസിൽ പ്രതിയായി ജയിലിൽ പോകേണ്ടി വന്ന ഒരു കളങ്കിത വ്യക്തി, ആർഎസ്സ്എസ്സിന്റെ സജീവപിന്തുണയോടെ യാണ്, കഴിഞ്ഞ ദിവസങ്ങളിൽ, 'സ്വർണക്കടത്ത്' പ്രശ്നം വീണ്ടും വിവാദമാക്കിയത്. പുതിയ വെളിപ്പെടുത്തൽ എന്ന പേരിൽ പുറത്ത് വരുന്നത് അടിസ്ഥാനരഹിതമായ

ആരോപണങ്ങളാണ്. ഇതറിഞ്ഞിട്ടും, തികച്ചും രാഷ്ട്രീയപ്രേരിതമായി, സ്വർണകടത്ത് കേസിലെ പ്രതി വിളിച്ചു പറയുന്നതെന്തും വാർത്തയാക്കുകയും, ചർച്ച നടത്തുകയുമാണ് മാധ്യമങ്ങൾ. സർക്കാരിനെതിരെ അക്രമാസക്തമായ സമരങ്ങൾക്ക് ഊർജ്ജം പകരലാണ് മാധ്യമങ്ങളുടെ ലക്ഷ്യം. ഏതാനും മലയാളം മാധ്യമങ്ങൾ, യുഡിഎഫിന്റെ ഘടകകക്ഷികളെപ്പോലെയാണ് പ്രവർത്തിക്കുന്നത്.

കള്ളപ്പണം വെളുപ്പിക്കൽ പരാതിയിൽ, രാഹുൽഗാന്ധിയെ ഇഡി ചോദ്യം ചെയ്യുന്നത് രാഷ്ട്രീയ പകപോക്കലെന്ന് ആക്ഷേപിക്കുന്ന കോൺഗ്രസ്, കേരളത്തിൽ ഇഡി നടത്തുന്ന അന്വേഷണങ്ങളെയും, അവർ പത്രങ്ങൾക്ക് ചോർത്തിക്കൊടുക്കുന്ന വാർത്തകളെയും ആഘോഷമാക്കുന്നു. ഒരു കള്ളക്കടത്ത് കേസിലെ പ്രതി, അടിസ്ഥാനരഹിതമായി ഉന്നയിക്കുന്ന ദുരാരോപണങ്ങളെ ആയുധമാക്കി, സംസ്ഥാനത്തെ യുദ്ധക്കളമാക്കുകയാണ് കോൺഗ്രസ്സും ബിജെപിയും.

ആർഎസ്സ്എസ്സ് നേതൃത്വത്തിൽ പ്രവർത്തിക്കുന്ന എച്ച്.ആർ.ഡി.എസ്സ് എന്ന സ്ഥാപനത്തിൽ ജീവനക്കാരായി പ്രവർത്തിക്കുന്ന സ്വർണക്കടത്ത് കേസിലെ പ്രതികൾക്ക്, പുതിയ വെളിപാടുണ്ടായതിന്റെ പിന്നിൽ, ആർഎസ്സ്എസ്സ് ആണെന്ന്, ചിന്താശേഷി നഷ്ടപ്പെട്ടിട്ടില്ലാത്തവർക്കൊക്കെ മനസ്സിലാവും. കടുത്ത മുസ്ലീം വിരോധിയും, സംഘപരിവാറുകാരനുമായ അഭിഭാഷകന്റെ അല്പബുദ്ധിയിൽ രൂപംകൊണ്ട തിരക്കഥയാണ് ഇത്. ദുരാരോപണങ്ങളെ "വെളിപ്പെടുത്തൽ" എന്ന് വിശേഷിപ്പിക്കുന്ന മാധ്യമങ്ങൾക്കും, ഇതിന്റെ പിന്നിലെ ഉദ്ദേശം അറിയാത്തതല്ല. എൽഡിഎഫ് വിരുദ്ധതയാണ്, അവരെ നയിക്കുന്നത്. രാജ്യദ്രോഹക്കേസിൽ പ്രതികളായവരെയാണ് സംഘപരിവാർ കൂട്ടുപിടിച്ച്, സംരക്ഷിക്കുന്നത്.

മുഖ്യമന്ത്രിയെയും, കുടുംബത്തെയും അധിക്ഷേപിക്കുന്ന, ഏറ്റവും ഹീനമായ പ്രചരണമാണ് യുഡിഎഫ്–ബിജെപി–മാധ്യമ സിന്റിക്കേറ്റ് നടത്തുന്നത്. മുഖ്യമന്ത്രിയെ ആക്രമിക്കാനും, കോൺഗ്രസ് റൗഡികൾ ശ്രമിക്കുന്നു. മുഖ്യമന്ത്രി സഞ്ചരിച്ച വിമാനത്തിൽ, യാത്രക്കാരുടെ വേഷത്തിൽ കയറിയ കോൺഗ്രസ് റൗഡികൾ, മുഖ്യമന്ത്രിയെ ആക്രമിക്കാൻ മുതിർന്ന, ഏറ്റവും ഹീനമായ സംഭവമുണ്ടായി. സംസ്ഥാനത്ത് ആദ്യമാണ് ഇത്തരമൊരു സംഭവം. അക്രമികളെ വെള്ള പൂശുന്ന വിധത്തിലാണ്, കോൺഗ്രസ് നേതൃത്വവും, കുത്തക മാധ്യമങ്ങളും പെരുമാറിയത്. ജനപിന്തുണയില്ലെങ്കിലും, ഒരു സംഘം കോൺഗ്രസ് ക്രിമിനലുകൾ സംസ്ഥാനത്താകെ അക്രമം അഴിച്ചുവിടുകയാണ്. ഇതെല്ലാം പ്രതിഷേധസമരമെന്ന പേരിൽ ന്യായീകരിക്കുകയാണ് ഒരു സംഘം മാധ്യമങ്ങൾ. തൊഴിലാളികളുടെ പണിമുടക്കിനോട്, ഈ മാധ്യമങ്ങൾ കൈക്കൊണ്ട നിലപാട് നാം കണ്ടതാണ്.

യുഎഇ ലക്ഷക്കണക്കിന് കേരളീയർക്ക് ഉപജീവനത്തിന് വഴി നൽകിയ രാജ്യമാണ്. കേരളവും, യുഎഇ ഉൾപ്പെടെയുള്ള ഗൾഫ് രാജ്യങ്ങളും തമ്മിൽ സൗഹാർദ്ദബന്ധമാണ് നിലനിൽക്കുന്നത്. അത്തരം രാജ്യങ്ങളിലെ ഭരണാധികാരികളെ അപമാനിക്കുന്ന, ആരോപണങ്ങളാണ്, കളങ്കിത വ്യക്തികൾ നടത്തുന്നത്. യുഎഇ കോൺസുലേറ്റ്, "കള്ളക്കടത്തി"ന് കൂട്ടു നിന്നു എന്നാണാരോപിക്കുന്നത്. ഇത് സംസ്ഥാന താല്പര്യത്തിന് എത്രമാത്രം എതിരാണെന്ന് ഈ പ്രചരണം ഏറ്റെടുക്കുന്ന മാധ്യമങ്ങളും, യുഡിഎഫും ആലോചിക്കുന്നില്ല. ലക്ഷക്കണക്കിന് മലയാളികളുടെ ചോറിൽ മണ്ണ് വാരിയിടുന്ന നടപടിയാണിത്.

കടുത്ത മുസ്ലീം വിരുദ്ധ പ്രചരണം നടത്തുന്ന പി.സി ജോർജ്ജിനെപ്പോലുള്ള അൽപ്പന്മാരെ കൂട്ടുപിടിച്ചാണ്, യു.ഡി.എഫും സംഘപരിവാറും ദുഷ്പ്രചരണം നടത്തുന്നത്. കേരളീയ സമൂഹത്തിലെ പുഴുക്കുത്തുകളെ തലയിലേറ്റിയാണ്, യുഡിഎഫ്, സംസ്ഥാനത്താകെ, സമരാഭാസം നടത്തുന്നത്. സംഘപരിവാറിനെയും, യുഡിഎഫിനെയും തമ്മിൽ ബന്ധിപ്പിക്കുന്ന കണ്ണികളാണ് ഇത്തരം ദുഷ്ടശക്തികൾ.

നവഉദാരവൽക്കരണ നയങ്ങൾക്ക് ബദലുയർത്തി, രാജ്യത്തിനാകെ മാതൃകയായി പ്രവർത്തിക്കുന്ന സർക്കാരാണ്, കേരളത്തിലെ എൽഡിഎഫ് സർക്കാർ. പൊതുമേഖലാ സംരക്ഷണത്തിലും, തൊഴിലാളികളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിലും, കേരളം മാതൃകയാണ്. മനുഷ്യജീവിതത്തിന്റെ എല്ലാമേഖലകളിലും, ഇന്ത്യൻ സംസ്ഥാനങ്ങളിൽ ഒന്നാമതാണ് കേരളം. ഇതൊന്നും പ്രചരിപ്പിക്കാൻ കുത്തകമാധ്യമങ്ങൾക്ക് താല്പര്യമില്ല.

മതനിരപേക്ഷ ജനാധിപത്യ മൂല്യങ്ങൾ സംരക്ഷിക്കുന്നതിൽ ഉറച്ച നിലപാടാണ് കേരള സർക്കാർ സ്വീകരിക്കുന്നത്. മതന്യൂനപക്ഷങ്ങളുടെ താമസസ്ഥലങ്ങൾ ബുൾഡോസർ ഉപയോഗിച്ച് തകർക്കുന്ന ബിജെപി സർക്കാരിന്റെ കിരാതനടപടികൾ നാം കണ്ടുകൊണ്ടിരിക്കുകയാണ്. എല്ലാവർക്കും സംരക്ഷണം നൽകുക എന്നതാണ് എൽഡിഎഫ് നയം. സംഘപരിവാറിനും കുത്തകമുതലാളിവർഗ്ഗങ്ങൾക്കും, എൽഡിഎഫ് സർക്കാരിനോട് ശത്രുത തോന്നാൻ കാരണമിതാണ്. നവഉദാരവൽക്കരണ നയങ്ങളുടെ ഗുണഭോക്താക്കളാണ് രാജ്യത്തെ കുത്തകമുതലാളിവർഗ്ഗം. കോവിഡ് മഹാമാരിക്കാലത്തും സമ്പത്ത് വൻതോതിൽ വർദ്ധിപ്പിച്ചവരാണ്, ഇന്ത്യയിലെ ശതകോടീശ്വരന്മാർ. ഈ കുത്തകകളുടെ ഉടമസ്ഥതിയിലുള്ള മാധ്യമങ്ങൾ, എൽഡിഎഫ് സർക്കാരിനെ കടുത്ത ശത്രുവായിട്ടാണ് കാണുന്നത്.

തൊഴിലാളി–കർഷക വർഗ്ഗങ്ങൾ ധീരോദാത്തമായ സമരത്തിലൂടെ രൂപപ്പെടുത്തിയ സംസ്ഥാനമാണ് കേരളം. നാടുവാഴിത്ത മുതലാളി വർഗ്ഗങ്ങളുടെയും മുമ്പത്തെ ബ്രിട്ടീഷ് ഭരണാധികാരികളുടെയും കടുത്ത അടിച്ചമർത്തലിനും ചൂഷണത്തിനുമെതിരെ, തൊഴിലാളികളും കർഷകരും, ജീവൻ നല്കി നടത്തിയ സമരത്തിലൂടെയാണ്, ആധുനിക കേരളം സൃഷ്ടിച്ചത്. അടുത്ത 25 വർഷത്തിനകം കേരളത്തെ വികസിത രാജ്യങ്ങളുടേതിന് സമാനമായ അവസ്ഥയിലേക്ക് നയിക്കുക എന്നതാണ്, എൽഡിഎഫ് സർക്കാരിന്റെ ലക്ഷ്യം. ഇതെല്ലാം ഭരണവർഗ്ഗങ്ങളെ വിറളി പിടിപ്പിക്കുന്നതാണ്. കേന്ദ്രസർക്കാരിന്റെയും ജനവിരുദ്ധതൊഴിലാളി വിരുദ്ധ നയങ്ങൾക്കെതിരെ, ഐക്യത്തോടെ പോരാടുന്ന കേരളത്തെ, ദുർബലമാക്കലാണ് ബൂർഷ്വാ വർഗത്തിന്റെ ലക്ഷ്യം. അതിന് മുമ്പിൽ കീഴടങ്ങാൻ പാടില്ല. എൽഡിഎഫ് സർക്കാരിനെ സംരക്ഷിക്കാൻ, തൊഴിലാളിവർഗ്ഗം ഒറ്റക്കെട്ടായി രംഗത്തിറങ്ങണം.






# രാഷ്ട്രശരീരത്തിന്റെ വർഗീയവൽക്കരണം

**ഒരുഭാഗത്ത് പൊതുസമൂഹത്തിന്റെ സാമാന്യബോധത്തെ ആഴത്തിൽ വർഗീയവൽക്കരിക്കുകയും ഭരണഘടനാപരമായ ധാർമികതയ്ക്ക് ഒരിടവുമില്ലാത്ത ഒന്നാക്കി അതിനെ രൂപാന്തരപ്പെടുത്തുകയും ചെയ്യുക; മറുഭാഗത്ത് ഭരണനിർവഹണം സമ്പൂർണമായി ഭരണഘടനാ തത്ത്വങ്ങൾക്കെതിരായി നടത്തുക. ഒരേസമയം ഈ ഇരുതലത്തിലുമുള്ള പ്രവർത്തനം ശക്തിപ്പെടുത്താനും വ്യാപിപ്പിക്കാനുമുള്ള ആസൂത്രിതശ്രമമാണ് ഹൈന്ദവവർഗീയവാദികളുടേത്.**



# നാഗലശ്ശേരി സർവീസ് സഹകരണ ബാങ്ക്

## ക്ലിപ്തം നമ്പർ.പി.541

പി.ഒ.കൂറ്റനാട്, പാലക്കാട് ജില്ല-679533
മെയിൻ ബ്രാഞ്ച്: കൂറ്റനാട്-0466-2970124, 9446301124
e-mail: nagalasseryscbkoottanad@gmail.com
ബ്രാഞ്ച്: കോതച്ചിറ 9037620708, ഈവനിംഗ് ബ്രാഞ്ച്: കൂറ്റനാട്-9188731506
പെരിങ്ങോട്-9746949124 (ഒരു ക്ലാസ്സ് 1 സൂപ്പർഗ്രേഡ് സ്ഥാപനം)



- പൂർണ്ണമായി കമ്പ്യൂട്ടർവൽക്കരിച്ച ഹെഡ് ഓഫീസും ബ്രാഞ്ചുകളും.
- ഏതു ബ്രാഞ്ചിൽ നിന്നും ഇടപാട് നടത്താവുന്ന കോർബാങ്കിംഗ് - സൗകര്യം.
- മിതമായ നിരക്കിൽ വിവിധ വായ്പാ പദ്ധതികൾ.
- നിക്ഷേപങ്ങൾക്ക് ആകർഷകമായ പലിശനിരക്ക്.
- മുതിർന്ന പൗരന്മാർക്ക് 1/2% കൂടുതൽ പലിശ.
- മാസം തോറും ആരംഭിക്കുന്ന എം.ഡി.എസ് (കുറി) നിക്ഷേപ പദ്ധതി.
- നീതി മെഡിക്കൽ ലാബ്, കൂറ്റനാട്
- നീതി സൂപ്പർ മാർക്കറ്റ്, പെരിങ്ങോട്
- നീതി മെഡിക്കൽ സ്റ്റോർ, കൂറ്റനാട്

പി.എം.ആര്യൻ
പ്രസിഡൻറ്
9447888120

എൻ.കൃഷ്ണകുമാർ
സെക്രട്ടറി
9048710277

# ദി പട്ടാമ്പി സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക്

ലിമിറ്റഡ് നമ്പർ. പി. 585

## ക്ലാസ്സ് 1 സൂപ്പർ ഗ്രേഡ് ബാങ്ക്

ഹെഡ് ഓഫീസ് : റാസ്മാൾ കോംപ്ലക്സ്, 1st ഫ്ളോർ, ബസ് സ്റ്റാന്റിനു സമീപം,
പള്ളിപ്പുറം റോഡ്, പട്ടാമ്പി, പാലക്കാട് ജില്ല – 679 303
ഫോൺ : 0466 2212234 / 9400063691 e-mail : pattambiscb@gmail.com
മെയിൻ ബ്രാഞ്ച് : 2214616 / 9400063692, 12 മണിക്കൂർ ബ്രാഞ്ച്, മുതുതല : 2217259 / 9400069693
12 മണിക്കൂർ ബ്രാഞ്ച്, മേലെ പട്ടാമ്പി : 2212008 / 9400063695, മരുതൂർ ബ്രാഞ്ച് : 22340037 9400063694,
മേൽമുറി ബ്രാഞ്ച് : 2262363 / 9400063696, ആയൂർ ബ്രാഞ്ച് : 231101 / 9400063697,
നീതി മെഡിക്കൽസ്, മേലെ പട്ടാമ്പി : 2212024, നീതി മെഡിക്കൽസ്, മുതുതല : 2211399,
നീതി മെഡിക്കൽ ലാബ്, മുതുതല : 2217400, ആംബുലൻസ്/മൊബൈൽ ഫ്രീസർ : 8547335102, 9961429094
IFS Code : ICIC0000103, GSTIN : 32AAAAP9607P1Z6



- നിക്ഷേപങ്ങൾക്ക് ഉയർന്ന പലിശയും
- ഇൻഷുറൻസ് ഗ്യാരണ്ടിയും
- കച്ചവടക്കാർക്ക് സൗകര്യപ്രദമായ ഡെയ്‌ലി ഡെപ്പോസിറ്റ് ഡോർ കളക്ഷൻ സൗകര്യം
- പ്രതിമാസ നിക്ഷേപ പദ്ധതി (MDS)
- ലോക്കർ സൗകര്യം
- ഡിമാന്റ് ഡ്രാഫ്റ്റ്
- RTGS/NEFT/EFT സൗകര്യം
- മണി ട്രാൻസ്ഫർ (വെസ്റ്റേൺ യൂണിയൻ, എക്സ്പ്രസ്സ് മണിഗ്രാം, റിയ, ട്രാൻസ്ഫാസ്റ്റ് etc.)
- കോർ ബാങ്കിംഗ്
- നീതി മെഡിക്കൽസ്
- നീതി മെഡിക്കൽ ലാബ്
- വളം ഡിപ്പോകൾ
- കുറഞ്ഞ നിരക്കിൽ
- ആംബുലൻസ്-മൊബൈൽ ഫ്രീസർ
- കുറഞ്ഞ നിരക്കിൽ ട്രാക്ടർ സേവനം
- കുറഞ്ഞ വാടകയ്ക്ക് മരുതൂരിലും,
- മുതുമലയിലും ബാങ്കിന്റെ ഹാളുകൾ

കെ.പി.അജയകുമാർ
പ്രസിഡന്റ്
9496362236

എം.പരമേശ്വരൻ
സെക്രട്ടറി
9496372236



**സുനിൽ പി ഇളയിടം**

മറ്റൊരു ബാബ്റി മസ്ജിദിന് അരങ്ങൊരുങ്ങുകയാണ്. കാശിയിലെ ജ്ഞാൻവാപി പള്ളിയിൽ നടത്തിയ സർവേയിൽ ശിവലിംഗം കണ്ടെത്തിയെന്ന ഹിന്ദുവിഭാഗം അഭിഭാഷകന്റെ പ്രഖ്യാപനവും തുടർന്ന് ആ ഭാഗം അടച്ചുപൂട്ടാനുള്ള വാരാണസി കോടതിയുടെ ഉത്തരവും വിരൽചൂണ്ടുന്നത് മറ്റൊന്നിലേക്കുമല്ല. ജ്ഞാൻവാപി പള്ളിയുടെ മതിലിനോടു ചേർന്നുള്ള ക്ഷേത്രത്തിൽ നിത്യാരാധന അനുവദിക്കണമെന്ന ആവശ്യവും അതേത്തുടർന്ന് പള്ളിയിൽ സർവേ നടത്താനുള്ള കോടതിയുത്തരവും ശിവലിംഗത്തിന്റെ കണ്ടെത്തലും അടച്ചുപൂട്ടൽ ഉത്തരവുമെല്ലാംചേർന്ന് 'അതേ കഥയുടെ പുനരാവർത്തനം' എന്നു പറയാവുന്നനിലയിൽ ബാബ്റി മസ്ജിദിന്റെ ചരിത്രത്തെ ആവർത്തിക്കുന്നുണ്ട്. കാശിയും മഥുരയും അടുത്ത പൊതുതെരഞ്ഞെടുപ്പിനു മുമ്പ് ദേശീയരാഷ്ട്രീയത്തിലെ മുഖ്യവിഷയമായി ഉയർത്താനുള്ള വർഗീയവാദികളുടെ ആസൂത്രിത ശ്രമമായി ഇതിനെ തിരിച്ചറിയാൻ ഒരു പ്രയാസവുമില്ല. ഇന്ത്യയിലെ പരമോന്നത നീതിപീഠം ഉചിതമായ ഇടപെടൽ നടത്തിയില്ലെങ്കിൽ മാരകമായ മറ്റൊരു വർഗീയ വിഭജനത്തിലേക്കാകും രാഷ്ട്രം ചുവടുവയ്ക്കുക. ഇപ്പോൾ, കേസ് സിവിൽ മജിസ്ട്രേട്ട് കോടതിയിൽനിന്ന് ജില്ലാ കോടതിയിലേക്ക് മാറ്റണമെന്നും പള്ളിയിൽ നിസ്കാരം തുടരാമെന്നും പ്രവേശനം തടയരുതെന്നും മാത്രമേ സുപ്രീംകോടതി ഉത്തരവിൽ പറഞ്ഞിട്ടുള്ളൂ. സർവേ അനുവദിച്ച കീഴ്കോടതിയുടെ മുൻ ഉത്തരവ് അസ്ഥിരപ്പെടുത്തിയില്ല.

ഇന്ത്യൻ ജനാധിപത്യം നേരിടാനിരിക്കുന്ന വലിയ വെല്ലുവിളികളിൽ ഒന്നിനെക്കുറിച്ച് ഭരണഘടനാ അസംബ്ലിയിലെ ചർച്ചകളുടെ സന്ദർഭത്തിൽ ഡോ. ബി ആർ അംബേദ്കർ നൽകിയ സൂചന ഇവിടെ പ്രധാനമാണ്. രാഷ്ട്രീയ ഭൂരിപക്ഷത്തെ വർഗീയ ഭൂരിപക്ഷംകൊണ്ട് പകരംവയ്ക്കാമെന്ന സാധ്യത ഇന്ത്യയിൽ നിലനിൽക്കുന്നതായി അദ്ദേഹം പറഞ്ഞു. രാഷ്ട്രീയ ഭൂരിപക്ഷം തുറന്നതും അസ്ഥിര സ്വഭാവമുള്ളതുമാണ്. അതിലേക്ക് പുതിയ ആളുകൾക്ക് കടന്നുവരാനും അതിന്റെ പ്രകൃതത്തെ മാറ്റാനുംകഴിയും. വർഗീയ ഭൂരിപക്ഷമാകട്ടെ അടഞ്ഞതും സ്ഥിരസ്വഭാവമുള്ളതുമാണ്. പുറത്തുള്ളവർക്ക് അതിൽ കടക്കാനാകില്ല. രാഷ്ട്രീയ ഭൂരിപക്ഷത്തെ വർഗീയ ഭൂരിപക്ഷം പകരം വയ്ക്കുമ്പോൾ ജനാധിപത്യം ഭൂരിപക്ഷവാദമായി (മെജോറിറ്റേറിയനിസം) പരിണമിക്കും. ജനാധിപത്യത്തെ പുറംതൊണ്ടു മാത്രമാക്കി മാറ്റുന്ന ഭൂരിപക്ഷവാദം ഫാസിസത്തിലേക്കുള്ള ചവിട്ടുപടിയാണ്.

ഭരണഘടനാപരമായ ധാർമികതയെന്ന തന്റെ സവിശേഷസങ്കൽപ്പം ഡോ. അംബേദ്കർ മുന്നോട്ടുവച്ചത് ഈ സന്ദർഭത്തിലാണ്. ഭരണഘടനാപരമായ അടിസ്ഥാനമൂല്യങ്ങൾ ജനാധിപത്യം, നീതി, സാഹോദര്യം, സമത്വം, മതനിരപേക്ഷത തുടങ്ങിയവ സമൂഹത്തിലാകെ വ്യാപിക്കേണ്ടത് ഏറെ പ്രധാനമാണെന്ന് അദ്ദേഹം പറയുന്നുണ്ട്. ഈ അടിസ്ഥാനമൂല്യങ്ങളെ മുൻനിർത്തി ഭരണനിർവഹണം നടക്കുകയെന്നത് രാജ്യത്തിന്റെ ജനാധിപത്യപരമായ നിലനിൽപ്പിന് അത്യന്താപേക്ഷിതമാണ്. ഭരണഘടനാപരമായ മൂല്യങ്ങൾക്ക് സാമൂഹ്യബോധത്തിൽ കാര്യമായ ഇടംകിട്ടാതെ വരികയും ഭരണനിർവഹണം ഭരണഘടനാപരമായ മൂല്യങ്ങൾക്ക് എതിരായിത്തീരുകയും ചെയ്യുന്നതോടെ ഫലത്തിൽ ജനാധിപത്യപ്രക്രിയയെ അട്ടിമറിക്കുന്ന ഒന്നായി ഭരണം മാറിത്തീരും. ഇന്ത്യൻ ജനാധിപത്യം നേരിടാനിരിക്കുന്ന വലിയ പ്രതിസന്ധിയും ആപൽസാധ്യതയുമാണ് ഇതെന്ന് ഡോ. അംബേദ്കർ ചൂണ്ടിക്കാണിച്ചു.




ഇന്ത്യ ഇന്ന് നേരിടുന്ന വെല്ലുവിളി കൃത്യമായും ഇതുതന്നെയാണ്. ഹൈന്ദവ വർഗീയശക്തികൾ മേൽപ്പറഞ്ഞ രണ്ടു വഴിയിലൂടെയും ജനാധിപത്യത്തിന്റെ അടിത്തറ തകർക്കുകയാണ്. ഒരുഭാഗത്ത് ആധുനിക ജനാധിപത്യസമൂഹമായി ഇന്ത്യയെ നിലനിൽക്കാൻ അനുവദിക്കാത്തവിധത്തിൽ തീവ്രവർഗീയതയുടെ ആശയങ്ങൾ സാമൂഹ്യാവബോധത്തിൽ ഉറപ്പിക്കുകയും സമൂഹത്തെ അപ്പാടെ വർഗീയമായി വിഭജിക്കുകയും ചെയ്യുക. മറുഭാഗത്ത് ഭരണനിർവഹണത്തിന്റെ എല്ലാ തലത്തിലും ഭരണഘടനാപരമായ അടിസ്ഥാനതത്വങ്ങളെ നിർബാധം ലംഘിക്കുക. ഇരുതലത്തിലൂടെയുമുള്ള ഈ കടന്നാക്രമണം ഇന്ത്യയുടെ ജനാധിപത്യപ്രക്രിയയുടെ അടിവേരുകൾവരെ പറിച്ചുമാറ്റുന്നതിനെയാണ് രാജ്യം ഇപ്പോൾ അഭിമുഖീകരിക്കുന്നത്.



ദേശീയപ്രസ്ഥാനത്തിന്റെ കാലംമുതൽത്തന്നെ ജനാധിപത്യത്തിന്റെ അടിസ്ഥാനങ്ങളെ സാമൂഹ്യാവബോധത്തിൽ ദുർബലമാക്കാനും തകർക്കാനുമുള്ള ശ്രമങ്ങളിലാണ് ഹിന്ദുത്വശക്തികൾ ഏർപ്പെട്ടത്. സ്വാതന്ത്ര്യം, സമത്വം, സാഹോദര്യം എന്നീ അടിസ്ഥാനമൂല്യങ്ങൾക്കുപകരം മതാത്മകമായ ദേശീയതാ സങ്കൽപ്പത്തെ ഉയർത്തിക്കൊണ്ടുവന്ന് ജനാധിപത്യത്തെ തകർക്കാനാണ് അവർ അക്കാലത്ത് മുതിർന്നത്. ഇന്ത്യയെ പിതൃഭൂമിയും പുണ്യഭൂമിയുമായി കാണുന്നവർക്കാണ് ഇന്ത്യൻ പൗരത്വം സ്വാഭാവികമായി കൈവരികയെന്ന സവർക്കറുടെ വീക്ഷണത്തിന്റെ അടിസ്ഥാനം ഇതുതന്നെയാണ്. പിൽക്കാലത്ത് ഗോസംരക്ഷണവും ഹിന്ദിയും രാമക്ഷേത്രവും ദേശീയതയും ഉൾപ്പെടെയുള്ള നിരവധി വിഷയത്തിലൂടെ ഇന്ത്യൻ ജനാധിപത്യത്തെ അകമേ തകർക്കാൻ വർഗീയശക്തികൾ ശ്രമിക്കുകയും വലിയൊരളവിൽ അതിൽ വിജയിക്കുകയും ചെയ്തു. ഉൾക്കൊള്ളലിൽ അധിഷ്ഠിതവും ബഹുഭാവനിഷ്ഠവുമായ സമൂഹമെന്ന, ജനാധിപത്യത്തിന്റെ അടിസ്ഥാന ആശയത്തിനു പകരം വകഞ്ഞുമാറ്റലിലും പുറത്താക്കലിലും അധിഷ്ഠിതമായ മതരാഷ്ട്രസങ്കൽപ്പത്തെ മേൽപ്പറഞ്ഞ ഓരോ സന്ദർഭത്തിലും ശക്തിപ്പെടുത്താനും ഹൈന്ദവ വർഗീയവാദം ശ്രമിച്ചുപോന്നു.

ഈ മതരാഷ്ട്രബോധത്തെ ദൃഢീകരിക്കാനുള്ള ഹൈന്ദവവർഗീയതയുടെ ആസൂത്രിതശ്രമങ്ങളാണ് സമീപകാലത്ത് നാം കണ്ടത്. ഒരുഭാഗത്ത് രാമക്ഷേത്രനിർമാണത്തെ ഒരു ദേശീയസംഭവമായി അവതരിപ്പിക്കുക. മറുഭാഗത്ത് രാമനവമി മുതലുള്ള നാനാതരം ആഘോഷങ്ങളെ മുസ്ലിംവേട്ടയുടെ ഉപകരണമാക്കി മാറ്റുക. ഇതുരണ്ടും ഒരുമിച്ചു നടത്തിക്കൊണ്ട് ഹിന്ദുരാഷ്ട്രമെന്ന ആശയത്തെ പരമാവധി ശക്തിപ്പെടുത്തുകയും അതിനുതകുന്നവിധത്തിൽ മുസ്ലിം വിദ്വേഷത്തിന് തീപിടിപ്പിക്കലുമാണ് ഹൈന്ദവവർഗീയവാദം ചെയ്യുന്നത്. അടുത്ത പൊതുതെരഞ്ഞെടുപ്പിലേക്കുള്ള തങ്ങളുടെ രാഷ്ട്രീയ കാര്യപരിപാടിയുടെ അടിത്തറയൊരുക്കലാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്.

ഹിന്ദിയെ ദേശീയ ഭാഷയായി അവതരിപ്പിക്കുന്നതടക്കമുള്ള കാര്യങ്ങളെ ഇതിനു തുണയായി ഉപയോഗപ്പെടുത്തുകയും ചെയ്യുന്നു. അതുവഴി തങ്ങളുടെ വർഗീയവിഭജനയുക്തിക്ക് ദേശീയതയുടെ പരിവേഷം നൽകാൻ കഴിയുമെന്നാണ് ഹിന്ദുത്വശക്തികൾ പ്രതീക്ഷിക്കുന്നത്. ഇന്ത്യയുടെ ഭൂതകാലത്തെക്കുറിച്ചുള്ള ധാരണകളെ ദുരുപയോഗം ചെയ്തുകൊണ്ടാണ് ഹൈന്ദവവർഗീയവാദം എത്രയോ കാലമായി അവരുടെ രാഷ്ട്രീയ കാര്യപരിപാടി വികസിപ്പിച്ചു പോന്നിട്ടുള്ളത്. 'സാംസ്കാരികദേശീയത' എന്ന ആശയത്തെ മുൻനിർത്തി കെട്ടിപ്പടുക്കുന്ന ദേശീയതാസങ്കൽപ്പമായാലും ഇന്ത്യൻ ഭൂതകാലത്തെ അപ്പാടെ മതവൽക്കരിക്കുന്ന സമീപനമായാലും മധ്യകാലത്തെ 'ഇസ്ലാമിക അധിനിവേശ'ത്തിന്റെ കാലമായി അവതരിപ്പിക്കുന്നതിലായാലും പ്രൊഫ. ബിപൻ ചന്ദ് ചൂണ്ടിക്കാട്ടിയതുപോലെ വളച്ചൊടിക്കപ്പെട്ട ചരിത്രമാണ് ഹൈന്ദവ വർഗീയതയുടെ പ്രത്യയശാസ്ത്ര ഉപകരണം. ഈ വളച്ചൊടിക്കലുകൾക്ക് അത് ആശ്രയിക്കുന്നത് സാമ്രാജ്യത്വവാദികളായ ചരിത്രകാരൻമാർ ജന്മംനൽകിയ ധാരണകളെയാണുതാനും.

ബാബ്റി മസ്ജിദിനെ മുൻനിർത്തി അരങ്ങേറിയ വർഗീയവൽക്കരണത്തിനു പിന്നാലെ കാശിയെയും മഥുരയെയും മുൻനിർത്തി ഇപ്പോഴവർ ആസൂത്രണംചെയ്യാൻ ശ്രമിക്കുന്ന പുതിയ വർഗീയ അജൻഡകളുടെയും വേര് ചരിത്രത്തിൽത്തന്നെയാണ്. കെട്ടുകഥകളും ഐതിഹ്യങ്ങളും ചരിത്രത്തിന് പകരംവയ്ക്കുക, ഭൂതകാലത്തിലെ സാമ്പത്തികവും രാഷ്ട്രീയവുമായ പ്രക്രിയകളെ അപ്പാടെ മതപരമായി മാത്രം അവതരിപ്പിക്കുക, ഭൂതകാലസംഭവങ്ങൾക്ക് വർത്തമാനത്തിൽ പകരംചോദിക്കാനും പകവീട്ടാനും ശ്രമിക്കുക എന്നിങ്ങനെ തലകീഴായ ചരിത്രബോധത്തിന്റെ അടിത്തറയായി മതത്തെ നിലനിർത്തിക്കൊണ്ടാണ് ഹൈന്ദവവർഗീയത എക്കാലത്തും അതിന്റെ രാഷ്ട്രീയോർജം സമാഹരിച്ചിട്ടുള്ളത്. ഇന്ത്യൻ ദേശീയതാസങ്കൽപ്പത്തെയും ഭരണകൂടത്തെയും മതവൽക്കരിക്കുന്നതിനു പിന്നിലെ പ്രധാന ആയുധവും മറ്റൊന്നല്ല.

ഇന്ത്യൻ ദേശീയപ്രസ്ഥാനം 1920കൾ മുതൽ അതിന്റെ ദേശീയതാസങ്കൽപ്പത്തിന്റെ കാതലായി നിലനിർത്തിയത് മതനിരപേക്ഷവും ബഹുസ്വരവുമായ ഇന്ത്യൻ സമൂഹമെന്ന കാഴ്ചപ്പാടിനെയാണ്. 'ഇന്ത്യ അഥവാ ഭാരതം' സംസ്ഥാനങ്ങളുടെ യൂണിയനാണെന്ന ഇന്ത്യൻ ഭരണഘടനയിലെ ഒന്നാംഭാഗത്തിലെ ഒന്നാംവാക്യം ഈ ദേശീയതാസങ്കൽപ്പത്തെയാണ് ഉൾക്കൊള്ളുന്നത്.

ഇന്ത്യൻ ഭരണഘടനയുടെ ആധാരശിലയായിത്തീർന്നത് ഈ ദേശീയതാസങ്കൽപ്പമാണ്. 19ാം ശതകത്തിന്റെ രണ്ടാം പകുതിമുതൽ പല രൂപത്തിൽ വികസിച്ചുവന്ന ദേശീയതാ ഭാവനകളിൽ പ്രബലമായിരുന്ന മതാത്മക രാഷ്ട്രമെന്ന ആശയത്തെ പിന്തള്ളിക്കൊണ്ടാണ് 1920കൾ മുതൽ മതനിരപേക്ഷ, ജനാധിപത്യ, ബഹുസ്വരസമൂഹമെന്ന ആശയം ഉയർന്നുവന്നതും അത് ഇന്ത്യൻ ദേശീയതയുടെയും ഭരണഘടനയുടെയും അടിത്തറയായി മാറിയതും. അതുകൊണ്ട്, മതപരമോ, ഭാഷാപരമോ, സാംസ്കാരികമോ ആയ ഏകത ഇന്ത്യൻ ജനതയ്ക്കുമേൽ അടിച്ചേൽപ്പിക്കാനുള്ള ഏതു ശ്രമവും ഇന്ത്യൻ ദേശീയപ്രസ്ഥാനത്തിനും ഭരണഘടനാദർശനത്തിനും എതിരാണ്. ഭരണ ഘടനാവിരുദ്ധമായ ഈ ഏകാത്മകതയെ ഇന്ത്യയുടെ ഔപചാരികഘടനയാക്കി മാറ്റാനുള്ള ആസൂത്രിതശ്രമങ്ങളാണ് ഹൈന്ദവവർഗീയവാദികൾ നടത്തിപ്പോരുന്നത്. ഒരു രാഷ്ടം, ഒരു ഭാഷ, ഒരു സംസ്കാരം എന്നിങ്ങനെയുള്ള മുദ്രാവാക്യങ്ങളുടെ മറപറ്റിനിന്ന് അവർ അടിച്ചേൽപ്പിക്കാൻ ശ്രമിക്കുന്നത് മതപരമായ ഏകാത്മകതയെയും മതരാഷ്ട്രപരമായ ഭരണകൂട സങ്കൽപ്പത്തെയുമാണ്.

ഇങ്ങനെ, ഒരുഭാഗത്ത് പൊതുസമൂഹത്തിന്റെ സാമാന്യബോധത്തെ ആഴത്തിൽ വർഗീയവൽക്കരിക്കുകയും ഭരണഘടനാപരമായ ധാർമികതയ്ക്ക് ഒരിടവുമില്ലാത്ത ഒന്നാക്കി അതിനെ രൂപാന്തരപ്പെടുത്തുകയും ചെയ്യുക; മറുഭാഗത്ത് ഭരണനിർവഹണം സമ്പൂർണമായി ഭരണഘടനാതത്ത്വങ്ങൾക്കെതിരായി നടത്തുക. ഒരേസമയം ഈ ഇരുതലത്തിലുമുള്ള പ്രവർത്തനം ശക്തിപ്പെടുത്താനും വ്യാപിപ്പിക്കാനുമുള്ള ആസൂത്രിതശ്രമമാണ് ഹൈന്ദവവർഗീയവാദികളുടേത്.

ദ്വിമുഖമായ ഈ കടന്നാക്രമണത്തിനെതിരായ പ്രതിരോധം തീർക്കുകയെന്നതാണ് ഇന്ത്യയിലെ ജനാധിപത്യവാദികൾക്കു മുന്നിലെ ദൗത്യം. ഭരണഘടനാസ്ഥാപനങ്ങളെ അവയുടെ സവിശേഷാധികാരങ്ങളോടെ നിലനിർത്തുക, പൊതുസമൂഹത്തിൽ ആധുനികമായ ജനാധിപത്യാവബോധത്തിലേക്ക് ആനയിക്കുക. ഈ ഇരട്ടദൗത്യത്തിന്റെ നിർവഹണത്തിൽ ജനാധിപത്യശക്തികൾ നേടുന്ന വിജയമാണ് രാഷ്ട്രത്തിന്റെ ഭാവി രൂപപ്പെടുത്തുന്നതിൽ ഏറ്റവും വലിയ പങ്കുവഹിക്കുക. സാമ്രാജ്യത്വവിരുദ്ധ ദേശീയപ്രസ്ഥാനം ആധുനിക ഇന്ത്യക്ക് ജന്മം നൽകിയതുപോലെ പുതിയൊരു ഇന്ത്യയുടെ പിറവിക്ക് വഴിതുറക്കാൻ ഈ ബഹുജനപ്രസ്ഥാനത്തിനു കഴിയും. അതിനായുള്ള പരിശ്രമങ്ങളിലാണ് ഭാവി ഇന്ത്യ നിലകൊള്ളുന്നത്. •


PSCB
പട്ടിത്തറ സർവ്വീസ് സഹകരണ ബാങ്ക്
ക്ലിപ്തം നമ്പർ : പി. 592. ആലൂർ. ഫോൺ : 0466 2373627
ബ്രാഞ്ച് : കക്കാട്ടിരി. ഫോൺ : 0466 2270870
Pattithara.scbltd@gmail.com
എല്ലാവിധ ബാങ്കിംഗ് ഇടപാടുകളും നടത്തുന്നു.
കാർഷിക വായ്പ, സ്വർണ്ണപ്പണയ വായ്പ, വസ്തുപണയ വായ്പ, ഉദ്യോഗസ്ഥന്മാർക്ക് വായ്പ, ബിസിനസ് വായ്പ, വനിതാഗ്രൂപ്പുകൾക്ക് - മൈക്രോ ക്രെഡിറ്റ് വായ്പ, ലിങ്കേജ് വായ്പ, മുറ്റത്തെ മുല്ല വായ്പ എന്നിവ നൽകുന്നു.
നീതി സ്റ്റോറിലൂടെ നിത്യോപയോഗസാധനങ്ങൾ വിതരണം ചെയ്യുന്നു.
വളം ഗോഡൗൺ - ഫാക്ടംഫോസ്, യൂറിയ, പൊട്ടാഷ്, കൂട്ടുവളങ്ങൾ, കുമ്മായം, എല്ലുപൊടി, വേപ്പിൻ പിണ്ണാക്ക് തുടങ്ങിയവ കർഷകർക്ക് വിതരണം ചെയ്യുന്നു.
60 വയസ്സ് തികഞ്ഞവർക്ക് 1/2% (അര ശതമാനം) കൂടുതൽ പലിശ
വെസ്റ്റേൺ യൂണിയൻ മണി ട്രാൻസ്ഫർ സേവനം ലഭ്യമാണ്.
ഇന്ത്യയിലെവിടേക്കും പണമയക്കാവുന്നതും വിദേശത്തുനിന്നും ഇന്ത്യയിൽ എവിടെനിന്നും ബാങ്കിലെ അക്കൗണ്ടിലേക്ക് പണം അയക്കാവുന്നതുമായ RTGS/NEFT/ IMPS, മൊബൈൽ ബാങ്കിംഗ്, കോർ ബാങ്കിംഗ് സൗകര്യം ലഭ്യമാണ്.

പ്രസിഡണ്ട് - കെ.എ. ഷംസു
സെക്രട്ടറി - പി.എം. സന്തോഷ്കുമാർ

# പ്രവാചകനെതിരായ പരാമർശം






പ്രവാചകനെതിരെ ബിജെപി വക്താവ് നൂപുർ ശർമ നടത്തിയ പരാമർശങ്ങൾ വർഗീയ കലാപങ്ങൾക്കടക്കം വഴിവച്ചത് വിമർശിക്കപ്പെട്ടതോടെ തിരുത്താൻ നിർബന്ധിതരായി ബിജെപി നേതൃത്വം. എല്ലാ മതങ്ങളെയും ബിജെപി മാനിക്കുന്നതായി ജനറൽ സെക്രട്ടറി അരുൺ സിങ് പ്രസ്താവനയിൽ പറഞ്ഞു.

പ്രസ്താവനയ്ക്ക് പിന്നാലെ നൂപുർ ശർമയെ സസ്പെൻഡ് ചെയ്യുകയും സമാനമായ വിവാദ പരാമർശം നടത്തിയ ഡൽഹി മാധ്യമ വിഭാഗം തലവൻ നവീൻ ജിണ്ടാലിനെ പുറത്താക്കുകയും ചെയ്തു. പുറത്താക്കലിന് പിന്നാലെ നൂപുർ ശർമ വിവാദ പരാമർശങ്ങൾ പിൻവലിക്കുന്നതായും മതവികാരങ്ങളെ വ്രണപ്പെടുത്താൻ ഉദ്ദേശിച്ചിരുന്നില്ലെന്നും ട്വിറ്ററിൽ കുറിച്ചു.

ഭൂരിപക്ഷ ഹിന്ദുവോട്ടുകൾ പെട്ടിയിലാക്കാൻ മുസ്ലിം വിരുദ്ധനയങ്ങൾ പ്രത്യയശാസ്ത്രമാക്കിയിട്ടുള്ള ബിജെപി, അനുദിനം വിഷലിപ്തമാകുന്ന ഇന്ത്യൻ രാഷ്ട്രീയരംഗത്ത് ഇത്തരം മുസ്ലിം നിന്ദാപ്രഘോഷണങ്ങൾ അതിന്റെ അടിസ്ഥാന നിലപാടാക്കിയിരിക്കുകയാണ്.

എന്നാൽ, ഇത്തവണ പ്രവാചകനെത്തന്നെ അപമാനിച്ചുകൊണ്ട് അത് എല്ലാ പരിധികളും കടന്നിരിക്കുകയാണ്. ഹിന്ദിയിൽ നടത്തുന്ന പ്രാദേശിക രാഷ്ടീയ ചർച്ചകൾ ഹിന്ദി സംസാരിക്കുന്ന ടെലിവിഷൻ പ്രേക്ഷകരെ മാത്രമേ ബാധിക്കൂവെന്ന ധാരണ ഇന്റർനെറ്റിന്റെ കാലത്ത് അപ്പാടെ കാലഹരണപ്പെട്ടതാണ്. ഇന്ത്യയിൽ ഈ പ്രസ്താവനകൾ മുസ്ലിംകൾക്കിടയിൽ വേദനയും രോഷവും സൃഷ്ടിച്ചുവെങ്കിലും സർക്കാർ അതിനെ അപലപിക്കാൻ തയാറായില്ല. എന്നാൽ, ഇസ്ലാമിക രാജ്യങ്ങൾ ഈ സംഭവത്തെക്കുറിച്ചറിയുകയും ശക്തമായ പ്രതിഷേധം പ്രകടിപ്പിക്കുകയും ചെയ്തതോടെ തങ്ങളുടെ ചെയ്തികൾ മറയ്ക്കാനായി സർക്കാരിനു ഇടപെടേണ്ടി വന്നു.

അഞ്ചു ഗൾഫ് രാജ്യങ്ങളും പാക്കിസ്ഥാനും മലേഷ്യയും അവരവരുടെ തലസ്ഥാനങ്ങളിലെ ഇന്ത്യൻ നയതന്ത്ര പ്രതിനിധികളെ വിളിച്ചുവരുത്തി പ്രസ്താവനയ്ക്കെതിരെ രൂക്ഷമായി പ്രതികരിക്കുകയും അവ നടത്തിയവരെ ശിക്ഷിക്കണമെന്ന് ആവശ്യപ്പെടുകയും ചെയ്തു. മറ്റ് ആറു രാജ്യങ്ങൾ സംഭവത്തെ പരസ്യമായി അപലപിച്ചു. രാജ്യം സന്ദർശിക്കുന്ന ഇന്ത്യൻ വൈസ് പ്രസിഡന്റിനുള്ള ഔദ്യോഗികവിരുന്ന് ഖത്തർ റദ്ദാക്കി. ഇന്ത്യയോടു സൗഹൃദത്തിലല്ലാത്ത ഓർഗനൈസേഷൻ ഓഫ് ഇസ്ലാമിക് കോൺഫറൻസ് ഇന്ത്യയെ അപലപിക്കാൻ ഈ അവസരം മുതലാക്കുകയും ഐക്യരാഷ്ട്ര സംഘടനയോട് ഇടപെടാൻ ആവശ്യപ്പെടുകയും ചെയ്തു. 11 ഇസ്ലാമിക രാജ്യങ്ങളിൽ ഇന്ത്യൻ ഉൽപന്നങ്ങൾ ബഹിഷ്കരിക്കാനുള്ള നീക്കങ്ങൾ ഉയർന്നു വന്നു. ഗൾഫ് രാജ്യങ്ങളിൽ തൊഴിലെടുക്കുന്ന കുറെ ഇന്ത്യക്കാർക്കു പിരിച്ചുവിടൽ അറിയിപ്പും ലഭിച്ചു.

പരുക്കു മറയ്ക്കാനും ചേതം കുറയ്ക്കാനുമായി ഇന്ത്യയ്ക്കു കുറെ പാടുപെടേണ്ടിവന്നു. ആക്ഷേപകരമായ പ്രസ്താവനകൾ ഇന്ത്യൻ സർക്കാരിന്റെ

കാഴ്ചപ്പാടല്ലെന്നും അവ പൊതുനിലപാടിൽനിന്നു പുറത്തുള്ളവരുടെ ചെയ്തികളാണെന്നും മുസ്ലിം ലോകത്തോട് ഇന്ത്യ വിശദീകരിക്കുകയായിരുന്നു. രണ്ടു ബിജെപി വക്താക്കളെയും അവരുടെ പദവികളിൽ നിന്നു നീക്കി. ഒരാളെ ഭരണപക്ഷ പാർട്ടിയുടെ അംഗത്വത്തിൽ നിന്നു സസ്പെൻഡ് ചെയ്യുകയും ഒരാളെ പുറത്താക്കുകയും ചെയ്തു. എന്നാൽ ഈ സംഭവം, ബിജെപി സർക്കാർ അഴിച്ചുവിടുകയോ അവഗണിക്കുകയോ ചെയ്യുന്ന മുസ്ലിം വിരുദ്ധ നിലപാടുകളെ ഉയർത്തിക്കാണിക്കുകയും മുസ്ലിം സമൂഹങ്ങളിൽ ഇന്ത്യയുടെ പ്രതിഛായ വല്ലാതെ മോശമാക്കുകയും ചെയ്തു.

ഈ തിരിച്ചടിയും ഇസ്ലാം ലോകത്തു നിന്നുള്ള വിമർശനങ്ങൾക്കു മുന്നിലെ ഉടൻ കീഴടങ്ങലും ഇന്ത്യൻ താൽപര്യങ്ങൾക്കു ഗൾഫ് എത്രമാത്രം സുപ്രധാനമാണ് എന്നു വീണ്ടും ഓർമിപ്പിക്കുകയാണ്. ഇന്ത്യയുടെ പ്രധാന വാണിജ്യ പങ്കാളിയാണു ഗൾഫ്. ഊർജസുരക്ഷയുടെ കാര്യത്തിൽ നമുക്ക് ഒഴിച്ചുകൂടാനാകാത്ത സഹകാരിയാണ്. എഴുപതു ലക്ഷം ഇന്ത്യൻ പ്രവാസികളെ അവരുടെ കുടുംബങ്ങളെ പോറ്റാൻ സഹായിക്കുന്ന തൊഴിൽദാതാവാണ്. പല കോണുകളിൽ നിന്നും പെരുകി വരുന്ന തീവ്രവാദഭീഷണി ചെറുക്കുന്നതിൽ ഇന്ത്യയുടെ സുരക്ഷാപങ്കാളിയെന്ന നിലയിൽ ഗൾഫിന്റെ പ്രസക്തി അനുദിനം വർധിക്കുന്ന സാഹചര്യവുമാണ്. ഇതിനെയെല്ലാം അപകടത്തിലാക്കന്ന തരത്തിലുള്ള ബിജെപിയുടെ പ്രാദേശിക സ്വാർഥ രാഷ്ട്രീയ ജൽപനങ്ങൾ തീർത്തും നിരുത്തരവാദപരമാണ്. മുസ്ലിം രാജ്യങ്ങളുമായും ഗൾഫ് രാജ്യങ്ങളുമായുള്ള നയബന്ധങ്ങൾ ശക്തിപ്പെടുത്താൻ മോദി സർക്കാർ കാര്യമായി ശ്രമിക്കുകയും ഇന്ത്യൻ വിദേശനയത്തിൽ അവരുടെ സ്ഥാനം വളരെ ഉയരത്തിലായിരിക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ പ്രത്യേകിച്ചും.

ഇന്ത്യൻ ശിക്ഷാ നിയമം 295 എ വകുപ്പു പ്രകാരം, 'രാജ്യത്തെ ഏതെങ്കിലും പൗരസമൂഹത്തിന്റെ മതവികാരങ്ങളെ അപമാനിക്കുന്നത്' ക്രിമിനൽ കുറ്റമാണ്. 'എഴുതപ്പെടുകയോ പറയപ്പെടുകയോ ചെയ്യുന്ന വാക്കുകൾകൊണ്ടോ ചിഹ്നങ്ങൾകൊണ്ടോ ഏതെങ്കിലും മതത്തെയോമതവിശ്വാസത്തെയോഅപമാനിക്കുകയോ അതിനുള്ള ശ്രമം നടത്തുകയോ' ചെയ്യുന്നവർക്കെതിരെ പൊലീസ് ശിക്ഷാനടപടി സ്വീകരിക്കേണ്ടതാണ്. എന്നാൽ, ബിജെപിയുടെ വിദ്വേഷവാഹകരായ വക്താക്കളും മാധ്യമങ്ങളിലെ അവരുടെ സഹായികളും ആസ്വദിക്കുന്ന സ്വാതന്ത്ര്യത്തിനു തെളിവാണ്, കേന്ദ്ര സർക്കാരിന്റെ നിയന്ത്രണത്തിലുള്ള ഡൽഹി പൊലീസ് ഇവർക്കെതിരെ ഒരു ചെറുവിരൽ പോലും അനക്കിയില്ല എന്നുള്ളത്. എന്നാൽ ബിജെപി ഇതര സർക്കാരിനു കീഴിലുള്ള മഹാരാഷ്ട്ര പൊലീസ് പ്രവാചകനിന്ദ സംബന്ധിച്ച പരാതികളിൽ കേസുകളെടുക്കുകയുണ്ടായി.•

### അമേരിക്കൻ ആഭ്യന്തരവകുപ്പിന്റെ റിപ്പോർട്ട്

## ഇന്ത്യയിൽ ന്യൂനപക്ഷവേട്ട

ഇന്ത്യയിൽ ന്യൂനപക്ഷങ്ങൾക്കെതിരെ 2021ൽ വ്യാപക അക്രമങ്ങൾ ഉണ്ടായതായി അമേരിക്കൻ ആഭ്യന്തരവകുപ്പിന്റെ റിപ്പോർട്ട്. ന്യൂനപക്ഷവിഭാഗക്കാരെ കൊല്ലുക, കൈയേറ്റം ചെയ്യുക, ഭീഷണിപ്പെടുത്തുക തുടങ്ങിയ സംഭവങ്ങൾ വ്യാപകമായിരുന്നെന്ന് അന്താരാഷ്ട്ര മതസ്വാതന്ത്ര്യത്തെക്കുറിച്ച് യുഎസ് കോൺഗ്രസിന് കൈമാറിയ വാർഷിക റിപ്പോർട്ടിൽ പറയുന്നു.

അമേരിക്കൻ ആഭ്യന്തരമന്ത്രി ആന്റണി ബ്ലിങ്കൺ പുറത്തിറക്കിയ റിപ്പോർട്ടിൽ വിവിധ രാജ്യങ്ങളിലെ മതസ്വാതന്ത്ര്യത്തെപ്പറ്റിയുള്ള വിലയിരുത്തലുണ്ട്. ഇതിൽ ഇന്ത്യയെക്കുറിച്ചുള്ള അധ്യായത്തിലാണ് ന്യൂനപക്ഷവേട്ടയെക്കുറിച്ചുള്ള വിവരങ്ങളുള്ളത്. ഇന്ത്യൻ മാധ്യമങ്ങളുടെ റിപ്പോർട്ടുകൾ, കേന്ദ്രസർക്കാരിന്റെ റിപ്പോർട്ടുകൾ, സർക്കാരേതര ന്യൂനപക്ഷ സംഘടനകളുടെ വിലയിരുത്തലുകൾ തുടങ്ങിയവ റിപ്പോർട്ടിലുണ്ട്. ഹിന്ദുക്കൾക്കും മുസ്ലിങ്ങൾക്കും ഒരേ ഡിഎൻഎയാണെന്ന ആർഎസ്എസ് തലവൻ മോഹൻ ഭാഗവതിന്റെ പരാമർശവും റിപ്പോർട്ടിലുണ്ട്.

എല്ലാ മസ്ജിദുകളിലും ശിവലിംഗം നോക്കിനടക്കുന്നത് എന്തിനാണെന്ന് മോഹൻഭാഗവതിന്റെ പ്രതികരണം കഴിഞ്ഞദിവസം ഉണ്ടായത് അമേരിക്കൻ റിപ്പോർട്ടിന്റെ പശ്ചാത്തലത്തിലാണ്. കാശിയിലെ ജ്ഞാൻവ്യാപി അടക്കം രാജ്യത്തെമ്പാടുമുള്ള മസ്ജിദുകളിലെ ക്ഷേത്രപാരമ്പര്യം അന്വേഷിക്കുന്ന തീവ്രഹിന്ദുത്വവാദികളുടെ നീക്കം ആഗോളതലത്തിൽ രാജ്യത്തിന് നാണക്കേടായി മാറിയ സാഹചര്യത്തിലാണ് ആർഎസ്എസിന്റെ ചുവടുമാറ്റം. അതേസമയം, മതസ്വാതന്ത്ര്യത്തെ സംബന്ധിച്ച യുഎസ് റിപ്പോർട്ട് ഇന്ത്യ തള്ളി. അമേരിക്കയിലെ വർധിച്ചുവരുന്ന വിദ്വേഷ അതിക്രമങ്ങളിലും 'തോക്ക് ഹിംസയിലും' വലിയ ആശങ്കയുണ്ടെന്നും തിരിച്ചടിച്ചു.

# സംഘപരിവാർ അജൻഡ : മുഖ്യമന്ത്രി



സംഘപരിവാർ ഇന്ത്യയെ ലോകത്തിന് മുന്നിൽ നാണംകെടുത്തുകയാണെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. കഴിഞ്ഞ ദിവസം ബിജെപി വക്താക്കളിൽ നിന്നും പ്രവാചകനെതിരെയുണ്ടായ വർഗീയവിഷം ചീറ്റുന്ന അധിക്ഷേപങ്ങൾ ഇതിലെ പുതിയ അധ്യായമാണെന്നും മുഖ്യമന്ത്രി പ്രസ്താവനയിൽ പറഞ്ഞു.

മുസ്ലീം സമൂഹത്തെ അപരവൽക്കരിക്കുന്ന ഹിന്ദുത്വവർഗീയ രാഷ്ട്രീയം സാമൂഹ്യഭദ്രതയും സാമ്പത്തിക കെട്ടുറപ്പും ഇല്ലാതാക്കുകയാണ്. തലതിരിഞ്ഞ സാമ്പത്തിക നയങ്ങൾ സൃഷ്ടിക്കുന്ന പ്രയാസങ്ങൾക്ക് പുറമേയാണിത്.

അനേകലക്ഷം ഇന്ത്യാക്കാർക്ക് തൊഴിൽ നൽകുകയും നമ്മുടെ സമ്പദ്‌വ്യവസ്ഥയിലും പുരോഗതിയിലും നിർണായക സംഭാവനകൾ നൽകുകയും ചെയ്യുന്ന നിരവധി ഇസ്ലാമിക രാഷ്ട്രങ്ങൾ ബിജെപിയുടെയും സംഘപരിവാറിന്റെയും വെറുപ്പിന്റെ രാഷ്ട്രീയത്തിനെതിരെ ശബ്ദമുയർത്തിയിരിക്കുന്നു. പ്രവാചക അധിക്ഷേപം സംഘപരിവാർ അജൻഡയാണ്.

മുസ്ലീങ്ങളെയും ക്രൈസ്തവരെയും കമ്യൂണിസ്റ്റുകാരെയും ആഭ്യന്തര ശത്രുക്കളായി കാണുന്ന ഗോൾവാൾക്കർ ചിന്തയാണ് ബിജെപി നേതാവിന്റെ വാക്കുകളിലും. ഇഷ്ടമുള്ള മതത്തിൽ വിശ്വസിക്കാൻ അവകാശം നൽകുന്ന ഭരണഘടനയെ തീർത്തും അവഗണിക്കുകയാണ്.

മതേതര പാരമ്പര്യത്തെ അപകടപ്പെടുത്തുന്ന നികൃഷ്ട ശ്രമങ്ങൾക്ക് തടയിടാനും വിദ്വേഷ പ്രചാരകരെ ശിക്ഷിക്കാനും കേന്ദ്രം നടപടിയെടുക്കണം. വർഗീയ ശക്തികളെ പൊതുസമൂഹം ഒറ്റക്കെട്ടായി എതിർക്കണമെന്നും അത് നാടിന്റെ ഭാവിക്ക് അനിവാര്യതയാണെന്നും മുഖ്യമന്ത്രി പറഞ്ഞു.

ആശംസകളോടെ:
ഒറ്റപ്പാലം കോ– ഓപ്പറേറ്റീവ് മാർക്കറ്റിംഗ്
സൊസൈറ്റി ലിമിറ്റഡ് നമ്പർ പി. 526
(Near Semalk Hospital, Kanniyampuram)
ഒ.സി.എം.എസ്
ഫിഷ് മാർട്ട്
പ്രവർത്തനസമയം: 7.30 am to 7.30 pm

HOME DELIVERY
ഡോർ ഡെലിവറി സൗകര്യം ലഭ്യമാണ്.
അന്വേഷണങ്ങൾക്കും ബുക്കിംഗിനും: 9495994389

# കാശ്മീർ കൊലക്കളമാക്കി കേന്ദ്രസർക്കാർ

കശ്മീരിൽ സമാധാനം ഉറപ്പാക്കുന്നതിൽ കേന്ദ്ര സർക്കാർ പരാജയപ്പെട്ടതിന് പിന്നാലെ പ്രാണരക്ഷാർഥം ജമ്മുവിലേക്ക് മടങ്ങുന്നവരെ വഴിയിൽ തടഞ്ഞ് സുരക്ഷാസേന. ജീവഭയംകൊണ്ട് രക്ഷപ്പെടുന്നവരെ ശ്രീനഗർ ജമ്മു ദേശീയപാതയിലെ ചെക്ക് പോസ്റ്റുകളിലാണ് തടയുന്നത്. ആളുകൾ തിരികെ പോകാൻ വിസമ്മതിച്ചതോടെ സ്ഥിതി കൂടുതൽ വഷളായി. സമാധാനം ഉറപ്പാക്കാനാണെന്ന പേരിൽ കശ്മീരിന്റെ പ്രത്യേകാധികാരം റദ്ദാക്കിയ കേന്ദ്ര സർക്കാർ നടപടികളാണ് ഇപ്പോഴത്തെ സാഹചര്യം സൃഷ്ടിച്ചതെന്ന വിമർശം ശക്തമായി. ഇതിനിടയിൽ പലായനം തടയാൻ പ്രധാനമന്ത്രി പുനരധിവാസ പദ്ധതിയിൽ ജോലി ലഭിച്ച 177 അധ്യാപകർക്ക് താഴ്വരയിൽത്തന്നെയുള്ള 'സുരക്ഷിത സ്ഥലങ്ങളിലേക്ക് ' സ്ഥലംമാറ്റം അനുവദിച്ച് മുഖ്യ വിദ്യാഭ്യാസ ഓഫീസർ ഉത്തരവിറക്കുകയുണ്ടായി.

സുരക്ഷിത സ്ഥലങ്ങളിലേക്ക് മാറ്റം അനുവദിക്കാതായതോടെയാണ് ജീവനക്കാർ ജമ്മുവിലേക്ക് പലായനം ചെയ്യുന്നത്. തിരിച്ചറിയൽ രേഖ പരിശോധിച്ച് പണ്ഡിറ്റുകൾ, ഡോഗ്ര വിഭാഗക്കാർ, അതിഥിത്തൊഴിലാളികൾ, ദളിത് ഹിന്ദു തുടങ്ങിയവരെ തിരിച്ചയക്കുകയാണ്. പണ്ഡിറ്റുകളുടെ സമരസമിതി ഒരുക്കിയ ട്രക്കുകളിലും സ്വകാര്യ വാഹനങ്ങളിലുമായാണ്പലായനം. ഇതിനോടകം നാനൂറിനടുത്ത് പണ്ഡിറ്റ് കുടുംബം ജമ്മുവിലെ ജഗ്തി ക്യാമ്പിൽ എത്തിയെന്നാണ് റിപ്പോർട്ട്. ആത്യാവശ്യകാര്യങ്ങൾക്ക് കുടുംബാംഗങ്ങൾക്കൊപ്പം വീട്ടിൽ നിന്നിറങ്ങിയാൽപ്പോലും തടയുകയാണെന്ന് പണ്ഡിറ്റ് വിഭാഗത്തിൽനിന്നുള്ള അശ്വനി സാധു വെളിപ്പെടുത്തി. ശ്രീനഗറിലെ ഇന്ദിരാ നഗർ ക്യാമ്പിന് ചുറ്റും ബാരിക്കേഡ് നിരത്തിയ ചിത്രങ്ങൾ പങ്കുവച്ച് ശ്വേതാ ഭട്ട് എന്ന യുവതി കശ്മീർ നരകമായെന്നും പരാജയപ്പെട്ട സർക്കാരാണ് ഇവിടെയുള്ളതെന്നും ആരോപിച്ചു.

1989–90ലെ തെരഞ്ഞുപിടിച്ചുള്ള കൊലപാതക പരമ്പരക്കുശേഷം പണ്ഡിറ്റുകളെ ഭീകരരോ



തദ്ദേശീയ റാഡിക്കൽ മുസ്ലിം ഗ്രൂപ്പുകളോ വ്യാപകമായി ആക്രമിക്കുന്ന അവസ്ഥ 2019വരെ ഉണ്ടായിരുന്നില്ല.എന്നാൽ, ആർട്ടിക്കിൾ 370 റദ്ദാക്കുകയും 'ജമ്മു കശ്മീർ റീഓർഗനൈസേഷൻ ആക്ട് 2019 ' പാർലമെന്റ് പാസ്സാക്കുകയും ചെയ്തതോടെയാണ് റാഡിക്കൽ മുസ്ലിംഗ്രൂപ്പുകൾ പുനരധിവസിപ്പിക്കപ്പെട്ട പണ്ഡിറ്റുകൾക്കും ഉത്തരേന്ത്യൻ തൊഴിലാളികൾക്കും എതിരായ ആക്രമണങ്ങൾ ആരംഭിച്ചത്. കശ്മീർ താഴ്വരയുടെ ജനസംഖ്യയിൽ മാറ്റം വരുത്താനുള്ള നടപടികളാണ് ലഫ്റ്റനന്റ് ഗവർണറുടെ ഭരണകൂടം, കേന്ദ്ര സർക്കാരിന്റെ ഒത്താശയോടെ നടപ്പാക്കുന്നതെന്ന ആശങ്ക പൊതുവിൽ കശ്മീരികൾക്ക് ഉണ്ടായിട്ടുണ്ട് . 2011 സെൻസസ് പ്രകാരം 3000 കശ്മീരി ഹിന്ദു കുടുംബമാണ് താഴ്വരയിൽ സ്ഥിരതാമസമാക്കിയിട്ടുള്ളത്. 2019നുശേഷം 2340 കുടുംബത്തിന് സ്ഥിരവാസ സർട്ടിഫിക്കറ്റ് നൽകിയെന്ന് കണക്കുകൾ സൂചിപ്പിക്കുന്നു. ഉത്തരേന്ത്യൻ തൊഴിലാളികളെ കുടുംബസമേതം താഴ്വരയിൽ കുടിയിരുത്തുന്നത് കശ്മീരിലെ മുസ്ലിം ഭൂരിപക്ഷം കുറയ്ക്കാനുള്ള നടപടിയാണെന്ന് മുസ്ലിം ഗ്രൂപ്പുകൾക്കൊപ്പം നാഷണൽ കോൺഫറൻസ്, പി ഡി പി തുടങ്ങിയ മുഖ്യധാരാ രാഷ്ട്രീയ പാർടികളും ആരോപണം ഉയർത്തി.

ഈ സാഹചര്യം മുതലെടുത്ത് ലഷ്കറെ തയ്ബ, ലഷ്കറെ ഇസ്ലാം തുടങ്ങിയ ഭീകരവാദി ഗ്രൂപ്പുകൾ പുതിയ ജിഹാദിന് തുടക്കം കുറിച്ചു. ഭീകരവാദികളുടെ പേരിൽ കുൽഗാം, ബുദ്ഗാം, ഗന്ധേർബൽ, ബാരാമുള്ള, അനന്തനാഗ് തുടങ്ങിയ ജില്ലകളിൽ വ്യാപകമായി ഹിന്ദു കുടുംബങ്ങൾക്ക് ഭീഷണിക്കത്തുകൾ ലഭിക്കുന്നുണ്ട്. പുൽവാമയിലെ ഹവാൽ ട്രാൻസിറ്റ് അക്കോമഡേഷൻ നിവാസികൾ ഇരുപതിനാല് മണിക്കൂറിനകം കശ്മീർ വിട്ടുപോകണമെന്ന് ലഷ്കറെ ഇസ്ലാം എന്ന ഭീകരസംഘടന ആവശ്യപ്പെട്ടിരിക്കുകയാണ്.

ചുരുങ്ങിയ കാലത്തേക്ക് വർഗീയതയുടെ വേലിയേറ്റം സൃഷ്ടിക്കാൻ ജെകെഎൽഎഫിനു കഴിഞ്ഞെങ്കിലും കശ്മീർ സിവിൽ സമൂഹത്തെ വർഗീയവൽക്കരിക്കാൻ അവർക്ക് കഴിഞ്ഞില്ല. ഭീകരരും മുസ്ലിം വർഗീയവാദികളും സൂക്ഷ്മ ന്യൂനപക്ഷമായി തുടരുകയാണുണ്ടായത്. എന്നാൽ, സമീപകാലത്ത് 'ഹിന്ദു വംശഹത്യ ' എന്ന വാദവും അത് സൃഷ്ടിക്കുന്ന വൈകാരിക വേലിയേറ്റവും കശ്മീർ മുസ്ലിം ജനതയെ അരക്ഷിതത്വത്തിലേക്ക് തള്ളിവിടുകയാണ്. ഇതോടൊപ്പം പലായനം ചെയ്ത പണ്ഡിറ്റുകളെ പുനരധിവസിപ്പിക്കുന്ന സർക്കാർ പരിപാടിയുടെ മറവിൽ ഉത്തരേന്ത്യയിൽനിന്ന് ഹിന്ദുത്വവാദികളെ താഴ്വരയിൽ സ്ഥിരവാസത്തിന് അവസരമൊരുക്കുന്നുവെന്ന ആശങ്ക സാധാരണ കശ്മീരികൾ പങ്കുവയ്ക്കുന്നുണ്ട്. മണ്ഡല പുനർനിർണയത്തിൽ ജമ്മു മേഖലയിൽ കൂടുതൽ മണ്ഡലങ്ങൾ അനുവദിച്ചതുംലെഫ്റ്റനെന്റ് ഗവർണറുടെ അമിതാധികാര പ്രയോഗങ്ങളുംകാശ്മീരി മുസ്ലിംകളുടെ ആശങ്ക പടർത്തിയിട്ടുണ്ട്.

'നമുക്ക് സുഹൃത്തുക്കളെ മാറ്റാം, പക്ഷേ അയൽക്കാരനെ മാറ്റാനാകില്ല' എന്ന ചൊല്ല് കശ്മീരിന്റെ കാര്യത്തിൽ പ്രസക്തമാണ്. അയൽക്കാരായ മുസ്ലിം സഹോദരങ്ങൾ ഹിന്ദുക്കൾക്കും ഹിന്ദുക്കൾ മുസ്ലിങ്ങൾക്കും സുരക്ഷയൊരുക്കുന്ന സാഹചര്യം സൃഷ്ടിക്കാതെ സമൂഹത്തിന് മുന്നോട്ടു പോകാൻ കഴിയില്ല.


ആശംസകളോടെ...

മണ്ണൂർ സർവ്വീസ് സഹകരണ ബേങ്ക് ക്ലിപ്തം നമ്പർ : എഫ് 1582

മണ്ണൂർ പി.ഒ., പാലക്കാട് 678642. ഫോൺ – 0491 2872335

MOB-7593149455 EMAIL- pkdmannurscb1@gmail.com

- മിതമായ നിരക്കിൽ വിവിധയിനം വായ്പകൾ
- നിക്ഷേപങ്ങൾക്ക് ആകർഷകമായ പലിശ നിരക്ക്
- പണം എവിടേക്കും അയക്കുവാൻ NEFT/RTGS സൗകര്യം
- സേഫ് ഡെപ്പോസിറ്റ് ലോക്കർ
- വിവിധ സലകളിലുള്ള MBS ചിട്ടികൾ
- ഉത്സവകാല വിപണികൾ

'മണ്ണൂരിന്റെ സ്വന്തം ബാങ്ക്...'

പ്രസിഡന്റ്
കെ .സൈതലവി
9400773117

സെക്രട്ടറി ഇൻ ചാർജ്
ഭരത്. എസ്
9037674121

## രണ്ടാം ഇടതുപക്ഷ സർക്കാർ ഒരു വർഷം പൂർത്തിയാക്കുമ്പോൾ

# വാഗ്ദാനങ്ങൾ പാലിച്ചുകൊണ്ട് ഉറപ്പോടെ മുന്നോട്ട്

**ലോകത്തോളം വളർന്നതാണ് അതിജീവനത്തിന്റെ, വികസനക്കുതിപ്പിന്റെ, ഒരുമയുടെ, സാഹോദര്യത്തിന്റെ, മതേതരത്വത്തിന്റെ, മാനവികതയുടെ തുരുത്തായി മാറുന്ന കേരളത്തിന്റെ മാതൃക. 60 കൊല്ലം പിന്നിട്ട സംസ്ഥാന ചരിത്രത്തിൽ ആരോഗ്യം, വിദ്യാഭ്യാസം, ജീവിതനിലവാരം, കൃഷി, വ്യവസായം ഉൾപ്പെടെയുള്ള എല്ലാ മേഖലകളിലും ആറുവർഷമായി രണ്ട് ഇടതുപക്ഷ സർക്കാരുകളുടെ കീഴിൽ അഭൂതപൂർവ്വമായ വികസനത്തിനാണ് കേരളം സാക്ഷ്യം വഹിക്കുന്നത്. ഈ വികസന കുതിപ്പിന് അംഗീകാരമായിട്ടാണ് കേരള ജനത ചരിത്ര ഭൂരിപക്ഷത്തോടെ ഇടതുപക്ഷത്തെ വീണ്ടും അധികാരമേൽപ്പിച്ചത്. ഒരു വർഷം കൊണ്ട് രണ്ടാം ഇടതുപക്ഷ സർക്കാർ നടപ്പിലാക്കിയ വികസന/ജനക്ഷേമ പദ്ധതികളിലേയ്ക്ക് ഒരു തിരിഞ്ഞുനോട്ടം.**

### കേരളം ഒന്നാണ്

നീതി ആയോഗ് സൂചികയിൽ കേരളത്തിന്റെ ആരോഗ്യമേഖലയ്ക്ക് ഒന്നാം സ്ഥാനം.
പൊതു ഭരണ സൂചികയിൽ ഏറ്റവും മികച്ച സംസ്ഥാനം.
ലൈഫിന് ഹഡ്കൊയുടെ ദേശിയ അംഗീകാരം.
ഭക്ഷ്യസുരക്ഷാ സൂചികയിൽ ദേശീയ തലത്തിൽ രണ്ടാം സ്ഥാനം.
ഇൻഡ്യാ ടുഡേ സർവ്വേയിൽ ഏറ്റവും സന്തുഷ്ടമായ സംസ്ഥാനം.
എല്ലാവർക്കും കൂരയൊരുക്കാൻ ലൈഫ് പദ്ധതി. രണ്ടാം പിണറായി സർക്കാരിന്റെ ആദ്യ വർഷം പൂർത്തിയാകുമ്പോൾ ലൈഫിൽ അടച്ചുറപ്പുള്ള വീട് ലഭിച്ചവർ മൂന്നു ലക്ഷത്തിലേക്ക്. ഒന്നാം




വാർഷികാഘോഷത്തിന്റെ ഭാഗമായി 28,808 വീടിന്റെ താക്കോൽ കൂടി 2022 മെയ് 17ന് കൈമാറിയപ്പോൾ വീടുകൾ 2,95,006 ആയി. 34,374 വീടുകളുടെയും 24 ഭവന സമുച്ചയങ്ങളിൽ നാലെണ്ണത്തിന്റെയും നിർമ്മാണം അന്തിമഘട്ടത്തിലാണ്. ലൈഫ് ഭവന പദ്ധതിയുടെ രണ്ടാം ഘട്ടം നടപ്പിലാക്കുന്നതിന്റെ ഭാഗമായി 5,01,652 ഗുണഭോക്താക്കളുടെ കരട് പട്ടിക പ്രസിദ്ധീകരിച്ചു കഴിഞ്ഞു.
ഭൂരഹിതരും ഭവനരഹിതരുമായ മുഴുവൻ കുടുംബങ്ങൾക്കും ഭൂമിയും വീടും കണ്ടെത്താനുള്ള 'മനസ്സോടിത്തിരി മണ്ണിൽ' 13 ഇടത്തായി ഇതിനകം 926.75 സെന്റ് ലഭിച്ചു. 30 സ്ഥലത്ത് 830.80 സെന്റ് വാഗ്ദാനമുണ്ട്. ആയിരം പേർക്ക് ഭൂമി നൽകാൻ 25 കോടി രൂപയുടെ സ്പോൺസർഷിപ്പും ലഭിച്ചു.

## ആരോഗ്യരംഗത്ത് അഭിമാനകരമായ മുന്നേറ്റങ്ങൾ

ആശുപത്രികൾ ജനസൗഹൃദമാക്കുക, രോഗിയുമായി ബന്ധപ്പെട്ട ചിലവുകൾ ചുരുക്കുക, ആരോഗ്യകരമായ ജീവിതത്തിനായി ജനകീയ പങ്കാളിത്തത്തോടെ അവബോധം സൃഷ്ടിക്കുക എന്നീ ലക്ഷ്യങ്ങളോടെ നവകേരളം കർമ്മപദ്ധതി ആർദ്രം രണ്ട് മിഷൻ ആവിഷ്കരിച്ചു നടപ്പക്കിവരുന്നു.

ആശുപത്രിയിൽ ചെല്ലാതെ വീട്ടിൽ തന്നെ സൗജന്യമായി ഡയാലിസിസ് ചെയ്യാൻ കഴിയുന്ന പെരിറ്റോണിയൽ ഡയാലിസിസ് പദ്ധതി 11 ജില്ലകളിൽ ആരംഭിച്ചു. കഴിഞ്ഞ ഒരു വർഷം കൊണ്ട് 107 സർക്കാർ ആശുപത്രികളിൽ ഈഹെൽത്ത് സജ്ജമാക്കി. ഇതോടെ പിന്നിട്ട ആറ് വർഷങ്ങളിൽ ഈ ഹെൽത്ത് നിലവിൽ വന്ന ആശുപത്രിയുടെ എണ്ണം 350 ആയി.

സംസ്ഥാനത്ത് ആദ്യമായി ക്യൂ നിൽക്കാതെ വെബ് പോർട്ടൽ വഴി ആശുപത്രികളിൽ ഈ ഹെൽത്ത് സജ്ജമാക്കി. പ്രധാനപ്പെട്ട ആശുപത്രികളിൽ എല്ലാദിവസവും തിരഞ്ഞെടുക്കപ്പെട്ട ദിവസങ്ങളിൽ എല്ലാ ആശുപത്രികളിലും പോസ്റ്റ് കോവിഡ് ക്ലിനിക്കുകൾ.

**രണ്ടാം ഇടതുപക്ഷ സർക്കാർ ഒരു വർഷം പൂർത്തിയാക്കുമ്പോൾ**



## തൊഴിലെടുക്കാം അന്തസ്സായി

രണ്ടാം പിണറായി സർക്കാർ പിന്നിട്ടത് സമസ്ത മേഖലകളിലേയും തൊഴിലാളികൾക്ക് ക്ഷേമം ഉറപ്പാക്കിയതിനോടൊപ്പം തൊഴിലാളി തൊഴിലുടമ ബന്ധത്തിന് പുതിയ മാനം നൽകുകയുംകൂടി ചെയ്ത ഒരു വർഷം.

തോട്ടം തൊഴിലാളികളുടെ പെൻഷൻ പ്രായം 60 ആക്കി.

- സർക്കാരിന്റെ ഓൺലൈൻ ടാക്സി സംവിധാനം 'കേരള സവാരി'.
- തൊഴിൽ തർക്കങ്ങളും സംശയങ്ങളും പരിഹരിക്കുന്നതിന് തൊഴിൽ സേവ ആപ്പ്.
- അതിഥി തൊഴിലാളികളുടെ വിവരശേഖരണത്തിനായി കേരള അതിഥി മൊബൈൽ ആപ്പ്.
- സുരക്ഷിത പാർപ്പിടത്തിനായി ആലയ്, അപ്നാ ഘർ പദ്ധതികൾ. സൗജന്യ ഇൻഷുറൻസ് പദ്ധതി ഏർപ്പെടുത്തിയ ഇന്ത്യയിലെ ഏക സംസ്ഥാനം.
- ഓൺലൈൻ രജിസ്ട്രേഷന് അതിഥി ആപ്പ്.
- 17 തൊഴിൽ മേഖലകളിലെ മികച്ച തൊഴിലാളികൾക്ക് തൊഴിലാളി ശ്രേഷ്ഠ പുരസ്കാരം.
- മികച്ച തൊഴിലിടങ്ങൾക്ക് മുഖ്യമന്ത്രിയുടെ എക്സലൻസ് പുരസ്കാരം.
- സ്ത്രീ തൊഴിലാളികൾക്കായി സഹജ കോൾ സെന്റർ.

## വിളിപ്പാടരികെ കെ-ഫോൺ




ഇൻറർനെറ്റ് വേഗതയും കൃത്യതയും പല മടങ്ങ് വർദ്ധിപ്പിച്ചുകൊണ്ട് തൃശ്ശൂർ മാടക്കത്തറ ഗവൺമെന്റ് ഹോമിയോ ആശുപത്രിയിൽ കെ ഫോൺ എത്തി. ജില്ലയിലെ മറ്റ് നിരവധി സർക്കാർ സ്ഥാപനങ്ങളിൽ കേബിൾ കണക്ഷൻ നൽകി. സംസ്ഥാനത്തെ 140 നിയോജക മണ്ഡലങ്ങളിലും 5000 വീടുകളിലേക്കും കണക്ഷൻ നടപടി പുരോഗമിക്കുകയാണ്.

## അഭ്യസ്തവിദ്യർക്ക് കൂടുതൽ തൊഴിലവസരങ്ങൾ




കേരളത്തിലെ 18നും 59നും ഇടയിൽ പ്രായമുള്ള അഭ്യസ്തവിദ്യർക്ക് ആഗോള തൊഴിൽ കമ്പോളത്തിൽ നിന്ന് തങ്ങളുടെ നൈപുണ്യത്തിനും താൽപര്യത്തിനും അനുസൃതമായ തൊഴിൽ കണ്ടെത്തുന്നതിനുള്ള അവസരവും ഇടവും ഒരുക്കുന്നതിനായി വിജ്ഞാന സമ്പദ്ഘടനാ മിഷൻ പദ്ധതി. വിവിധ കാരണങ്ങളാൽ തൊഴിലിൽ ഇടവേള വന്ന സ്ത്രീകൾ, തൊഴിൽ ഉപേക്ഷിച്ച് നാട്ടിൽ എത്തിയ പ്രവാസികൾ തുടങ്ങിയവർക്കും പദ്ധതിയിൽ ചേരാം. സ്വയം മെച്ചപ്പെടാനും നൈപുണ്യം വർദ്ധിപ്പിക്കുന്നതിനും പരിശീലനം. ലോകമെമ്പാടുമുള്ള തൊഴിൽദാതാക്കളുമായി തൊഴിലന്വേഷകരെ ബന്ധിപ്പിക്കുകയും അനുയോജ്യമായ തൊഴിൽ നേടാൻ സഹായിക്കുകയും ചെയ്യുന്നു. കേരള ഡെവലപ്മെന്റ് ആന്റ് ഇന്നോവേഷൻ സ്ട്രാറ്റജിക് കൗൺസിലാണ് (K–Disk) പദ്ധതി നടപ്പാക്കുന്നത്.

## കേന്ദ്രം കൈയൊഴിഞ്ഞ പൊതുമേഖലാ സ്ഥാപനം കേരളത്തിന്റെ സ്വന്തം കടലാസ് നിർമ്മാണ കമ്പനിയായി

കേന്ദ്ര സർക്കാർ വിൽക്കുവാൻ തീരുമാനിച്ച, മൂന്നു വർഷമായി അടഞ്ഞുകിടക്കുന്ന കോട്ടയത്തെ വെള്ളൂരിലെ ഹിന്ദുസ്ഥാൻ ന്യൂസ് പ്രിൻറ് ലിമിറ്റഡിനെ (HNL) നിരവധി പ്രതിബന്ധങ്ങളെ മറികടന്ന് ഏറ്റെടുത്ത് കേരള പേപ്പർ പ്രോഡക്റ്റ് ലിമിറ്റഡ് എന്ന സ്വന്തം പേപ്പർ കമ്പനി സ്ഥാപിച്ച നടപടി ഇടതുപക്ഷ സർക്കാരിന്റെ പൊതുമേഖലാ സംരക്ഷണ നയം വാക്കിൽ മാത്രമല്ല എന്ന് ഒരിക്കൽ കൂടി തെളിയിച്ചു. കമ്പനിയുടെ 700 ഏക്കർ സ്ഥലത്ത് സ്ഥലത്ത് ഇൻഡസ്ട്രിയൽ പാർക്കും കേരള റബ്ബർ ലിമിറ്റഡും (KRL) വരുന്നതോടുകൂടി നാടിന്റെ മുഖച്ഛായ മാറും. 1200 കോടി രൂപ ചിലവിട്ടാണ് വികസന പദ്ധതി നടപ്പാക്കുന്നത്. നിലവിൽ HNLൽ കമ്പനിയിൽ 252 ജീവനക്കാരാണുള്ളത്. ഉള്ളത്. ഭാവിയിൽ 3000 പേർക്ക് തൊഴിൽ നൽകും. നേരിട്ടും അല്ലാതെയും വലിയ തൊഴിൽ സാധ്യതകളാണ് KRL–ഉം തുറക്കുക.



## രണ്ടാം ഇടതുപക്ഷ സർക്കാർ ഒരു വർഷം പൂർത്തിയാക്കുമ്പോൾ

### പുതുപുത്തനാകുന്ന പാതകൾ

- തലപ്പാടി മുതൽ കഴക്കൂട്ടം വരെ ദേശീയപാത 66 ആറു വരിയാക്കാനുള്ള പ്രവർത്തനം അതിവേഗം പുരോഗമിക്കുന്നു.
- വിഴിഞ്ഞം മുതൽ പാരിപ്പള്ളി വരെയുള്ള തിരുവനന്തപുരം ഔട്ടർ റിംഗ് റോഡ് പദ്ധതിക്ക് കേന്ദ്ര അംഗീകാരം നേടിയെടുത്തു. സ്ഥലം ഏറ്റെടുക്കലിന്റെ 50% ചിലവ് സംസ്ഥാന സർക്കാരാണ് വഹിക്കുന്നത്.
- മലയോര തീരദേശ ഹൈവേകളുടെ നിർമ്മാണം അതിവേഗം പുരോഗമിക്കുന്നു.
- അറ്റകുറ്റപ്പണികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ പൊതുമരാമത്ത് വകുപ്പിൽ കോൺട്രാക്ട് സംവിധാനം നടപ്പിലാക്കി.
- പ്രധാന റോഡുകളുടെ പരിപാലനം 7 വർഷത്തേക്ക് ഉറപ്പാക്കുന്ന ഓ പി ബി ആർ സി സംവിധാനം നിലവിൽ വന്നു.
- തൃശ്ശൂർ കുതിരാൻ തുരങ്കപാത പൂർത്തിയാക്കി തുറന്നുകൊടുത്തു.
- പൊതുമരാമത്ത് വകുപ്പിന്റെ എല്ലാ പ്രവർത്തനങ്ങളുടെയും വിവരങ്ങൾ ഒറ്റ ക്ലിക്കിന് ലഭ്യമാക്കുന്ന 'തൊട്ടറിയാം പി ഡബ്ല്യു ഡി' സംവിധാനം പ്രവർത്തനമാരംഭിച്ചു.






- ഭാരതമാല പരിയോജന പദ്ധതിയിൽ 895 കിലോമീറ്റർ വരുന്ന 7 റോഡുകളുടെ നവീകരണം.
- 12 റോഡുകൾ കൂടി ദേശീയപാത നിലവാരത്തിലേക്ക് വികസിപ്പിക്കുവാൻ അനുമതി.
- പൊതുമരാമത്ത് റസ്റ്റ് ഹൗസുകളിൽ ഓൺലൈൻ ബുക്കിംഗ് സംവിധാനം.
- പുനർജീവിപ്പിക്കപ്പെടുന്ന പഴയ ജലപാതകൾ.
- മൂന്നു ഘട്ടങ്ങളായി 6000 കോടി രൂപ ചെലവിൽ പൂർത്തിയാക്കാൻ ലക്ഷ്യമിടുന്ന കോവളംബേക്കൽ സംസ്ഥാന ജലപാതയുടെ നിർമ്മാണം പുരോഗമിക്കുന്നു. ഇതിന്റെ ഭാഗമായി ഒഴുക്ക് തുടരാനായി മാഹിവളപട്ടണം പുഴകളിക്കിടയിൽ മൂന്നും, നീലേശ്വരം ചിത്താരിപ്പുഴകൾ ക്കിടയിൽ ഒന്നും കൃത്രിമക്കനാലുകൾ നിർമ്മിക്കും.

### സിൽവർലൈൻ പദ്ധതി പൂർത്തിയാക്കാൻ നിശ്ചയദാർഢ്യത്തോടെ

കേരളത്തിന്റെ ഒരറ്റത്തുനിന്ന് മറ്റേ അറ്റം വരെയുള്ള യാത്ര സമയം നാലു മണിക്കൂറായി ചുരുക്കുന്ന സിൽവർ ലൈൻ പദ്ധതി പ്രതിപക്ഷത്തിന്റെ വികസനവിരുദ്ധ സമീപനത്തെ തുറന്നുകാട്ടിക്കൊണ്ട് ജനപിന്തുണയോടെ നടപ്പിലാക്കാനുള്ള ശ്രമങ്ങൾ പുരോഗമിക്കുന്നു.

# രണ്ടാം ഇടതുപക്ഷ സർക്കാർ ഒരു വർഷം പൂർത്തിയാക്കുമ്പോൾ

## കേരള ബദലിന്റെ പ്രസക്തി വർദ്ധിക്കുന്നു



- ജനങ്ങൾക്ക് ദുരിതം മാത്രം സമ്മാനിച്ച കോവിഡിന്റെയും തുടർന്നുള്ള അടച്ചുപൂട്ടലിന്റെയും സമയത്ത് എല്ലാ മേഖലകളിലും കൈത്താങ്ങായി നിന്നുകൊണ്ട് രാജ്യത്തിന്റെ പൊതു സ്ഥിതിയിൽ നിന്ന് വ്യത്യസ്തമായ മാതൃക കേരളത്തിൽ തീർക്കുവാൻ ഇടതുപക്ഷ സർക്കാരിനായി.
- ക്ഷേമ പെൻഷനുകളുടെ കൃത്യമായ വിതരണം ഉൾപ്പെടെ ജനങ്ങളുടെ കയ്യിൽ പണം നേരിട്ട് എത്തിക്കുന്ന പരിപാടിയിൽ കഴിഞ്ഞ ഒരു വർഷത്തിൽ 9018 കോടി രൂപ വിതരണം ചെയ്തു.
- കോവിഡ് മൂലം മരിക്കുന്ന ബിപിഎൽ കുടുംബത്തിലെ പ്രധാന വരുമാനക്കാരുടെ ആശ്രിതർക്ക് മൂന്നുവർഷം പ്രതിമാസം രൂപ വീതം നൽകുന്നു.
- 20,000 പേർക്ക് പിഎസ്സി വഴി നിയമന ശുപാർശ നൽകി.
- ജനകീയ ഹോട്ടലുകൾക്ക് അടിയന്തര ധന സഹായം 30 കോടി രൂപ.
- കെഎഫ്സി വഴി അഞ്ചുവർഷത്തിൽ 2500 ചെറുകിടഇടത്തരം വ്യവസായ സംരംഭങ്ങൾ.
- കേരളത്തെ സാമൂഹ്യ നീതിയിൽ അധിഷ്ഠിതമായ വിജ്ഞാന സമ്പദ്ഘടനയായും മിത വരുമാന സംസ്ഥാനമായും മാറ്റി തീർക്കുവാനുള്ള ദൗത്യം യാഥാർഥ്യമാക്കുന്നതിനുള്ള കരുത്തുറ്റ പ്രവർത്തനങ്ങളുമായി മുന്നേറുകയാണ് ഇടതുപക്ഷ സർക്കാർ.

### കുതിക്കുന്ന ഐടി മേഖല

- കോവിഡ് പ്രതിസന്ധിയിലും സംസ്ഥാനത്തെ മൂന്ന് ഐ ടി പാർക്കുകളിൽ 10,400 തൊഴിലവസരങ്ങൾ സൃഷ്ടിച്ച വർഷമാണ് പിന്നിട്ടത്.
- ടെക്നോപാർക്ക്, ഇൻഫോപാർക്ക്, സൈബർപാർക്ക് എന്നിവിടങ്ങളിലായി 29 ലക്ഷം ചതുരശ്രയടി സ്ഥലസൗകര്യം നിർമ്മാണത്തിലാണ്. 105 കോടി രൂപ ചിലവിട്ട് രണ്ടു ലക്ഷം ചതുരശ്ര അടി പൂർത്തിയായി.
- വ്യവസായ വകുപ്പിന് കീഴിലുള്ള കഴക്കൂട്ടം കിൻഫ്ര പാർക്കിൽ ടാറ്റാ എലക്സിക്കായി നിർമ്മിച്ച കെട്ടിടം കൈമാറി. 75 കോടി രൂപ നിക്ഷേപമുള്ള പദ്ധതിയിൽ ആദ്യഘട്ടത്തിൽ 1200 പേർക്ക് തൊഴിൽ ലഭിക്കും.






### നിരാലംബരായ പ്രവാസികൾക്ക് ഇടതുപക്ഷ സർക്കാരിന്റെ കൈത്താങ്ങായി സ്വാന്തന ധനസഹായ പദ്ധതി

തിരികെയെത്തിയ പ്രവാസികൾക്കായി മരണാനന്തര സഹായം പരമാവധി ഒരു ലക്ഷം രൂപ വരെ. അംഗപരിമിത പരിഹാര ഉപകരണങ്ങൾക്ക് പതിനായിരം രൂപ വരെ. ക്യാൻസർ, ഹൃദയശസ്ത്രക്രിയ, വൃക്കരോഗം, പക്ഷാഘാതം തുടങ്ങിയ ഗുരുതര രോഗങ്ങൾക്ക് പരമാവധി 50,000 രൂപ വരെ. ധന സഹായങ്ങളെല്ലാം ഇടനിലക്കാരില്ലാതെ സുതാര്യമായി നോർക്കറൂട്ട്സ് വഴി നൽകുന്നു.

# രണ്ടാം ഇടതുപക്ഷ സർക്കാർ ഒരു വർഷം പൂർത്തിയാക്കുമ്പോൾ

## തീരമേഖലയിൽ വികസനത്തിന്റെ സുനാമി ആഞ്ഞടിക്കുന്നു



- മത്സ്യത്തൊഴിലാളികൾക്കായുള്ള പുനർഗേഹം പദ്ധതിയിൽ 1300ഓളം വീടുകളുടെ നിർമാണം പുരോഗതിയിൽ. മൂന്നു സമുച്ചയങ്ങളിൽ ആയി 276 ഫ്ളാറ്റുകൾ കൈമാറി. കൊല്ലത്ത് 114 ഫ്ളാറ്റ് നിർമാണം അന്തിമ ഘട്ടത്തിൽ. 784 എണ്ണത്തിന് ഭരണാനുമതി.
- 619 കോടി രൂപ മുടക്കി 145 തീര റോഡ് നവീകരിച്ചു.
- കിഫ്ബി ധനസഹായം ഉപയോഗിച്ച് 20 തീര ദേശ സ്കൂളുകൾക്ക് പുതിയ കെട്ടിടങ്ങൾ.
- 14,332 പരമ്പരാഗത യാനങ്ങൾക്ക് മണ്ണെണ്ണ പെർമിറ്റ് വിതരണം തുടങ്ങി.
- 150 ചെറുകിട സംരംഭങ്ങൾ വഴി 750 മത്സ്യത്തൊഴിലാളി വനിതകൾക്ക് തൊഴിൽ.
- 230 മത്സ്യത്തൊഴിലാളി വനിതകളുടെ കൂട്ടായ്മയിൽ 46 തീരമൈത്രി സീഫുഡ് ഭക്ഷണശാലകൾ.
- ടൗട്ടേ ചുഴലിക്കാറ്റ് ബാധിച്ച മത്സ്യതൊഴിലാളി കുടുംബങ്ങൾക്ക് 1200 രൂപ നിരക്കിൽ 18.36 കോടി രൂപ ധനസഹായം. അനുബന്ധ മത്സ്യ തൊഴിലാളികൾക്ക് 1000 രൂപ നിരക്കിൽ 32.41 കോടി രൂപ ധനസഹായം.
- കാലാവസ്ഥ മുന്നറിയിപ്പ് മൂലം തൊഴിൽ നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളികൾക്ക് 3000 രൂപ നിരക്കിൽ 47.84 കോടി രൂപ ധനസഹായം.
- സമുദ്ര ബസ് സർവീസിൽ മത്സ്യ വിപണന സ്ത്രീ തൊഴിലാളികൾക്ക് സൗജന്യ യാത്ര. ആലപ്പുഴ, പൊന്നാനി, തൃശ്ശൂർ, അഴീക്കോട്, കാസർഗോഡ് ഫിഷറീസ് സ്റ്റേഷനുകൾക്ക് തുടക്കം.
- ഉൾനാടൻ മത്സ്യകൃഷിക്കും പ്രോത്സാഹനം.
- 'എവിടെയെല്ലാം ജലാശയം അവിടെയെല്ലാം മത്സ്യകൃഷി' പദ്ധതിയിലൂടെ ഉൾനാടൻ മത്സ്യകൃഷിയുടെ ഉൽപാദനം ഇരട്ടിപ്പിക്കാൻ ലക്ഷ്യമിടുന്നു. ബാണാസുരസാഗർ, കാരപ്പുഴ, പെരുവണ്ണാമുഴി കക്കി, ജലസംഭരണികളിൽ കൂടുകളിലെ മത്സ്യകൃഷി പദ്ധതിക്ക് തുടക്കം. കടൽ രക്ഷാപ്രവർത്തനങ്ങൾക്കായി മാസ്റ്റർ കൺട്രോൾ റൂമും മേഖലാ കൺട്രോൾ റൂമുകളും ആരംഭിച്ചു.


**ALATHUR TALUK CO-OPERATIVE INSTITUTION STAFF CO-OPERATIVE SOCIETY LTD. NO.P. 1303**

Bank Road, Alathur (P.O.), Palakkad Dt.

ആശംസകളോടെ

രാജേഷ് എൻ
പ്രസിഡന്റ്

രാധാകൃഷ്ണൻ റ്റി.ആർ.
ഓണററി സെക്രട്ടറി




## സ്വാതന്ത്ര്യത്തിന്റെ 75-ാം വർഷവും

# ഇന്ത്യൻ തൊഴിലാളി വർഗവും

**‘വർഗ്ഗസമരത്തിലൂടെ അല്ലാതെ സാമൂഹ്യ പരിവർത്തനം സാധ്യമല്ലെന്നു ശക്തമായി വിശ്വസിക്കുന്ന സിഐടിയു തൊഴിലാളി വർഗത്തെ വർഗ്ഗ സഹകരണത്തിന്റെ പാതയിലെത്തിക്കാനുള്ള ശ്രമങ്ങളെ നിരന്തരമായി എതിർക്കും’**



**കെ എൻ ഉമേഷ്**

ഇന്ത്യ എഴുപത്തഞ്ചാം സ്വാതന്ത്ര്യദിനം ആഘോഷിക്കുകയാണ്. മോഡി സർക്കാർ അതിനെ സ്വാതന്ത്ര്യത്തിന്റെ അമൃത മഹോത്സാവമായാണ് കൊണ്ടാടുന്നത്. ചണ്ഡീഗഡിൽ 2022 ഏപ്രിൽ 22 മുതൽ 24 വരെ നടന്ന സിഐടിയു വർക്കിങ് കമ്മിറ്റി ആഗസ്ത് ഒന്നിന് തുടങ്ങി സ്വാതന്ത്ര്യദിന തലേന്നായ ആഗസ്ത് പതിനാലിന് പര്യവസാനിക്കുന്ന തരത്തിൽ രണ്ടാഴ്ചത്തെ സാമൂഹിക ജാഗരൺ സംഘടിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ‘വർഗ ഐക്യം ഉയർത്തിപ്പിടിക്കുക: രാജ്യത്തെയും ജനങ്ങളെയും രക്ഷിക്കാൻ നവലിബറൽ നയങ്ങളെയും ഭരണനിർവഹണത്തിലെ വർഗീയ കോർപറേറ്റ് സഖ്യത്തെയും സാമ്രാജ്യത്വ ഗൂഢതന്ത്രങ്ങളെയും പരാജയപ്പെടുത്തുക’ എന്ന മുദ്രാവാക്യം ഉയർത്തിയാണ് സാമൂഹിക ജാഗരൺ സംഘടിപ്പിക്കുന്നത്.

2022–23 വർഷം ഇന്ത്യയിലെ മെയ്ദിനാചരണത്തിന്റെ നൂറാം വർഷമാണ്. ഈ ഒരു വർഷം തൊഴിലാളി വർഗ സാർവദേശീയത ഉയർത്തിപ്പിടിച്ചുകൊണ്ട് ആഘോഷിക്കാനും തീരുമാനിച്ചിട്ടുണ്ട്.


കുളപ്പുള്ളി സർവ്വീസ്
സഹകരണ ബാങ്ക്
ക്ലിപ്തം നമ്പർ 4589
പി.ഒ.ഷൊർണ്ണൂർ 2, 679122. ഫോൺ: 0466 2220717
ബാങ്കിന്റെ സവിശേഷതകൾ
* ക്ലാസ്സ് 1 സ്പെഷൽ ഗ്രേഡ് ബാങ്ക്
* നിക്ഷേപകർക്ക് ഉയർന്ന പലിശയും ഇൻഷുറൻസ് പരിരക്ഷയും
* തുടർച്ചയായി ലാഭത്തിൽ പ്രവർത്തിക്കുകയും ലാഭവിഹിതം നൽകിവരികയും ചെയ്യുന്നു.
* 12 മണിക്കൂർ പ്രവർത്തിക്കുന്ന ഹെഡ്ഓഫീസ്
* വിവിധയിനം വായ്പകൾ മിതമായ നിരക്കിൽ
* 25 ലക്ഷം രൂപവരെ 10 വർഷകാലയളവിൽ
* വനിതകൾക്ക് വാഹനവായ്പ കുറഞ്ഞ പലിശനിരക്കിൽ
* കുടുംബശ്രീ അയൽക്കൂട്ടങ്ങൾക്കുള്ള
* SHG വായ്പക്ക് കുറഞ്ഞ പലിശനിരക്കിൽ
* സേഫ് ഡെപ്പോസിറ്റ് ലോക്കർ സൗകര്യം
* നീതി കൺസ്യൂമർ സ്റ്റോർ
* നീതിമെഡിക്കൽസ് (ഇംഗ്ലീഷ് മരുന്നുകൾ 20%വരെ വിലക്കിഴിവ് )
* വിവിധ സലകളിലുള്ള MDS നിക്ഷേപങ്ങൾ
* Western Union Money Transfer
* മിതമായ നിരക്കിൽ ബാങ്ക്ഹാൾ വാടകക്ക്
RTGS ,NEFT സൗകര്യം ലഭ്യമാണ്
ബ്രാഞ്ച് കുളപ്പുള്ളി ഫോൺ:0466 2220466
നീതി മെഡിക്കൽസ് ഫോൺ:9446802717


ആശംസകളോടെ...
നഗരിപ്പുറം സർവ്വീസ്
സഹകരണ ബാങ്ക്
ക്ലിപ്തം നമ്പർ : എഫ്. 1632
നഗരിപ്പുറം പി. ഒ., ഫോൺ - 0491 2872229.
സ്വർണ്ണ പണയ വായ്പ
മിതമായ പലിശ നിരക്കിൽ വിവിധതരം വായ്പകൾ
നിക്ഷേപങ്ങൾക്ക് ആകർഷകമായ പലിശനിരക്കും ഇൻഷുറൻസ് പരിരക്ഷയും
മുറ്റത്തെ മുല്ല ലഘു ഗ്രാമീണ വായ്പ
വനിതകൾക്ക് വാഹന വായ്പ
സേഫ് ഡെപ്പോസിറ്റ് ലോക്കർ സൗകര്യം
വളം ഡിപ്പോ
വിവിധതരം MMBS ചിട്ടികൾ
കോവിഡ് സ്പെഷ്യൽ വായ്പകൾ
പ്രസിഡന്റ്
പി.കെ. ഉണ്ണികൃഷ്ണൻ
സെക്രട്ടറി ഇൻ ചാർജ്ജ്
എ. സ്മിത


ആശംസകളോടെ...
ഒറ്റപ്പാലം കോ-ഓപ്പറേറ്റീവ്
ഹൗസിംഗ് സൊസൈറ്റി ലിമി. നം. പി. 608
ഹൗസിംഗ് സൊസൈറ്റി ബിൽഡിംഗ്, റെയിൽവേ സ്റ്റേഷൻ റോഡ്, ഒറ്റപ്പാലം
ഫോൺ: 0466 2955703, 9400795703
50
2022-2023
സുവർണ്ണ ജൂബിലി വർഷം
സംഘത്തിന്റെ ഇതര സേവനങ്ങൾ
വീട് നിർമ്മിക്കുവാനും അറ്റകുറ്റപ്പണികൾക്കും അനുബന്ധ പ്രവൃത്തികൾക്കും വായ്പ !
നിക്ഷേപങ്ങൾക്ക് ആകർഷകമായ ഉയർന്ന പലിശ !
നിക്ഷേപങ്ങൾക്ക് ഇൻഷ്വറൻസ് പരിരക്ഷ !
വനിതാ അംഗങ്ങൾക്ക് പരസ്പര ജാമ്യത്തിൽ ഗൃഹോപകരണ വായ്പ !
വായ്പക്കാർക്ക് റിസ്ക് ഫണ്ട് ആനുകൂല്യം !
അംഗസമാശ്വാസ നിധിയിൽ നിന്ന് ധനസഹായം !
നീതി മെഡിക്കൽസ്
കണ്ണിയംപുറം & ഈസ്റ്റ് ഒറ്റപ്പാലം
ഡിസ്കൗണ്ട് നിരക്കിൽ മരുന്നുകൾ വീട്ടിലോ ഓഫീസിലോ എത്തിച്ച് നൽകുന്നതിന് പ്രസ്ക്രിപ്ഷൻ വാട്ട്സ് ആപ്പ് ചെയ്യുക
കണ്ണിയംപുറം 9656645703
ഈസ്റ്റ് ഒറ്റപ്പാലം 8547495703
സി. വിജയൻ
പ്രസിഡന്റ്


ആശംസകളോടെ..
THE PERUR SERVICE CO-OPERATIVE BANK LIMITED No. F 1614
PSCB
PERUR-679302
വിശ്വാസ്യത... സുരക്ഷിതത്വം.. സുതാര്യത...
പേരൂർ സർവ്വീസ് സഹകരണ ബാങ്ക്
ക്ലിപ്തം നമ്പർ എഫ്. 1614
പേരൂർ പി.ഒ., പാലക്കാട് ജില്ല - 679 302
E-mail:perurscbpalakkad@gmail.com
ഫോൺ : മെയിൻ ശാഖ - 0491 - 2872267
പഴയലെക്കിടി ശാഖ- 0491 - 2872257
സായാഹ്ന - ഒഴിവുദിന ശാഖ - 0491 - 2872241



## സാമൂഹിക് ജാഗരൺ വാരാചരണം

**തൊഴിലാളി വർഗ്ഗത്തിന്റെ അവകാശങ്ങൾ കേന്ദ്രസർക്കാർ ദുർബലമാക്കുകയും പരിമിതപ്പെടുത്തുകയും തട്ടിയെടുക്കുകയും ചെയ്യുകയാണ്. ലേബർ കോഡുകൾ വലിയ വിഭാഗം തൊഴിലാളികൾക്ക് തൊഴിൽ നിയമങ്ങളുടെ പരിരക്ഷ ഇല്ലാതാക്കിയിരിക്കയാണ്.**

തൊഴിലാളികളുടെ അവകാശങ്ങൾക്കു വേണ്ടിയുള്ള മുറവിളി 75 വർഷങ്ങൾക്ക് ശേഷവും തുടരുകയാണ്. രാജ്യം സ്വാതന്ത്ര്യത്തിന്റെ എഴുപത്തഞ്ചാം വർഷം ആഘോഷിക്കുമ്പോഴും തൊഴിലാളി വർഗ്ഗത്തിന്റെ അവകാശങ്ങൾ കേന്ദ്ര സർക്കാർ ദുർബലമാക്കുകയും പരിമിതപ്പെടുത്തുകയും തട്ടിയെടുക്കുകയും ചെയ്യുന്ന കാഴ്ചയാണ് കാണാനാകുന്നത്. തൊഴിലാളി വർഗ്ഗത്തിന്റെ അടിസ്ഥാനപരമായ അവകാശങ്ങൾ പോലും മോഡി സർക്കാർ കവർന്നെടുക്കുകയാണ്. തൊഴിൽ നിയമങ്ങൾ വിപുലമാക്കുകയും സാർവത്രികമാക്കുകയും ചെയ്യാനെന്ന പേരിൽ കൊണ്ടുവന്ന ലേബർ കോഡുകൾ വലിയ വിഭാഗം തൊഴിലാളികൾക്ക് തൊഴിൽ നിയമങ്ങളുടെ പരിരക്ഷ ഇല്ലാതാക്കിയിരിക്കയാണ്. പൊരുതി നേടിയ തൊഴിലവകാശങ്ങൾ ദുർബലമാക്കിക്കൊണ്ട് തൊഴിലാളികളെ അടിമസമാനമായ അവസ്ഥയിലേക്ക് തള്ളിവിടുകയാണ്. എട്ട് മണിക്കൂർ തൊഴിൽ, മിനിമം വേതനം, സാമൂഹ്യ സുരക്ഷ, യൂണിയൻ രൂപീകരിക്കാനുള്ള അവകാശം എന്നിവ ഇപ്പോഴും നടപ്പായിട്ടില്ല. നിയമ പ്രകാരമുള്ള ആനുകൂല്യങ്ങൾ പോലും ഭൂരിപക്ഷം തൊഴിലാളികൾക്കും ലഭ്യമാകുന്നില്ല. അതിനായുള്ള മുറവിളികൾ ബധിര കർണങ്ങളിൽ പതിക്കുകയാണ്.

### ഭരണഘടനയുടെ അടിസ്ഥാന ശിലകൾ തകർക്കുന്നു

രാഷ്ട്രീയ സ്വാശ്രയത്വം വിഭാവനം ചെയ്ത സാമ്പത്തിക സ്വാശ്രയത്വം എന്ന ആശയം അപകടപ്പെട്ടിരിക്കയാണ്. സാമൂഹ്യ നീതിയിൽ അധിഷ്ഠിതമായ സ്വാശ്രയത്വം, മതനിരപേക്ഷത, ഫെഡറൽ ഇന്ത്യ എന്നിങ്ങനെ ഭരണഘടന വിഭാവനം ചെയ്ത അടിസ്ഥാന ആശയങ്ങൾ അട്ടിമറിക്കപ്പെടുകയോ വെല്ലുവിളിക്കപ്പെടുകയോ ചെയ്തിരിക്കുകയാണ്. ഭരണഘടനാ സ്ഥാപനങ്ങൾ എല്ലാം കേന്ദ്രം ഭരിക്കുന്ന മോഡി സർക്കാരിനും വിവിധ സംസ്ഥാനങ്ങളിലെ ബിജെപി സർക്കാരുകൾക്കും അവരുടെ അജണ്ട നടപ്പാക്കാനുള്ള ആയുധങ്ങളാണ്. പൊതു ഉടമസ്ഥതയിൽ ഉള്ള പൊതു മേഖലാ സ്ഥാപനങ്ങളുടേതടക്കമുള്ള ആസ്തികൾ ചങ്ങാത്ത മുതലാളിമാർക്ക് കൈമാറുകയാണ്. അസറ്റ് മോണിറ്റൈസേഷൻ, നാഷണൽ മോണിറ്റൈസേഷൻ പൈപ്പ് ലൈൻ എന്നിങ്ങനെ പേരിട്ടു വിളിക്കുന്ന സ്വകാര്യവത്കരണത്തിന്റെ പുതിയ അവതാരങ്ങളിലൂടെയാണ് ഇത് സാധ്യമാക്കുന്നത്.

### അടിസ്ഥാന സേവനങ്ങൾ വാണിജ്യവൽക്കരിക്കുന്നു

വിദ്യാഭ്യാസവും ആരോഗ്യവും അടക്കമുള്ള അടിസ്ഥാന സൗകര്യങ്ങൾ കേന്ദ്രീകരിക്കുകയും വാണിജ്യവൽക്കരിക്കുകയും ചെയ്തുകൊണ്ട് ഊഹക്കച്ചവടത്തിൽ അധിഷ്ഠിതമായ മൂലധനത്തിന് ജനങ്ങളെ കൊള്ളയടിക്കാൻ അവസരം നൽകുന്ന കേന്ദ്ര സർക്കാർ ആസാദി അമൃത് മഹോത്സവം എന്ന പേരിൽ സ്വാതന്ത്ര്യ വാർഷികം ആചരിച്ചു കൊണ്ട് വിദ്യാഭ്യാസ മേഖല വർഗീയവൽക്കരിക്കാനും നവലിബറൽ നയങ്ങൾ നടപ്പാക്കുന്നതിന്റെ ഭാഗമായി തൊഴിലാളികളുടെ ഓരോ അവകാശവും കവരാനും ശ്രമിക്കുകയാണ്.

### വർധിക്കുന്ന ഏകാധിപത്യം

ഈ നയപരിപാടികളും നിയമനിർമ്മാണങ്ങളും നടപ്പാക്കുന്നത് ഏകാധിപത്യപരമായാണ്. പാർലമെന്റിൽ എല്ലാ ജനാധിപത്യ അവകാശങ്ങളെയും പാർലമെന്ററി നടപടിക്രമങ്ങളെയും ഭരണഘടനാപരമായ നടപടിക്രമങ്ങളെയും ഇടിച്ചു നിരത്തിക്കൊണ്ടാണ് ഇതെല്ലാം സാധ്യമാക്കുന്നത്. സംസ്ഥാനങ്ങളുടെ അവകാശങ്ങളും അട്ടിമറിക്കുന്നു. കേന്ദ്ര നയങ്ങൾക്ക് അനുസൃതമായി സംസ്ഥാനങ്ങളുടെ ചട്ടങ്ങളോ നയങ്ങളോ മാറ്റാൻ നിർബന്ധിതമാകുകയാണ്. ലേബർ കോഡുകൾ നടപ്പാക്കിയതും ജി എസ് ടി വിഹിതത്തിലും നഷ്ടപരിഹാരത്തിലും വെള്ളം ചേർക്കുന്നതും

അടക്കം സംസ്ഥാന പട്ടികയിലോ സമവർത്തി പട്ടികയിലോ ഉള്ള ഇനങ്ങളിൽ പോലും ഇത്തരം സമ്മർദം ചെലുത്തുകയാണ്.

ജമ്മു കശ്മീരിന്റെ പ്രത്യേകാധികാരങ്ങൾ ഇല്ലാതാക്കിക്കൊണ്ടും സംസ്ഥാനത്തെ മൂന്നാക്കി മുറിച്ചുകൊണ്ടും ആർട്ടിക്കിൾ 370 , 35 A എന്നിവ റദ്ദാക്കിയ തീരുമാനം ഈ ഏകാധിപത്യത്തിന്റെ തീവ്രതയാണ് വെളിവാക്കുന്നത്. ഇടതുപക്ഷം മാത്രമാണ് പാർലമെന്റിൽ ഈ നടപടികളെ വിമർശിച്ചതെന്നും ഇന്ത്യൻ തൊഴിലാളി വർഗത്തിനും കർഷകർക്കും പൂർണപിന്തുണ അർപ്പിച്ചതെന്നും ഈ അവസരത്തിൽ നാമോർക്കണം.

## ഇന്ത്യൻ തൊഴിലാളി വർഗ്ഗത്തിന്റെ പൈതൃകം

1857–ലെ ഒന്നാം ഇന്ത്യൻ സ്വാതന്ത്ര്യ യുദ്ധം തൊട്ടു 1946 ലെ റോയൽ ഇന്ത്യൻ നേവി മ്യൂറ്റിനി വരെയുള്ള ഇന്ത്യൻ സ്വാതന്ത്ര്യ സമരത്തിന്റെ പൈതൃകം കുടികൊള്ളുന്നത് സാമ്രാജ്യത്വ വിരുദ്ധതയിൽ ആണ്. ലാലാ ലാജ്പത് റേ മുതൽ ഭഗത് സിങ് വരെയുള്ള നേതാക്കളും അവരുടെ സഖാക്കളും ജീവൻ ബലിയർപ്പിച്ചു നേടിയ സ്വാതന്ത്ര്യത്തെ മോദിയും കൂട്ടരും ഒറ്റിക്കൊടുക്കയാണ്. അമേരിക്കൻ സാമ്രാജ്യത്വത്തിന്റെ സാമന്ത രാജ്യമാക്കി ഇന്ത്യയെ മാറ്റാൻ തിടുക്കം കൂട്ടുകയാണ് മോഡി സർക്കാർ.

**സാമൂഹിക് ജാഗരൺ വാരാചരണം**

സിഐടിയുവിനും ഇന്ത്യൻ തൊഴിലാളി വർഗത്തിനുമാണ് സ്വാതന്ത്ര്യ സമരത്തിന്റെയും സ്വാതന്ത്ര്യത്തിനു വേണ്ടി ജീവത്യാഗം ചെയ്ത രക്തസാക്ഷികളുടെയും പാരമ്പര്യം അവകാശപ്പെടാൻ സാധിക്കുന്നത്. രാജ്യത്തെയും ജനങ്ങളെയും രക്ഷിക്കുക എന്ന സ്വാതന്ത്ര്യ പോരാളികളുടെയും രക്തസാക്ഷികളുടെയും ആഹ്വാനം ഇന്ന് ഉയർത്തുന്നത് തൊഴിലാളി വർഗമാണ്. ഈ പാരമ്പര്യം സ്വാഭാവികമായി വന്നു ചേർന്നതല്ല. ഇന്ത്യൻ തൊഴിലാളി വർഗം സ്വാതന്ത്ര്യ സമരത്തിൽ വഹിച്ച പങ്കിന്റെ തുടർച്ചയാണ്. തൊഴിലാളി വർഗ്ഗത്തിന്റെ ഐക്യത്തോടെയുള്ള പോരാട്ടത്തിന്റെയും സ്വാതന്ത്ര്യസമരത്തിൽ അതിനുള്ള പങ്കും തന്നെയാണ് ഐക്യവും സമരവും എന്ന സിഐടിയുവിന്റെ സ്ഥാപന മുദ്രാവാക്യത്തെ പ്രതിധ്വനിക്കുന്നത്.

## തൊഴിലാളി വർഗം ഒരിക്കലും കാഴ്ചക്കാരായിരുന്നിട്ടില്ല

തങ്ങളുടെ സ്വന്തം വർഗപരമായ വിഷയങ്ങൾ ഉയർത്തുന്നത് കൂടാതെ ഇന്ത്യൻ തൊഴിലാളി വർഗം തങ്ങളുടെ സമരോപാധികളായ പണിമുടക്ക്, റാലികൾ, പ്രകടനങ്ങൾ എന്നിവ വഴി ദേശീയ സ്വാതന്ത്ര്യ സമരത്തിൽ ഭാഗഭാക്കായി. സ്വാതന്ത്ര്യ സമരത്തിന്റെ ആദ്യ ഘട്ടങ്ങളിൽ തന്നെ തൊഴിലാളി വർഗ്ഗത്തിൽ ദേശീയ സ്വാതന്ത്ര്യ ബോധം നാമ്പിട്ടിരുന്നു. സ്വാതന്ത്ര്യ സമരത്തിന്റെ ഓരോ ആഹ്വാനവും തൊഴിലാളി വർഗം ഏറ്റെടുത്തു. ചരിത്രകാരൻ ബിപിൻ ചന്ദ്ര ഇങ്ങനെ എഴുതി: ` 1908 ജൂലായിൽ ലോകമാന്യ ബാൽ ഗംഗാധർ തിലകിനെ രാജ്യദ്രോഹക്കുറ്റത്തിന് ആറു വർഷത്തേയ്ക്ക് ജയിലിലടച്ചപ്പോൾ പ്രതിഷേധത്തിൽ ബോംബെ നിശ്ചലമായി. തുണി മിൽ തൊഴിലാളികളും റെയിൽവേ തൊഴിലാളികളും പണിമുടക്കി. തുടർന്ന് പട്ടാളത്തെ വിളിച്ചു. പതിനാറു തൊഴിലാളികൾ കൊല്ലപ്പെട്ടു. അൻപതോളം പേർക്ക് ഗുരുതരമായി പരിക്കേറ്റു. ഇതേക്കുറിച്ചു സഖാവ് ബി ടി രണദിവെ ഇങ്ങനെ കുറിച്ചു: സ്ഥാപനങ്ങളിലെ പണിമുടക്ക് എന്ന ആയുധം തൊഴിലാളികൾ ആദ്യമായി ഒരു രാഷ്ട്രീയ ആവശ്യത്തിന് ജനങ്ങളെ അണിനിരത്താനായി ഫലപ്രദമായി വിനിയോഗിക്കുകയായിരുന്നു.’

അതിനെക്കുറിച്ചു ലെനിൻ പ്രതികരിച്ചത് ഇങ്ങനെയാണ്: ‘ഇന്ത്യയിലും തൊഴിലാളികൾ ഇതിനകം ബോധപൂർവമായ രാഷ്ട്രീയ മുന്നേറ്റം സാധ്യമാക്കിയിരിക്കുന്നു. ആ സാഹചര്യത്തിൽ റഷ്യൻ മാതൃകയിലുള്ള ബ്രിട്ടീഷ് ഭരണകൂടം തകരാൻ പോകുകയാണ്.’

ജാലിയൻവാല ബാഗ് കൂട്ടക്കൊല, റൗലറ്റ് നിയമം, നേതാക്കളെ തുറുങ്കിലടയ്ക്കൽ എന്നിവ 1915 ൽ തുടങ്ങിയ ഹോം റൂൾ ലീഗിന്റെ സമരങ്ങളെ ശക്തിപ്പെടുത്തി. 1919 ലെ റൗലറ്റ് സത്യാഗ്രഹം 1920–22 കാലത്തെ നിസ്സഹകരണ പ്രസ്ഥാനവും ഖിലാഫത് പ്രസ്ഥാനവുമെല്ലാം ഇക്കാലത്തു തൊഴിലാളി വർഗ്ഗത്തിന്റെ പ്രവർത്തനങ്ങളെ ഊർജസ്വലമാക്കിയ ഘടകങ്ങളാണ്.

## തൊഴിലാളി വർഗ പ്രസ്ഥാനം ശക്തിപ്പെടുന്നു

1917–ലെ മഹത്തായ ഒക്ടോബർ വിപ്ലവവും അത് വഴി മനുഷ്യ ചരിത്രത്തിൽ ആദ്യമായി തൊഴിലാളി വർഗ ഭരണകൂടം സ്ഥാപിക്കപ്പെട്ടതും ഇന്ത്യ അടക്കം ലോകമാകെ സ്വാതന്ത്ര്യ പ്രസ്ഥാനം ശക്തിപ്പെട്ടതും തൊഴിലാളി വർഗ പ്രസ്ഥാനത്തിന്റെ ശക്തിപ്പെടലിനു സഹായിച്ചു. സ്വാതന്ത്ര്യ സമരത്തിന്റെ ഇക്കാലത്താണ് രാജ്യത്തെ ആദ്യത്തെ ട്രേഡ് യൂണിയനായ എഐടിയുസി 1920 ൽ സ്ഥാപിതമാകുന്നത്. ലാല ലാജ്പത് റായി ആയിരുന്നു പ്രസിഡന്റ്. ദിവാൻ ചമൻലാൽ ആയിരുന്നു ആദ്യ ജനറൽ സെക്രട്ടറി.

എഐടിയുസിയുടെ രൂപീകരണത്തിന് ശേഷം ട്രേഡ് യൂണിയൻ പ്രസ്ഥാനവും ദേശീയ സ്വാതന്ത്ര്യസമര പ്രസ്ഥാനവും ചേർന്ന് പ്രവർത്തിക്കാൻ തുടങ്ങിയതോടെ രണ്ടു ധാരയും ശക്തിപ്പെ

ട്ടു. രാജ്യമെമ്പാടും തൊഴിലാളി സമരങ്ങൾ അലയടിച്ചു. 1921 ൽ മാത്രം നാനൂറു പണിമുടക്ക് സമരങ്ങൾ രാജ്യത്തു നടന്നു. ഇതിൽ പകുതിയിലേറെയും വിജയമായിരുന്നു. ആദ്യമായി കമ്യൂണിസ്റ്റ് പാർട്ടിയും പിന്നീട് തൊഴിലാളി സംഘടനകളും ഉയർത്തിയ പൂർണ സ്വരാജ് എന്ന മുദ്രാവാക്യം സ്വാതന്ത്ര്യ പ്രസ്ഥാനം ഏറ്റെടുത്തു.

## ഗൂഢാലോചനാ കേസുകൾ നിരോധനങ്ങൾക്കും ജയിലുകൾക്കും തടയാനായില്ല

തൊഴിലാളി വർഗത്തിന്റെ പോരാളികളായ നേതാക്കൾക്കെതിരെയും കമ്യൂണിസ്റ്റ് പാർട്ടി നേതാക്കൾക്കെതിരെയും കെട്ടിച്ചമച്ച കാൺപൂർ, മീററ്റ്, പെഷാവർ ഗൂഢാലോചനാ കേസുകൾക്ക് കമ്യൂണിസ്റ്റ് പാർട്ടിയെയും നൂറുകണക്കിന് ട്രേഡ് യൂണിയനുകളെയും നിയമ വിരുദ്ധമായി പ്രഖ്യാപിച്ച നടപടിക്ക് തൊഴിലാളി സംഘടനകളുടെ മുന്നേറ്റത്തെ തടയാനായില്ല. അവർ സ്വാതന്ത്ര്യ പ്രസ്ഥാനത്തിൽ കൂടുതൽ സജീവമായി. ഈ പ്രക്രിയയിലൂടെ തൊഴിലാളികൾ പൊരുതി നേടിയ അവകാശങ്ങളാണ് മോഡി സർക്കാരും സംസ്ഥാന സർക്കാരുകളും ഇപ്പോൾ കവരുന്നത്. നവലിബറൽ കുറിപ്പടികൾ നടപ്പാക്കുന്നതിന് വേണ്ടിയാണിത്. ജാതിക്കും മതത്തിനും പ്രദേശത്തിനും അതീതമായി അധ്വാനിക്കുന്ന ജനങ്ങൾ മതനിരപേക്ഷത ഉയർത്തിപ്പിടിച്ചുകൊണ്ട് ഐക്യത്തോടെ പങ്കെടുത്ത സ്വാതന്ത്ര്യ പ്രസ്ഥാനത്തിലൂടെയാണ് തൊഴിലാളി വർഗം കരുത്തു നേടിയത്. സ്വാതന്ത്ര്യവും സമത്വവും സാഹോദര്യവും ഉറപ്പു തരുന്ന ഒരു ഭരണഘടനാ രൂപപ്പെട്ടതിനു പിന്നിലും ഇത്തരം പോരാട്ടങ്ങൾക്ക് പ്രധാന പങ്കുണ്ട്. എന്നാൽ വൻകിട വ്യവസായികളുടെയും ഫ്യൂഡൽ ഭൂവുടമകളുടെയും താല്പര്യം സംരക്ഷിക്കുന്ന ഭരണവർഗം ഇന്ത്യൻ തൊഴിലാളി വർഗ്ഗത്തിന്റെയും ഇന്ത്യൻ ജനതയുടെയും മോചനത്തിന് വിഘാതമാകുകയും ചെയ്യുന്നുണ്ട്.

## വർധിക്കുന്ന അസമത്വം

സ്വാതന്ത്ര്യം ലഭിച്ചു എഴുപത്തഞ്ച് വർഷം പിന്നിട്ടിട്ടും ആഗോള പട്ടിണി സൂചികയിൽ ഇന്ത്യയുടെ സ്ഥാനം 116 ൽ 101 ആണ്. 13.4 കോടി ജനങ്ങൾക്ക് ഇപ്പോഴും പ്രതിദിനം രണ്ടു ഡോളറിൽ താഴെയാണ് വേതനം. 2021 അവസാനിക്കുന്നതോടെ ഈ സംഖ്യ 19.9 കോടിയിലെത്തും എന്നാണ് കണക്കാക്കപ്പെടുന്നത്. അത്രയും ജനങ്ങൾ ദാരിദ്ര്യത്തിലേക്ക് എടുത്തെറിയപ്പെടും എന്നർത്ഥം. ഇന്ത്യൻ നഗരങ്ങളിലെ ഏതാണ്ട് ഒമ്പത് കോടി മനുഷ്യർ തൊഴിൽരഹിതർ ആണെന്നാണ് കണക്ക്. പോഷകാഹാരക്കുറവും ശിശുമരണ നിരയ്ക്കും വർധിച്ചു. എന്നാൽ 2020–2021 വർഷത്തിൽ മുകേഷ് അംബാനിയുടെ ആസ്തി 7.18 ലക്ഷം കോടിയായി വർധിച്ചു. ഗൗതം അദാനിയുടെ ആസ്തി 5.06 ലക്ഷം കോടിയായും വർധിച്ചു. രാജ്യത്തെ മറ്റു ധനാഢ്യരുടെ ആസ്തിയിലും ഇക്കാലയളവിൽ ഗണ്യമായ വർധനവുണ്ടായി.

2021 ലെ ഓക്സ് ഫാം ഇന്ത്യയുടെ റിപ്പോർട്ട് (According to Oxfam India report) പ്രകാരം ഇന്ത്യയിലെ ഏറ്റവും ധനികരായ പത്തു പേർ രാജ്യത്തിന്റെ മൊത്തം സ്വത്തിന്റെ 57 ശതമാനം കൈവശം വയ്ക്കുന്നുണ്ട്. താഴെ തട്ടിലുള്ള പകുതി പേർ കൈവശം വയ്ക്കുന്നത് 13 ശതമാനം മാത്രം. ഉൽപ്പന്ന നിർമാണ മേഖലയിലെ തൊഴിലാളികളുടെ ആകെ വിഹിതം 1981–82 ൽ 30.27% ആയിരുന്നെങ്കിൽ 2017–18 വർഷത്തിൽ അത് 15.67 ശതമാനമായി കുറഞ്ഞു.

എന്നാൽ ഈ മേഖലയുടെ ലാഭം 23.39% ൽ നിന്ന് 46.68% ആയി വർധിച്ചു. അസമത്വം വർധിപ്പിക്കുന്ന ഈ ചൂഷണങ്ങൾക്ക് പുറമെയാണ് ദളിതർക്കും സാമൂഹ്യമായി പിന്നോക്കം നിൽക്കുന്നവർക്കും സ്ത്രീകൾക്കും എതിരെ ഭരണവർഗം നടത്തുന്ന കടന്നാക്രമണങ്ങൾ.

## സ്വാതന്ത്ര്യ സമരത്തെ ഒറ്റിക്കൊടുക്കുന്നവർ

കേന്ദ്രത്തിലും വിവിധ സംസ്ഥാനങ്ങളിലും ഭരണം നടത്തുന്ന പാർട്ടി അവകാശപ്പെടുന്നത് അവരാണ് ദേശസ്നേഹപരമായ പ്രസ്ഥാനത്തിന്റെ അവകാശികൾ എന്നാണ്. വാസ്തവത്തിൽ സ്വാതന്ത്ര്യ പ്രസ്ഥാനത്തെ ഒറ്റിക്കൊടുത്തവരും സ്വാതന്ത്ര്യ പ്രസ്ഥാനത്തിന് എതിരെ പ്രവർത്തിച്ചവരുമാണിവർ. സ്വാതന്ത്ര്യ സമരത്തോട് അവർക്കുള്ള നിലപാട് എന്തെന്നറിയാൻ മുൻ പ്രധാനമന്ത്രി എ ബി വാജ്പേയിയും സംഘപരിവാർ സൈദ്ധാന്തികൻ വി ഡി സവർക്കറും നൽകിയ മാപ്പപേക്ഷകൾ പരിശോധിച്ചാൽ മതി. മാത്രവുമല്ല ഹിന്ദുത്വ ശക്തികളുടെ വിഭാഗീയ പ്രത്യയശാസ്ത്രം രാജ്യത്തിന്റെ ഭരണഘടനയുടെ അടിസ്ഥാന തത്വങ്ങൾക്ക് എതിരുമാണ്. ഹിന്ദുത്വ ശക്തികളുടെ വിഷലിപ്തമായ വർഗീയവിദ്വേഷ പ്രചാരണത്തിൽ മതനിരപേക്ഷതയ്ക്കും ഫെഡറലിസത്തിനും പാർലമെന്ററി ജനാധിപത്യത്തിനും സാമൂഹ്യ നീതിക്കും നാൾക്കുനാൾ പരിക്കേൽക്കുകയാണ്. ഇന്ത്യൻ റിപ്പബ്ലിക്കിനെ ഹിന്ദുത്വത്തിൽ അധിഷ്ഠിതമായ ഒരു ഹിന്ദുരാഷ്ട്രമായി മാറ്റുന്നതിനുള്ള ഗൂഢ പദ്ധതിയാണത്. കേന്ദ്രത്തിലെയും വിവിധ സംസ്ഥാനങ്ങളിലെയും ഭരണം ഈ പദ്ധതി നടപ്പാക്കാനുള്ള ഉപാധിയായാണ് ബിജെപി കാണുന്നത്. വർഗീയ ധ്രുവീകരണം ശക്തമാക്കാനുള്ള ഈ പദ്ധതി ലക്ഷ്യം വയ്ക്കുന്നത് തൊഴിലാളി വർഗ്ഗത്തിന്റെ ഐക്യം തകർക്കാനാണ്.




ഒരു ASCB ഉത്പന്നം
തണൽകുടകൾ
വിപണിയിൽ

അലനല്ലൂർ സർവ്വീസ് സഹകരണ ബാങ്ക്
ക്ലിപ്തം നമ്പർ എഫ്.1178,പി.ഒ അലനല്ലൂർ, പിൻ: 678601

ഹെഡ് ഓഫീസ്: 04924262427 മെയിൻ ബ്രാഞ്ച്: അലനല്ലൂർ, 04924 262227
ബ്രാഞ്ചുകൾ: കർക്കിടാംകുന്ന് – 04924 260800, എടത്തനാട്ടുകര – 04924 266227, മാളിക്കുന്ന് – 04924 296527

Whatsapp Banking    M cash Mobile Banking

- 75 വർഷത്തെ പ്രവർത്തന പരിചയം
- തുടർച്ചയായി ലാഭത്തിൽ പ്രവർത്തിക്കുന്നു
- മെമ്പർമാർക്ക് 20 % ലാഭവിഹിതം
- നിക്ഷേപങ്ങൾക്ക് ഉയർന്ന പലിശ
- വായ്പ്പകൾ ഏറ്റവും വേഗത്തിൽ
- RTGS / NEFT സൗകര്യം
- ഡെപ്പോസിറ്റ് ഗ്യാരണ്ടി സ്കീമിൽ ചേർന്ന സ്ഥാപനം
- ലളിതമായ വ്യവസ്ഥകളിൽ 25 ലക്ഷം വരെ വായ്പ
- നെൽകൃഷിക്ക് പലിശരഹിത വായ്പ
- ലോക്കർ സൗകര്യം
- മുറ്റത്തെ മുല്ല (കുടുംബ ശ്രീ ലോണുകൾ)
- വിദേശത്തുനിന്നും പണമയക്കാൻ
- വെസ്റ്റേൺ യൂണിയൻ മണി ട്രാൻസ്ഫർ
- വിവധതരം സലകൾ

കർഷക സേവന കേന്ദ്രം
അഗ്രിഫാം നഴ്സറി, വെജിറ്റബിൾസ്റ്റോർ, വിത്തുകൾ, വളങ്ങൾ, ട്രാക്ടർ സേവനം
ഫോൺ: 6282061123

നീതി മെഡിക്കൽ സ്റ്റോർ
അലനല്ലൂർ, 04924 262365    എടത്തനാട്ടുകര, 8157918919

നീതി സ്റ്റോർ
എടത്തനാട്ടുകര, ഫോൺ: 04924 266427

EMS മെമ്മോറിയൽ
നീതി മെഡിക്കൽ ലാബ് & ഡയഗ്നോസ്റ്റിക് സെന്റർ
ബാങ്ക് ജംഗ്ഷൻ– അലനല്ലൂർ, ഫോൺ: 04924 262850

ആംബുലൻസ് സർവ്വീസ്
ഫ്രീസർ സേവനം
ഫോൺ: 9846261636, 9387733300

ഫെർട്ടിലൈസർ ഷോപ്പ്
കർക്കിടാംകുന്ന്, ഫോൺ: 9947517393



കെ അബൂബക്കർ, പ്രസിഡന്റ്
ഫോൺ: 9446566460

"അലനല്ലൂർ സർവ്വീസ് സഹകരണ ബാങ്ക്
എന്നും ജനങ്ങളോടൊപ്പം"



പി.ശ്രീനിവാസൻ, സെക്രട്ടറി
ഫോൺ: 9446151183

ഒറ്റപ്പാലം പട്ടാമ്പി താലൂക്ക് കോ-ഓപ്പറേറ്റീവ്
എംപ്ലോയീസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി
ലിമിറ്റഡ് നമ്പർ പി.604 ഷോർണൂർ

H.O. Ph: 2223448, Email: otcecsshr.p604@gmail.com
ബ്രാഞ്ച് : ചെർപ്പുളശ്ശേരി, ജവ: 2283448
എക്സ്റ്റൻഷൻ കൗണ്ടർ പട്ടാമ്പി : ഒ.ഒ. ജവ: 2213448

42-മതു സഹകരണ
നിക്ഷേപ സമാഹരണം.

2022 ഫെബ്രുവരി 21 മുതൽ മാർച്ച് 31 വരെ.
സഹകരണ നിക്ഷേപം നാട്ടിന്റെ
തുടർ വികസനത്തിന്.

നിക്ഷേപങ്ങൾക്ക് ഉയർന്ന പലിശ നിരക്ക്.
നിക്ഷേപങ്ങൾക്ക് സർക്കാർ ഗ്യാരണ്ടി.

എം.എം. വിമല
സെക്രട്ടറി

എം. ഗോപാലകൃഷ്ണൻ
പ്രസിഡന്റ്

## ഹിന്ദുത്വ എന്ന രാഷ്ട്രീയ പദ്ധതി

ഹിന്ദുത്വ എന്നത് ഒരു രാഷ്ട്രീയ പദ്ധതി ആണെന്ന് കൃത്യമായി വ്യക്തമാക്കിയത് മറ്റാരുമല്ല ഹിന്ദുത്വ സൈദ്ധാന്തികൻ സവർക്കർ ആണ്. അതിനു ഹിന്ദു മതവുമായി യാതൊരു ബന്ധവുമില്ല. അത് വ്യക്തമായും മനുസ്മൃതിയെ അടിസ്ഥാനമാക്കിയുള്ള ഏകാധിപത്യ ഭരണമാണ്. ബ്രാഹ്മണാധിപത്യം സ്ഥാപിച്ചുകൊണ്ട് ദളിതരെയും ആദിവാസികളെയും സ്ത്രീകളെയും അടിച്ചമർത്താനാണ് ഹിന്ദുത്വ ലക്ഷ്യമിടുന്നത്. ഈ വിഭാഗങ്ങളെ അടിമകളാക്കി മാറ്റുക എന്നതാണ് പദ്ധതി. ഇത് ന്യൂനപക്ഷ വികാരവും ജാതിയെ അടിസ്ഥാനമാക്കിയുള്ള മുന്നേറ്റങ്ങളും ജ്വലിപ്പിച്ചു നിർത്തുന്ന സ്വത്വ രാഷ്ട്രീയത്തിലേക്കാണ് നയിക്കുക. അത് ആത്യന്തികമായി തൊഴിലാളി വർഗ ഐക്യത്തെ തകർക്കും. നവ ലിബറലിസം എന്ന തങ്ങളുടെ സാമ്പത്തിക രാഷ്ട്രീയം ശക്തിപ്പെടുത്താൻ ഹിന്ദുത്വ ശക്തികളും ആർഎസ് എസ് ഫാസിസ്റ്റുകളും ബോധപൂർവം നടപ്പാക്കുന്ന പരിപാടിയാണിത്. തൊഴിലാളികളും കർഷകരും നടത്തുന്ന സമരങ്ങളെ ദുർബലപ്പെടുത്തുകയാണ് ഇതിലൂടെ ഹിന്ദുത്വ ശക്തികൾ ലക്ഷ്യം വയ്ക്കുന്നത്. 2022 മാർച്ച് 28 29 തീയതികളിൽ ട്രേഡ് യൂണിയനുകളുടെ സംയുക്തവേദി നടത്തിയ ദ്വിദിന പൊതുപണിമുടക്ക് ഉദാരവൽക്കരണസ്വകാര്യവൽക്കരണ ആഗോളവൽക്കരണ സാമ്പത്തിക നയങ്ങൾ അടിച്ചേൽപ്പിച്ച ശേഷം നടത്തുന്ന ഇരുപത്തി ഒന്നാമത്തെ പൊതുപണിമുടക്കാണ്. കുപ്രസിദ്ധമായ കാർഷിക നിയമങ്ങൾക്കെതിരെ കർഷകർ ഒരു വർഷമായി നടത്തിയ ഐതിഹാസിക സമരത്തിന്റെ കാലത്തു തന്നെയാണ് ഈ പണിമുടക്കും നടന്നത്. നവലിബറൽ നയങ്ങൾക്കെതിരെ തൊഴിലാളികളിലും കർഷകരിലും രൂപപ്പെടുന്ന ഐക്യം തകർക്കാൻ വേണ്ടിയാണ് ഹിജാബ്, ഹലാൽ, ബാങ്ക്‌വിളി, മുസ്ലിം കച്ചവടക്കാരെ ആക്രമിക്കൽ തുടങ്ങിയ പുതിയ വിഷയങ്ങൾ മുൻനിർത്തിയുള്ള കലാപശ്രമങ്ങൾ.

## പുതിയ സമരങ്ങൾക്ക് പ്രതിജ്ഞാബദ്ധം

വർഗാധിഷ്ഠിത നിലപാടുള്ള ട്രേഡ് യൂണിയനായ സിഐടിയു രൂപം കൊള്ളുന്നത് ഒരു ട്രേഡ് യൂണിയന് സാമൂഹ്യ മാറ്റത്തിനും വർഗ സമരത്തിനും വലിയ പങ്കു വഹിക്കാനുണ്ടെന്ന ബോധ്യത്തിലാണ്. ജനാധിപത്യപരമായി പ്രവർത്തിക്കാനും റിവിഷനിസത്തെ ചെറുത്തു തോൽപ്പിക്കാനും തൊഴിലാളികളെ ഏകോപിപ്പിക്കാനും കഴിഞ്ഞ 52 വർഷമായി വർഗ സമരം ശക്തിപ്പെടുത്താനും സിഐടിയുവിനു സുപ്രധാന പങ്കു വഹിക്കാനായി. ഐക്യത്തിന്റെയും സമരത്തിന്റെയും ഈ പാരമ്പര്യം ഉയർത്തിപ്പിടിക്കുമ്പോൾ തന്നെ തൊഴിലാളി വർഗ്ഗത്തിന്റെ അവകാശങ്ങൾ സംരക്ഷിക്കാനും ഒപ്പം ഇന്ത്യൻ രാഷ്ട്രീയ സാഹചര്യത്തിൽ ജനാധിപത്യവും സാമൂഹ്യ നീതിയും ഫെഡറലിസവും മതനിരപേക്ഷതയും എല്ലാം കാക്കാനുള്ള പോരാട്ടത്തിലും സംഘടന മുന്നിൽ നിന്നു.

**സാമൂഹിക് ജാഗരൺ വാരാചരണം**

ഇന്ദിര ഗാന്ധി അടിയന്തരാവസ്ഥ പ്രഖ്യാപിച്ചപ്പോൾ തൊഴിലാളികളുടെയും ജനങ്ങളുടെ ആകെയും ജനാധിപത്യ അവകാശങ്ങൾക്കു വേണ്ടി സിഐടിയു പൊരുതി. സോഷ്യലിസത്തിലേക്കുള്ള മാർഗമാണ് ജനാധിപത്യം എന്ന മാർക്സിന്റെ വാക്കുകൾ ഏറ്റെടുത്തുകൊണ്ട് ഫാസിസ്റ്റു ഹിന്ദുത്വ ശക്തികളിൽ നിന്നും സാമ്രാജ്യ ഗൂഢ പദ്ധതികളിൽ നിന്നും ഇന്ത്യ എന്ന മതനിരപേക്ഷ ജനാധിപത്യ റിപ്പബ്ലിക്കിനെയും അതിന്റെ സ്വാശ്രയത്തത്തെയും ഇന്ത്യയെ സംരക്ഷിക്കാനുമുള്ള പോരാട്ടത്തിലാണ് സിഐടിയു. സിഐടിയുവിന്റെ ഭരണഘടനയിൽ ഇങ്ങനെ പറയുന്നു: "ഉത്പാദന ഉപാധികളുടെ സാമൂഹ്യവൽക്കരണത്തിലൂടെയും വിതരണത്തിലൂടെയും കൈമാറ്റത്തിലൂടെയും, ഒരു സോഷ്യലിസ്റ്റ് സ്റ്റേറ്റിന്റെ സ്ഥാപനത്തിലൂടെയും മാത്രമേ തൊഴിലാളി വർഗം അനുഭവിക്കുന്ന ചൂഷണം തുടച്ചുനീക്കാൻ കഴിയൂ. സോഷ്യലിസ്റ്റ് തത്വങ്ങൾ ഉയർത്തിപ്പിടിച്ചുകൊണ്ടു സിഐടിയു നിലകൊള്ളുന്നത് ചൂഷണങ്ങളിൽ നിന്നുള്ള പൂർണമായ വിമോചനത്തിനാണ്."

'വർഗ്ഗസമരത്തിലൂടെ അല്ലാതെ സാമൂഹ്യ പരിവർത്തനം സാധ്യമല്ലെന്നു ശക്തമായി വിശ്വസിക്കുന്ന സിഐടിയു തൊഴിലാളി വർഗത്തെ വർഗ്ഗ സഹകരണത്തിന്റെ പാതയിലെത്തിക്കാനുള്ള ശ്രമങ്ങളെ നിരന്തരമായി എതിർക്കും'

തൊഴിലാളികളെയും അധ്വാനിക്കുന്ന എല്ലാ വിഭാഗം ജനങ്ങളെയും ഐക്യപ്പെടുത്തുക, എല്ലാവിധ ചൂഷണങ്ങൾക്കും അടിച്ചമർത്തലുകൾക്കും അറുതിവരുത്തുക എന്ന ലക്ഷ്യങ്ങളുമായി പിറന്ന സിഐടിയു തൊഴിലാളി ഐക്യത്തിന് വേണ്ടിയുള്ള സമരങ്ങളുടെ മുന്നണിയിൽ ഉണ്ടാകാനും വർഗീയ ധ്രുവീകരണത്തിനുള്ള വർഗീയ കോർപറേറ്റ് സഖ്യത്തിനെതിരെയുള്ള പോരാട്ടത്തിനും പ്രതിജ്ഞാബദ്ധമാണ്. നവലിബറൽ നയങ്ങൾക്ക് എതിരെയും എല്ലാവിധ വിഭാഗീയ ശക്തികൾക്ക് എതിരെയും ഉള്ള ഈ ചെറുത്തു നില്പിനെ പുതിയ ഉയരങ്ങളിൽ എത്തിക്കാനും ഇന്ത്യൻ ജനാധിപത്യത്തെ സോഷ്യലിസത്തിലേക്ക് നയിക്കാനും സ്വാതന്ത്ര്യത്തിന്റെ എഴുപത്തഞ്ചാം വർഷത്തിൽ നമുക്ക് പ്രതിജ്ഞ ചെയ്യാം.●

### അസമത്വം, കാലാവസ്ഥാ വ്യതിയാനം

# വ്യവസ്ഥിതിയുടെ സൃഷ്ടി



**ഡാവോസ് മീറ്റിംഗ് നടന്നത് ലോകമാകെ സാമ്പത്തികവും രാഷ്ട്രീയവുമായ വലിയ പ്രതിസന്ധിയുടെ നടുവിൽ നിൽക്കുമ്പോഴാണ്. സാമ്പത്തിക ഫോറത്തിന്റെ ചർച്ചാ വിഷയങ്ങൾ ലോകമാകെ കുതിച്ചുയരുന്ന വിലക്കയറ്റം, സാമ്പത്തിക മുരടിപ്പ്, ചരക്കുനീക്കത്തിലെ പ്രശ്നങ്ങൾ, കോവിഡ് വാക്സിൻ വിതരണത്തിലെ അസംതുലിതാവസ്ഥയും അതിന്റെ പ്രശ്നങ്ങളും തുടങ്ങിയവയായിരുന്നു. ഈ വർഷത്തെ ചർച്ചകളിൽ ഉയർന്ന വിഷയങ്ങൾ പരിശോധിച്ചാൽ കാണാൻ കഴിയുന്നത് ആഗോളവത്ക്കരണവും അന്തർദേശീയ വ്യാപാരസഹകരണവും ഇനിയങ്ങോട്ട് ഏതുതരത്തിൽ മുന്നോട്ടുകൊണ്ടുപോകാൻ കഴിയും എന്ന അങ്കലാപ്പാണ്.**



**ജോസ്.ടി.എബ്രഹാം**

## ഓരോ മുപ്പതു മണിക്കൂറിലും പുതിയ ഒരു കോടിശ്വരൻ പിറക്കുന്നു: ഓക്സ്ഫോം

മഹാമാരികാലത്ത് ഓരോ 30 മണിക്കൂറിലും ഒരു പുതിയ കോടിശ്വാരൻ ഉദയം ചെയ്യുന്നു. അത്രയും സമയംകൊണ്ട് ഈ കാലയളവിൽ 10ലക്ഷത്തിലധികം ജനങ്ങൾ അതീവദാരിദ്ര്യത്തിലേക്ക് തള്ളിവിടപ്പെടുകയും ചെയ്തു. കോവിഡ് കാലം കോടീശ്വരന്മാർക്ക് കൊയ്ത്തുകാലം ആയിരുന്നെങ്കിൽ സാധാരണക്കാരന് അതീവ ദുരിതകാലമായിരുന്നു. 'വേദനയിൽ നിന്നും ലാഭം' (Profiting from pain) എന്നാണ് ഓക്സ്ഫോമിന്റെ ഈ വർഷത്തെ അസമത്വ റിപ്പോർട്ടിന്റെ പേര് തന്നെ.

കോടിശ്വരൻമാർ രണ്ടുവർഷത്തെ ഇടവേളയ്ക്കുശേഷം ഈവർഷം ഡാവോസിലെത്തിയത്. അവരുടെ സമ്പത്തിലെ വലിയ വർദ്ധനവ് ആഘോഷിക്കാനാണ്. മഹാമാരിക്കാലത്ത് ഭക്ഷ്യ/ഊർജ/ഔഷധ മേഖലകളിലുണ്ടായ വിലവർദ്ധനവും ഈ മേഖലകളിലെ കോടീശ്വരന്മാരുടെ സമ്പത്ത് അഭൂതപൂർവ്വമായ രീതിയിൽ വർദ്ധിച്ചിരുന്നതിലേക്ക് നയിച്ചു. രണ്ട് കൊല്ലങ്ങളിൽ ഈ കുത്തകകളുടെ സമ്പത്തിലുണ്ടായ വർദ്ധനവ് 453 ശതകോടി ഡോളറാണ്. എന്നാൽ ഇക്കാലത്ത് പാവപ്പെട്ട ജനം ജീവിച്ചിരിക്കാൻവേണ്ടി ബുദ്ധിമുട്ടുകയായിരുന്നു എന്നാണ് ഓക്സ്ഫോം എക്സിക്യൂട്ടീവ് ഡയറക്ടർ ഗബ്രിയെലാ ബുച്ചർ പറഞ്ഞത്. മഹാമാരികാലത്ത് 573 പേർ പുതുതായി കോടീശ്വരന്മാരായി. അതേസമയം 26 കോടി 30 ലക്ഷം പേർ അതീവ ദാരിദ്യത്തിലേക്ക് എടുത്തെറിയപ്പെടുകയും ചെയ്തു.

കഴിഞ്ഞ 24 മാസങ്ങളിൽ കോടീശ്വരൻമാരുടെ സമ്പത്ത് കഴിഞ്ഞ 23 വർഷത്തെ മൊത്തം വർദ്ധനവിനെക്കാൾ അധികം വർദ്ധിച്ചു. ലോക ജിഡിപിയുടെ 13.9% ഇപ്പോൾ ഒരുപിടി കുത്തകകളുടെ കൈപ്പിടിയിലാണ്. 2000 ൽ ഇത് 4.4% മാത്രമായിരുന്നു. 21 വർഷങ്ങൾകൊണ്ട് 3 മടങ്ങിന്റെ വർദ്ധനവ്.

കോടീശ്വരന്മാരുടെ സമ്പത്താകെ കുതിച്ചുയർന്നത് അവർ ഈ മഹാമാരിക്കാലത്ത് കൂടുതൽ കഠിനാധ്വാനം ചെയ്തതുകൊണ്ടോ കൂടുതൽമിടുക്കരായത്കൊണ്ടോഅല്ല. പിന്നയോ തൊഴിലാളികൾ വളരെ കുറഞ്ഞ വേതനത്തിനും കൂടുതൽ ദുരിതപൂർണ്ണമായ അന്തരീക്ഷത്തിലും മഹാമാരിക്കാലത്തും കഠിനാദ്ധ്വാനം ചെയ്തതുകൊണ്ടാണ്. വൻധനികർ പതിറ്റാണ്ടുകളായി ഒരു ഭയവും മടിയും ഇല്ലാതെ ചൂഷണം നടത്തിക്കൊണ്ടിരിക്കുകയാണ്. സ്വകാര്യവൽക്കരണത്തിലൂടെയും കുത്തകവൽക്കരണത്തിലൂടെയും ധനികർ ലോകത്തെ സമ്പത്താകെ പിടിച്ചടക്കികൊണ്ടിരിക്കുകയാണ്. തൊഴിലാളിയുടെ അവകാശങ്ങളും തൊഴിൽ നിയമങ്ങളും ഇക്കാലത്ത് കാറ്റിൽപറത്തി. ഇത്തരത്തിൽ കൊള്ള ചെയ്തെടുത്ത സമ്പത്ത് നികുതി തട്ടിക്കാൻ കഴിയുന്ന കേന്ദ്രങ്ങളിലേക്ക് (ടാക്സ് സ്വർഗ്ഗങ്ങൾ) കടത്തി കടത്തി സർക്കാരുകളെ പറ്റിച്ചു. സർക്കാരുകൾ പൊതുവെ ഈ നടപടികൾക്ക് നേരെ ബോധപൂർവ്വം കണ്ണടയ്ക്കുകയും ചെയ്യുന്നുവെന്ന് ഓക്സ്ഫോം റിപ്പോർട്ട് നിരീക്ഷിക്കുന്നു.

കാർഗിൽ കുടുംബമാണ് ലോകത്തെ കാർഷിക വിപണിയുടെ 70% നിയന്ത്രിക്കുന്നത്. കഴിഞ്ഞവർഷമായിരുന്നു കാർഗിൽ അവരുടെ ചരിത്രത്തിലെ ഏറ്റവും വലിയ ലാഭം നേടിയവർഷം. ഇതേ വർഷത്തിലാണ് ലോകത്ത് പട്ടിണിയും വർദ്ധിച്ചത്. കാർഗിൽ കുടുംബത്തിൽ മാത്രം 12 ശതകോടീശ്വന്മാരുണ്ട്. മഹാമാരിക്കുമുമ്പ് അത് 8 ആയിരുന്നു. കോവിഡ് കാലത്ത് ലോകമാകെ ഭക്ഷ്യവില കുതിച്ചുയരുകയുണ്ടായി. മഹാമാരിക്കാലത്ത് ദരിദ്ര്യരാജ്യങ്ങളിലെ ജനങ്ങൾക്ക് ഭക്ഷണത്തിനായി മഹാമാരിക്ക് മുമ്പ് ചെലവഴിച്ചിരുന്നതിന്റെ ഇരട്ടി പണം ചിലവാക്കേണ്ടിവന്നു.

ഇനി ഓക്സ്ഫോം പുറത്തുവിട്ട മറ്റു ചില ഞെട്ടിക്കുന്ന കണക്കുകൾ നോക്കാം.

ഏറ്റവും ധനികരായ 20 ശതകോടിശ്വരന്മാരുടെ സമ്പത്ത് സബ് സഹാറൻ ആഫ്രിക്കയുടെ മൊത്തം ജിഡിപിക്കും മേലെയാണ്. ഏറ്റവും സമ്പന്നരായ 1% ത്തിൽ പ്പെട്ട ഒരാളുടെ ഒരുവർഷത്തെ വരുമാനത്തിന് സമാനമായ തുക ഏറ്റവും താഴെക്കിടയിലുള്ള 50 ശതമാനത്തിൽപ്പെട്ട ഒരാൾക്ക് സമ്പാദിക്കാനായി 112 വർഷം വേണ്ടി വരും. ശതകോടീശ്വരൻമാരുടെ എണ്ണം 2020–നേക്കാൾ 21–ൽ 575 വർദ്ധിച്ച് 2668 ആയി. ലോകത്തെ 10 കോടീശ്വരന്മാരുടെ സമ്പത്ത് ലോകത്തെ ഏറ്റവും പാവപ്പെട്ട 40% ശതമാനം പേരെക്കാൾ അധികമാണ്. 40% ജനം എന്നാൽ 310 കോടി.

ഇതാണ് ഇന്ന് ലോകത്തെ അസമത്വത്തിന്റെ ഭീകരാവസ്ഥ. ലോകത്തെ ധനികരിൽ ലാഭവും സമ്പത്തും കുന്നുകൂടുമ്പോഴും അവർ നിയമങ്ങളുടെ പഴുതുകൾ ഉപയോഗിച്ചുകൊണ്ട് നാമമാത്രമായ നികുതിയാണ് ഒടുക്കുന്നത്. നികുതി ഒടുക്കുന്നതിലും കള്ളകളികളാണ്. കിട്ടുന്ന ലാഭം നികുതി തട്ടിക്കാൻ കഴിയുന്ന സ്വറ്റ്സർലന്റ്, പനാമ തുടങ്ങിയ രാജ്യങ്ങളിലെ കേന്ദ്രങ്ങളിലേക്ക് കടത്തുന്നു. ധനികരുടെമേൽ നികുതി ചുമത്താൻ വേണ്ട നടപടികളെടുത്താൽ അസമത്വം കുറയ്ക്കാമെന്ന് ഓക്സ്ഫോം നിർദ്ദേശിക്കുന്നുണ്ട്. എന്നാൽ ഇന്നത്തെ മുതലാളിത്ത വ്യവസ്ഥ അതിന് സമ്മതിക്കില്ലായെന്നതാണ് സത്യം. വ്യവസ്ഥിതിതന്നെ അടിമുടിമാറാതെ ഈ പ്രശ്നത്തിന് പരിഹാരം കാണാനാകില്ല. മുതലാളിത്തവ്യവസ്ഥിതിയിൽ തന്നെ അന്തർലീനമാണ് കുത്തകവൽക്കരണവും, ലാഭം കുന്നുകൂട്ടലും, നികുതി തട്ടിപ്പുമെല്ലാം.

## ലോകസാമ്പത്തിക ഫോറം – 2022

ലോക സാമ്പത്തിക ഫോറത്തിന്റെ വർഷവും ജനുവരി മാസത്തിൽ നടത്തിവന്നിരുന്ന മീറ്റിംഗ് കോവിഡ് മൂലം രണ്ട് വർഷം നടന്നില്ല. ഈ വർഷം മെയ് 22 മുതൽ മെയ് 26 വരെ എല്ലാവർഷവും മീറ്റിംഗ് നടത്തിവരുന്ന ഡാവോസിൽ നടന്നു. ഈവർഷത്തെ മീറ്റിംഗ് നടന്നത് ലോകമാകെ സാമ്പത്തികവും രാഷ്ട്രീയവുമായ വലിയ പ്രതിസന്ധിയുടെ നടുവിൽ നിൽക്കുമ്പോഴാണ്. സാമ്പത്തിക ഫോറത്തിന്റെ ചർച്ചാവിഷയങ്ങൾ ലോകമാകെ കുതിച്ചുയരുന്ന വിലക്കയറ്റം, സാമ്പത്തിക മുരടിപ്പ് ചരക്കുനീക്കത്തിലെ പ്രശ്നങ്ങൾ, കോവിഡ് വാക്സിൻ വിതരണത്തിലെ അസംതുലിതാവസ്ഥയും അതിന്റെ പ്രശ്നങ്ങളും തുടങ്ങിയവയായിരുന്നു. കഴിഞ്ഞ നാല് പതിറ്റാണ്ടിലെ സാമ്പത്തികഫോറം സമ്മേളനങ്ങൾ ആഗോളവൽക്കരണം എങ്ങനെ ശക്തിപ്പെടുത്താം, എങ്ങനെ കൂടുതൽ വ്യാപകമാക്കാമെന്നതും ആഗോളവല്ക്കരണത്തിന്റെ ഗുണഗണങ്ങളുമാണ് ചർച്ച ചെയ്തിരുന്നത്. വ്യതിരിക്തമായ ചുരുക്കം ചില ശബ്ദങ്ങളെ ഉയർന്നുവരാറുള്ളു. ഈ വർഷത്തെ ചർച്ചകളിൽ ഉയർന്ന വിഷയങ്ങൾ പരിശോധിച്ചാൽ കാണാൻ കഴിയുന്നത് ആഗോളവത്ക്കരണവും അന്തർദേശീയ വ്യാപാരസഹകരണവും ഇനിയങ്ങോട്ട് ഏതുതരത്തിൽ മുന്നോട്ടുകൊണ്ടുപോകാൻ കഴിയും എന്ന അങ്കലാപ്പാണ്.

പ്രസിദ്ധസാമ്പത്തിക ശാസ്ത്രജ്ഞൻ ജോസഫ് സ്റ്റിഗ്ലിസ് ലോകസാമ്പത്തികഫോറം മീറ്റിംഗിൽ പങ്കെടുത്തതിന് ശേഷം എഴുതിയ ലേഖനത്തിൽ


മണ്ണാർക്കാട് റൂറൽ സർവ്വീസ് സഹകരണ ബാങ്ക്
LTD No. P.922
മണ്ണാർക്കാട്, പാലക്കാട് ജില്ല.
Ph: 04924-222052, 223823, 223588.
E-mail: mail@mannarkkadruralbank.com | Website: www.mannarkkadruralbank.com
The Pleasure of Personal Banking
സാമ്പത്തിക പ്രതിബദ്ധതയോടൊപ്പം സാമൂഹ്യ പ്രതിബദ്ധതയും...
ഇ. കെ. നായനാർ മെമ്മോറിയൽ
നീതി മെഡിക്കൽ സെന്റർ
COVID-19
RT-PCR LAB
The only NABL Accredited RT PCR LAB in Co operative Sector, Kerala
കുട്ടിസഞ്ചി
24x365
e-lobby
ezypay
WESTERN UNION
സുവർണ്ണം
നീതി സ്റ്റോർ
CIVIL SERVICE COACHING
/ Mannarkkad Rural Bank


പുതുമ തേടുന്ന ഇഷ്ടങ്ങൾക്ക്
പൂർണ്ണതയേകുന്നു
ഈ വർണ്ണലോകം...
ലോകത്തിന് മുന്നിൽ മുല്ലാസ് നിങ്ങളെ വ്യത്യസ്തരാക്കുന്നു.
TM
മുല്ലാസ് വെഡ്ഡിങ്ങ് സെന്റർ
മുല്ലപ്പള്ളി ടവർ, കോടതിപ്പടി,
മണ്ണാർക്കാട്. ഫോൺ: 04924-223225
കാലങ്ങൾക്കതീതമായി തുടരുന്ന ബന്ധങ്ങൾ...
മൂല്യങ്ങളിൽ നെയ്തെടുത്ത വിശ്വാസ്യത...
MOTHER CARE HOSPITAL
MOTHER CARE & HEALTH CENTRE Pvt. Ltd.
മണ്ണാർക്കാട് ക്ലിനിക്ക്
മുല്ലാസ് HOME CENTRE
MULLAPPALLY
Exports and Imports

പറയുന്നത് ആഗോളവത്ക്കരണം അതിന്റെ പാര മ്യതയിലെത്തി ഇനിയങ്ങോട്ട് അതിന്റെ താഴോട്ടുള്ള ഇറക്കമാണ് നാം കാണാൻപോകുന്നത് എന്നാണ്. ആഗോളവത്ക്കരണത്തിന്റെ താഴോട്ടുള്ള പ്രയാണം വലിയ പരിക്കുകളില്ലാതെ കൈകാര്യം ചെയ്യാൻ കഴിയണം എന്നാണ് അദ്ദേഹം അഭിപ്രായപ്പെട്ടത്. ആഗോളവത്ക്കരണം തുടങ്ങിയകാലത്ത് അതിന്റെ വക്താക്കൾ പ്രചരിപ്പിച്ചത് അതിരുകളും തടസ്സങ്ങളും ഇല്ലാത്ത ആഗോളവത്ക്കരണം വലിയ അഭിവൃദ്ധിയും ക്ഷേമവും ലോകമാകെയുള്ള എല്ലാവിഭാഗം ജനങ്ങൾക്കും പ്രദാനം ചെയ്യുമെന്നാണ്. എന്നാൽ സംഭവിച്ചത് നാം കാണുകയാണ്. ഭൂമിയിലെ സമ്പത്താകെ ഒരുപിടി കുത്തകകൾ കൈയടക്കിയിരിക്കുന്നു. സാധാരണ മനുഷ്യരാകെ വലിയ ദുരിതത്തിലുമായി. പ്രാകൃതരീതിയിലുള്ള പ്രകൃതിയുടെയും മനുഷ്യന്റെയും ചൂഷണവും സ്വത്ത് കുന്നുകൂട്ടലുമാണ് ആഗോളവത്ക്കരണകാലത്ത് നടന്നത്. അത് ലോകത്തെ അസമത്വങ്ങൾ ചരിത്രത്തിലില്ലാത്തരീതിയിൽ വർദ്ധിപ്പിച്ചു. പ്രകൃതിയുടെ ചൂഷണം പരിസ്ഥിതി സംതുലിതാവസ്ഥ ആകെ തകർത്തു.

കുറേ വർഷങ്ങളായി ലോക സാമ്പത്തിക ഫോറം മീറ്റിംഗിന് മുന്നോടിയായി സന്നദ്ധസംഘടനയായ ഓക്സ്ഫോം ലോകത്തെ അസംതുലിതാവസ്ഥ സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസിദ്ധീകരിച്ചു വരുന്നുണ്ട്. കൂടാതെ യു.എൻ ഏജൻസിയായ വേൾഡ് മിറ്റിരിയോളജിക്കൽ ഓർഗനൈസേഷൻ അവരുടെ ആഗോള കാലാവസ്ഥയുടെ സ്ഥിതി 2021 (State of the Global Climate in 2021) റിപ്പോർട്ട് മെയ് 18–ന് പ്രസിദ്ധികരിക്കുകയുണ്ടായി. ഈ രണ്ട് റിപ്പോർട്ടിന്റെയും ചില പ്രധാനപ്പെട്ട വിഷയങ്ങൾ ഈ കുറിപ്പിൽ പരിശോധിക്കാം.

## ആഗോള കാലാവസ്ഥയുടെ അവസ്ഥ 2020-2021

വേൾഡ് മെറ്റിരിയോളജിക്കൽ ഓർഗനൈസേഷൻ (എൻഎം.ഒ) ആഗോളകാലാവസ്ഥയുടെ അവസ്ഥ 2021 എന്ന റിപ്പോർട്ട് 2022 മെയ് 18–ന് പുറത്തുവിട്ടു. ഭയാനകമായ അവസ്ഥയാണ് ഈ റിപ്പോർട്ട് ആഗോള കാലാവസ്ഥ സ്ഥിതിയെ സംബന്ധിച്ച് നൽകുന്നത്. കാലാവസ്ഥ സംബന്ധിച്ച നാല് സൂചകകങ്ങൾ ഹരിതവാതക സാന്ദ്രത, കടൽനിരപ്പിന്റെ ഉയർച്ച, കടൽ താപനില, കടലിന്റെ അമ്ളത്തിന്റെ നില (Ocean Acidification) എന്നിവയെല്ലാം രേഖപ്പെടുത്തപ്പെട്ട ചരിത്രത്തിലെ ഏറ്റവും ഉയർന്ന നിലയാണ് 2021 ൽ കാണിച്ചത്. മനുഷ്യന്റെ പ്രകൃതിയിലെ ഇടപെടൽ കടലിലും കരയിലും അന്തരീക്ഷത്തിലും ദുരവ്യാപകമായ പ്രത്യഘാതകങ്ങൾ സൃഷ്ടിക്കുകയാണ്. തീവ്രമായ കാലാവസ്ഥ കോടിക്കണക്കിന് ഡോളറിന്റെ സാമ്പത്തികനഷ്ടം, ജീവജാലങ്ങളുടെ നാശം, മനുഷ്യജീവന്റെ നഷ്ടം, ഭക്ഷ്യ ജലദൗർലഭ്യം, വലിയ രൂപത്തിലുള്ള കുടിയേറ്റം എല്ലാം സൃഷ്ടിക്കുമെന്ന് ഡബ്ല്യുയു എം.ഒ. പറയുന്നു.

യു.എൻ.ന്റെ പല ഏജൻസികൾ ചേർന്നാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയത്. അടിയന്തരനടപടികൾ സ്വീകരിച്ചില്ലെങ്കിൽ പ്രത്യാഘാതങ്ങൾ ഗുരുതരമായിരിക്കും. മനുഷ്യരാശിയുടെ മുന്നോട്ടുള്ള പ്രയാണം വഴിമുട്ടുമെന്നും യുഎൻ സെക്രട്ടറി ജനറൽ അന്റോണിയോ ഗുട്ടറസ് പറഞ്ഞു. ഫോസിൽ ഇന്ധനത്തിന് പകരം പുനരുപയോഗം ചെയ്യാൻ കഴിയുന്ന ഊർജ്ജം കൂടുതൽ ഉപയോഗിക്കുക, സാങ്കേതിക വിദ്യകളുടെ പ്രയോഗത്തിലൂടെ ഹരിതഗൃഹവാതകങ്ങളുടെ ബഹിർഗമനം കുറയ്ക്കുക തുടങ്ങിയ നിർദ്ദേശങ്ങളാണ് ഗുട്ടറസ് മുന്നോട്ട് വയ്ക്കുന്നത്.

എന്നാൽ അസമത്വത്തിന്റെ കാര്യത്തിലെന്നപോലെ തന്നെ കാലാവസ്ഥാ വ്യതിയാനത്തിന്റെ വിഷയത്തിലും ലാഭം മാത്രം ലക്ഷ്യമിട്ട് ക്രമീകരിച്ചിട്ടുള്ള ഉൽപാദന/വിതരണ സമ്പ്രദായത്തിന്റെ അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന മുതലാളിത്ത വ്യവസ്ഥയിൽ പരിഹാരം കാണുവാനാകില്ല. മനുഷ്യൻ വ്യാപരിക്കുന്ന സമസ്ത മേഖലകളേയും മുതലാളിത്തം പ്രതിസന്ധിയിലാക്കിക്കൊണ്ടിരിക്കുകയാണ്. •



THE PATAMBI GOVT. EMPLOYEES' CO-OP. SOCIETY
LTD. NO. P.614 . P.O. PATTAMBI-679 303. PHONE: 2212337
എല്ലാ കേന്ദ്ര–സംസ്ഥാന സർക്കാർ എയ്ഡഡ് സ്കൂൾ ജീവനക്കാർക്കും

കെ.പ്രസാദ്
പ്രസിഡണ്ട്
9447381978

സുകു കൃഷ്ണൻ ടി.
വൈസ് പ്രസിഡണ്ട്
9495797862

യു.അജയ്കുമാർ
സെക്രട്ടറി
9447923627, 8113923627



# തോട്ടം മേഖലയുടെ പ്രശ്നങ്ങളും പരിഹാരവും

**കേന്ദ്രം ഇറക്കുമതി തീരുവ കുറയ്ക്കുകയും മറ്റ് തരത്തിലുള്ള ആനുകൂല്യങ്ങൾ പ്രഖ്യാപിക്കുകയും ചെയ്തത് വിദേശരാജ്യങ്ങളിൽ നിന്നും എത്തിച്ചേരുന്ന പ്ലാന്റേഷൻ ഉല്പന്നങ്ങളുമായി വിപണിയിൽ മത്സരിച്ചു നിൽക്കാൻ കഴിയാത്ത സ്ഥിതിയുളവാക്കി. വൻതോതിലുള്ള ഇറക്കുമതി കാരണം നമ്മുടെ ഉല്പന്നങ്ങൾക്ക് ന്യായമായ വില ലഭിക്കാതെ വരുകയും പ്ലാന്റേഷൻ മേഖലയുടെ പ്രതിസന്ധിയുടെ ആഴം വർധിപ്പിക്കുകയും ചെയ്തു. കീടനാശിനിയുടെയും രാസവളത്തിന്റെയും സബ്സിഡി കേന്ദ്രഗവൺമെന്റ് എടുത്തുമാറ്റിയതിനെ തുടർന്ന് വില ക്രമാതീതമായി ഉയർന്നത് തോട്ടവ്യവസായത്തിനേറ്റ പ്രഹരമാണ്.**

നരസിംഹറാവുവിന്റെ നേതൃത്വത്തിലുള്ള കോൺഗ്രസ് ഗവൺമെന്റാണ് ഇന്ത്യയിൽ ആഗോളവൽക്കരണ സാമ്പത്തികനയം നടപ്പിലാക്കാൻ തുടങ്ങിയത്. ആ നയം അതിതീവ്രതയോടെയും വാശിയോടും നടപ്പിലാക്കുകയാണ് മോഡിഗവൺമെന്റ്.



കെ.കെ.ജയചന്ദ്രൻ

ആഗോള സാമ്പത്തിക നയം നമ്മുടെ രാജ്യത്തിന്റെ സമസ്തമേഖലകളേയും പ്രതിസന്ധിയിലാഴ്ത്തിയിരുന്നു. ആ നയത്തിന്റെ പ്രത്യാഘാതം ഏറ്റവുമധികം ഏറ്റുവാങ്ങിയത് കേരളത്തിന്റെ തോട്ടം മേഖലയാണ്.

കേന്ദ്രം ഇറക്കുമതി തീരുവ കുറയ്ക്കുകയും മറ്റ് തരത്തിലുള്ള ആനുകൂല്യങ്ങൾ പ്രഖ്യാപിക്കുകയും ചെയ്തത് വിദേശരാജ്യങ്ങളിൽ നിന്നും എത്തിച്ചേരുന്ന പ്ലാന്റേഷൻ ഉല്പന്നങ്ങളുമായി വിപണിയിൽ മത്സരിച്ചു നിൽക്കാൻ കഴിയാത്ത സ്ഥിതിയുളവാക്കി.

ഗുണനിലവാരം കുറഞ്ഞതെങ്കിലും വൻതോതിലുള്ള ഇറക്കുമതി കാരണം നമ്മുടെ ഉല്പന്നങ്ങൾക്ക് ന്യായമായ വില ലഭിക്കാതെ വരുകയും പ്ലാന്റേഷൻ മേഖലയുടെ പ്രതിസന്ധിയുടെ ആഴം വർധിപ്പിക്കുകയും ചെയ്തു.

കീടനാശിനിയുടെയും രാസവളത്തിന്റെയും സബ്സിഡി കേന്ദ്രഗവൺമെന്റ് എടുത്തുമാറ്റിയ

തിനെ തുടർന്ന് വില ക്രമാതീതമായി ഉയർന്നത് തോട്ടവ്യവസായത്തിനേറ്റ പ്രഹരമാണ്.

ലക്ഷക്കണക്കിന് തൊഴിലാളികൾ കുറഞ്ഞ വേതനത്തിന് പണിയെടുക്കുന്ന തോട്ടം മേഖലയിലെ തൊഴിലാളികളുടെ വരുമാനം ഇടിയുകയും ജീവിതം അധികം ദുഷ്കരമാവുകയും ചെയ്തു.

ഈ ഘട്ടത്തിൽ കോവിഡ് മഹാമാരിയുടെ വ്യാപനം തോട്ടം പ്രതിസന്ധി അതിരൂക്ഷമാക്കി ത്തീർത്തു.

തോട്ടം മേഖലയുടെ സംരക്ഷണത്തിന് ഒരു നടപടിയും കേന്ദ്രഗവൺമെന്റ് സ്വീകരിച്ചില്ലെന്നു മാത്രമല്ല, ലക്ഷക്കണക്കിന് തോട്ടം തൊഴിലാളികൾക്ക് അടിയന്തരാശ്വാസം നൽകാൻ പോലും കേന്ദ്രസർക്കാർ തയ്യാറായില്ല.

കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് ഈ പ്രതിസന്ധി ഘട്ടത്തിൽ തോട്ടം മേഖലയുടെ പുരോഗതിക്കു പദ്ധതികൾ ആവിഷ്ക്കരിച്ചുകൊണ്ട് തൊഴിലാളി കുടുംബങ്ങൾക്ക് ആശ്വാസമാകുന്ന ക്രിയാത്മകമായ ഒട്ടനവധി നടപടികൾ നടപ്പിലാക്കുകയുണ്ടായി.

കൃഷ്ണൻ നായർ കമ്മീഷൻ റിപ്പോർട്ട് നടപ്പിലാക്കുന്നതിന് മാനേജ്മെന്റ് പ്രതിനിധികളുടെയും തൊഴിലാളി പ്രതിനിധികളുടെയും യോഗം ചേർന്ന് അവരുടെ കൂടെ അഭിപ്രായങ്ങൾ സ്വീകരിച്ച് കമ്മീഷൻ റിപ്പോർട്ട് നടപ്പിലാക്കാൻ തീരുമാനിച്ചു.

കാർഷികാദായ നികുതിയും പ്ലാന്റേഷൻ ടാക്സും നിർത്തലാക്കിയും തൊഴിലാളികൾ താമസിക്കുന്ന വീടുകളുടെ പഞ്ചായത്ത് നികുതി ഒഴിവാക്കിക്കൊടുത്തും മാനേജ്മെന്റുകൾക്ക് ആശ്വാസകരമായ നടപടി സ്വീകരിച്ചു.

കോവിഡ്കാലത്തും പ്രളയദുരന്തകാലത്തും സൗജന്യറേഷനും ഭക്ഷ്യക്കിറ്റുകളും നൽകി തൊഴിലാളി കുടുംബങ്ങൾക്ക് ആശ്വാസമായി നിന്നു.

തോട്ടം തൊഴിലാളികളുടെ പാർപ്പിടപ്രശ്നം പരിഹരിക്കുന്നതിന് ലൈഫ്മിഷനിൽ ഉൾപ്പെടുത്തി വീടുകൾ വച്ചു നൽകുകയും തോട്ടത്തിനകത്ത് ലൈസൻസിൽ താമസിക്കുന്ന തൊഴിലാളികളുടെ പാർപ്പിട പ്രശ്നം പരിഹരിക്കുന്നതിന് ക്രിയാത്മക നടപടികൾ ആരംഭിക്കുകയും ചെയ്തു.

തോട്ടം വ്യവസായത്തെ ലാഭകരമാക്കുന്നതിനും അതിലൂടെ തൊഴിലെടുക്കുന്നവർക്ക് മെച്ചപ്പെട്ട സേവന വേതന വ്യവസ്ഥകൾ നടപ്പിലാക്കുന്നതിനുമുള്ള പരിശ്രമത്തിലാണ് സർക്കാർ ഏർപ്പെട്ടിരിക്കുന്നത്.

തോട്ടം മേഖലയിൽ അത്യുൽപ്പാദനശേഷിയുള്ള തൈ വച്ചു പിടിപ്പിക്കുകയും യന്ത്രവൽക്കരണവും ആധുനികവൽക്കരണവും നടത്തി. വിദേശ രാജ്യങ്ങളിലെ ഉൽപ്പന്നങ്ങളുമായി മത്സരിക്കാൻ കഴിയുന്ന രീതിയിൽ ഉല്പന്നങ്ങൾ വികസിപ്പിച്ചെടുക്കുകയാണ് ഗവൺമെന്റിന്റെ ലക്ഷ്യം.

തോട്ടങ്ങളെ ആദായകരമാക്കുന്നതിന് മറ്റു മാർഗങ്ങളും സ്വീകരിക്കുന്നത് അഭികാമ്യമാണ്. ഇടവിളകൃഷിക്ക് പ്രധാനപങ്കുവഹിക്കാൻ കഴിയും. അതിന് തോട്ടങ്ങളിൽ തരിശായി കിടക്കുന്ന ഭൂമിയും ഇടവിളകൃഷിക്ക് സാധ്യതയുള്ള ഭൂമിയും ഉപയോഗപ്പെടുത്താനാകണം.

ഇത്തരത്തിലുള്ള ഭൂമിയിലും തോട്ടങ്ങളുടെ അതിരുകളിലും ഫലവൃക്ഷങ്ങൾ വച്ചുപിടിപ്പിക്കുന്നത് നല്ല വരുമാനസാധ്യത ഉള്ളതാണ്.

നമ്മുടെ തോട്ടം മേഖലയുടെ ഒരു പ്രത്യേകത സഞ്ചാരികളുടെ പ്രിയങ്കരമായ പ്രദേശങ്ങളാണ്. ഈ പ്രദേശങ്ങൾ കണ്ടുമടങ്ങുകയാണ് സഞ്ചാരികൾ ചെയ്യുന്നത്. ഫാം ടൂറിസത്തിന്റെ പ്രോത്സാഹനം സഞ്ചാരികളെ പ്ലാന്റേഷൻ ഉല്പന്നങ്ങളുടെ ഗുണഭോക്താക്കളാക്കി മാറ്റാൻ കഴിയുമെന്നുള്ളതാണ്.

ദശലക്ഷക്കണക്കിന് ഹെക്ടറിൽ വ്യാപിച്ചുകിടക്കുന്ന നമ്മുടെ പ്ലാന്റേഷൻ ചെറുതും വലുതുമായ വെള്ളച്ചാട്ടങ്ങളും പർവതങ്ങളും പാറക്കെട്ടുകളും അരുവികളും എല്ലാം ചേർന്ന് ടൂറിസത്തിന്റെ കലവറകൂടിയാണ്.

ഈ സാധ്യതകളെല്ലാം ഫലപ്രദമായി ഉപയോഗപ്പെടുത്തിയാൽ തോട്ടങ്ങളെ നല്ല ലാഭകരമാക്കിതീർക്കുന്നതോടൊപ്പം തൊഴിലാളികൾക്ക് മെച്ചപ്പെട്ട സേവനവ്യവസ്ഥകളും വേതനവും നൽകുവാനും കഴിയും.

എൽഡിഎഫ് സർക്കാർ പ്ലാന്റേഷൻ മേഖലയെ വ്യവസായ വകുപ്പിന്റെ ഭാഗമായി അംഗീകരിക്കുകയും ഈ രംഗത്തെ ഏകോപിപ്പിക്കുന്നതിന് പ്ലാന്റേഷൻ ഡയറക്ടറേറ്റ് രൂപീകരിക്കുകയും ചെയ്തത് സ്വാഗതാർഹമാണ്.

പ്ലാന്റേഷൻ മേഖലയുടെ പുരോഗതിക്കായി ഈ രൂപത്തിലുള്ള പദ്ധതികളെ പ്രോത്സാഹിപ്പിക്കുന്നതിന് പ്ലാന്റേഷൻ അടിസ്ഥാനഘടനയിൽ മാറ്റം വരുത്താതെതന്നെ മുന്നോട്ടു പോകാൻ കഴിയത്തക്കനിലയിൽ നിലവിലുള്ള ഭൂവിയോഗ ചട്ടങ്ങളിൽ ആവശ്യമായ ഭേദഗതി വരുത്തിയേ കഴിയൂ.

ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി എന്നത് തൊഴിലാളികളും ഇടത്തരം ദരിദ്രരും കൃഷിക്കാരും അംഗങ്ങളായതാണ്. ക്ഷേമിധിയുടെ പ്രവർത്തനം കൃഷിക്കാരേയും തൊഴിലാളികളേയും ആകർഷിക്കാൻ കഴിയുന്ന നിലയിൽ പരിഷ്കരിക്കണം.

മിക്കവാറും എല്ലാ ജില്ലകളിലും അടഞ്ഞുകിടക്കുന്ന തോട്ടങ്ങൾ തുറപ്പിക്കുന്നതിന് കഴിഞ്ഞ സർക്കാർ ഒരു പരിശ്രമം നടത്തുകയുണ്ടായി. എന്നാൽ ആ രംഗത്ത് കാര്യമായ പുരോഗതി ഉണ്ടാക്കാനായില്ല. തോട്ടങ്ങൾ തുറക്കുന്നതിന് ലഭ്യമായ എല്ലാ സാധ്യതകളെയും ഉപയോഗപ്പെടുത്താനാവണം.●

# വാഹന ഇൻഷുറൻസ് പ്രീമിയം വർധന ആർക്കുവേണ്ടി

**വാഹന ഇൻഷുറൻസ് പ്രീമിയം വർധനവ് ഇൻഷുറൻസ് മേഖലയിലുണ്ടാകാൻ പോകുന്ന വരും നാളുകളിലെ ചൂഷണത്തിന്റെ ഒരു സൂചന മാത്രമാണ്. മോട്ടോർ നിയമ ഭേദഗതി നിയമവും സ്ക്രാപേജ് പോളിസിയുമെല്ലാം കേന്ദ്ര സർക്കാരിന്റെ തൊഴിലാളി വിരുദ്ധ ഗൂഢാലോചനയുടെ ഭാഗമായിരുന്നു. വാഹന രജിസ്ട്രേഷന്റെ വർദ്ധനവിനൊപ്പം പിഴയും ഭീമമായി ഉയർത്തുന്ന സമീപനം കേന്ദ്രം സ്വീകരിച്ചിരിക്കുകയാണ്. ഇത് സാധാരണക്കാർക്കും തൊഴിലാളികൾക്കും താങ്ങാനാകാത്ത സ്ഥിതിയാണ്. തേർഡ് പാർട്ടി ഇൻഷുറൻസിലൂടെ തൊഴിലാളികൾക്ക് ലഭിക്കേണ്ട പരിരക്ഷ തന്നെ ഇല്ലാതാക്കുകയാണ്**



**കെ.എസ്.സുനിൽകുമാർ**

രാജ്യത്തിന്റെ പൊതുവിഭവങ്ങളെയാകെ മറ്റൊരു കാലത്തുമില്ലായിരുന്നവിധം കോർപ്പറേറ്റുകൾക്കു വിറ്റഴിച്ചുകൊണ്ടിരിക്കുന്ന ഒരു കാലത്തിലൂടെയാണ് നാം കടന്നുപോകുന്നത്. രാജ്യത്തെ പൊതുവിഭവങ്ങളും സേവനങ്ങളും അർഹമായും നീതിപരമായും ജനങ്ങളിലേക്ക് എത്തിക്കുക എന്നതാണ് ഒരു സർക്കാരിന്റെ ധർമ്മം. ഇന്ത്യ ഭരിക്കുന്ന നരേന്ദ്ര മോദി സർക്കാർ രാജ്യത്തിനെ സ്വകാര്യ കുത്തകൾക്ക് തീറെഴുതികൊടുത്തുകൊണ്ടിരിക്കുകയാണ്. പൊതുമുതലുകൾ നിയമംമൂലം എന്ന വ്യാജേന സ്വകാര്യവ്യക്തികളുടെ താൽപര്യങ്ങൾക്ക് കേന്ദ്ര സർക്കാർ മറിച്ചുനൽകുന്നു. ഒരു രാജ്യത്തിന്റെ അടിത്തറ അവിടുത്തെ പൊതുസംവിധാനങ്ങളാണ്. ജനങ്ങളെ ചേർത്തുനിറുത്തുന്നതിലും ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിലും പൊതുസംവിധാനങ്ങൾക്ക് സുപ്രധാനമായ പങ്കുണ്ട്. എന്നാൽ ജനങ്ങൾക്കിടയിൽ വിഭജനവും വിവേചനവുമുണ്ടാക്കി ലാഭം കൊയ്യുക എന്ന രാഷ്ട്രീയ അജണ്ട മുൻനിറുത്തി പ്രവർത്തിക്കുന്ന കേന്ദ്ര സർക്കാർ സ്വകാര്യവൽക്കരണത്തെ പ്രോത്സാഹിപ്പിക്കുകയും പൊതുവിടങ്ങളെ തകർക്കുകയുമാണ് ചെയ്യുന്നത്.

കോവിഡ് സൃഷ്ടിച്ച സാമ്പത്തിക പ്രതിസന്ധികൾ ജനങ്ങളുടെ ജീവിതക്രമത്തെയാകെ താളം തെറ്റിച്ചിരിക്കുകയാണ്. അതിൽ നിന്നു കരകയറാൻ ശ്രമിക്കുമ്പോഴാണ് കേന്ദ്ര സർക്കാർ ജനവിരുദ്ധമായ നിരവധി നയങ്ങൾ അടിച്ചേൽപ്പിക്കുന്നത്. സാമ്പത്തികമായി ജനങ്ങളെ അസ്ഥിരപ്പെടുത്തുന്ന ഒട്ടേറെ നടപടികൾ സർക്കാരിന്റെ ഭാഗത്തുനിന്ന് ഉണ്ടായികൊണ്ടിരിക്കുന്നു. വാഹനങ്ങളുടെ ഇൻഷുറൻസ് പ്രീമിയം വർധിപ്പിച്ച് കേന്ദ്ര ഗതാഗത മന്ത്രാലയം പുറത്തിറക്കിയ ഉത്തരവ് സാധാരണ ജനങ്ങൾക്കും തൊഴിലാളികൾക്കും മേലുള്ള കനത്ത പ്രഹരമാണ്. ഇൻഷുറൻസ് മേഖലയെ സ്വകാര്യവൽക്കരിക്കാനുള്ള നീക്കങ്ങൾ നേരത്തെ തന്നെ നരേന്ദ്ര മോദി സർക്കാർ ആരംഭിച്ചിരുന്നു. പൊതുമേഖലാ സ്ഥാപനങ്ങൾ സ്വകാര്യവൽക്കരിക്കുമെന്ന് ബജറ്റ് പ്രസംഗത്തിലടക്കം കേന്ദ്ര ധനമന്ത്രി നിർമല സീതാരാമൻ പ്രഖ്യാപിച്ചിരുന്നു. നവ ഉദാരവൽക്കരണ പ്രക്രിയകളെ കൂടുതൽ ശക്തിയോടെ നടപ്പാക്കുമെന്ന ബി.ജെ.പി സർക്കാരിന്റെ ലക്ഷ്യത്തിന്റെ ഭാഗമാണ് ഇത്തരം നീക്കങ്ങൾ. 2020–21ലെ പൊതുമേഖലാ ഓഹരി വില്പനയിലൂടെ 2.10 ലക്ഷം കോടി രൂപയുടെ വരുമാനമാണ് സർക്കാർ പ്രതീക്ഷിക്കുന്നതെന്നായിരുന്നു ധനമന്ത്രി പറഞ്ഞത്. ഇൻഷുറൻസ് മേഖലയിൽ വിദേശ നിക്ഷേപം വർധിപ്പിക്കാനുള്ള കേന്ദ്ര ബജറ്റിലെ തീരുമാനത്തിനും രാജ്യത്തെ കച്ചവട താൽപര്യകാർക്ക് വിട്ടുകൊടുക്കാനുള്ള കേന്ദ്ര നയത്തിനുമെതിരെ സി.ഐ.ടി.യു തുടർച്ചയായ സമരങ്ങളാണ് നടത്തിവരുന്നത്.



സ്വകാര്യ മൂലധന ശക്തികളുടെ നിയന്ത്രണത്തിലായിരുന്ന ഇൻഷുറൻസ് മേഖലയെ 1956–ലാണ് ജനകീയവൽക്കരിക്കാനുള്ള ഇടപെടലുകൾ കേന്ദ്ര സർക്കാർ നടത്തിയത്. ഇതിന്റെ ഭാഗമായാണ് 245 സ്വകാര്യ വിദേശ ലൈഫ് ഇൻഷുറൻസ് കമ്പനികൾ, പോളിസിയുടമകൾ എന്നിവരുടെ താൽപ്പര്യം മുൻനിർത്തി ദേശസാൽക്കരണത്തിലൂടെ സർക്കാർ എൽഐസി രൂപീകരിച്ചത്. ജനങ്ങളോടും രാജ്യത്തോടും ഉത്തരവാദിത്തമുള്ള ഒരു പൊതുമേഖലാ സ്ഥാപനമായി ലൈഫ് ഇൻഷുറൻസ് കോർപ്പറേഷൻ അതിവേഗം മാറി. ഭവനം, ജലസേചനം, ഊർജം, കുടിവെള്ള വിതരണം, മാലിന്യ സംസ്കരണം, റോഡ്, തുറമുഖം, പാലങ്ങൾ, റെയിൽവേ എന്നിവടങ്ങളിലെല്ലാം ജനങ്ങൾക്കുവേണ്ടി സർക്കാർ നടത്തിയ ഇടപെടലുകളിൽ എൽ.ഐ.സി.യുടെ സംഭാവന നിർണായകമായിരുന്നു. 2018–19ൽ എൽ.ഐ.സി. സർക്കാരിന് കൊടുത്ത ലാഭവിഹിതം മാത്രം 2,610 കോടി രൂപയാണ്. സർക്കാരിന്റെ വിവിധ പദ്ധതികളിലെ എൽ.ഐ.സി. പങ്കാളിത്തം 28,32,128.95 കോടി രൂപ വരും. വിവിധ സംരംഭങ്ങൾക്കായി എൽ.ഐ.സി. നൽകിയ വായ്പ 1,17,352 കോടി രൂപയാണ്. 2019 മാർച്ചിലെ കണക്കുപ്രകാരം 53,214.41 കോടി രൂപയാണ് പോളിസി ഉടമകൾക്കായി പങ്കുവച്ചത്. കഴിഞ്ഞ 15 വർഷമായി ക്ലെയിം സെറ്റിൽമെന്റിന്റെ കാര്യത്തിൽ ലോകത്ത് തന്നെ ഒന്നാം സ്ഥാനത്ത് നിൽക്കുകയാണ് എൽ.ഐ.സി. ലൈഫ് ഇൻഷുറൻസ് കോർപ്പറേഷന്റെ ആസ്തി മുഴുവൻ പോളിസി ഉടമകളുടെ തുകയാണ്. യഥാർത്ഥത്തിൽ 40 കോടിയിലധികം വരുന്ന പോളിസി ഉടമകളാണ് എൽ.ഐ.സിയുടെ ഉടമസ്ഥർ. ആ പോളിസി ഉടമകളുടെ അനുവാദമോ അഭിപ്രായമോ പരിഗണിക്കാതെയാണ് സർക്കാർ ഏകപക്ഷീയമായി എൽ.ഐ.സിയെ സ്വകാര്യവൽക്കരിക്കാനുള്ള നീക്കങ്ങൾ നടത്തിയത്. ഇന്ത്യയിലെ ജനങ്ങളുടെ വിശ്വാസം ആർജ്ജിച്ചെടുത്ത, ലാഭത്തിൽ പ്രവർത്തിച്ചുകൊണ്ടിരുന്ന, ഒരു പൊതുമേഖല ഇൻഷുറൻസ് സംവിധാനത്തെയാണ് നിഷ്കരുണം കേന്ദ്ര സർക്കാർ ഇല്ലാതാക്കുന്നത്.

കോവിഡ് മഹാമാരിയുടെ സാഹചര്യത്തെ തുടർന്നുണ്ടായ രണ്ടു വർഷത്തെ മൊറട്ടോറിയം അവസാനിച്ചതോടെ വാഹനങ്ങളുടെ ഇൻഷുറൻസ് പ്രീമിയം കേന്ദ്ര സർക്കാർ വർധിപ്പിച്ചിരിക്കുകയാണ്. ഇൻഷുറൻസ് മേഖലയിലെ സ്വകാര്യവൽക്കരണം ജനങ്ങളുടെ ജീവിതത്തിൽ പ്രതികൂലമായി എങ്ങനെ പ്രതിഫലിക്കുന്നു എന്നതിന്റെ ഉദാഹരണമാണ് ഇൻഷുറൻസ് പ്രീമിയത്തിലെ വർധനവ്. 2019–20 വർഷത്തിൽ 2,072 രൂപയായിരുന്ന 1000 സിസിയിൽ കവിയാത്ത സ്വകാര്യ കാറുകളുടെ തേർഡ് പാർട്ടി ഇൻഷുറൻസിന്റെ വാർഷിക നിരക്ക് 2,094 രൂപയായി. 1000 സിസിക്കും 1500 സിസിക്കും ഇടയിൽ എൻജിൻ ശേഷിയുള്ള സ്വകാര്യ കാറുകളുടെ തേർഡ് പാർട്ടി ഇൻഷുറൻസ് 3,221 രൂപയിൽ നിന്ന് 3,416 രൂപയായി ഉയർത്തി. അതേസമയം 1500 സിസിക്ക് മുകളിൽ എൻജിൻ ശേഷിയുള്ള വലിയ സ്വകാര്യ വാഹനങ്ങളുടെ പ്രീമിയം 7,890 രൂപയിൽ നിന്ന് 7,897 രൂപയാക്കിയിട്ടുണ്ട്.

റോഡ്, ഗതാഗത, ഹൈവേ മന്ത്രാലയത്തിന്റെ ഉത്തരവനുസരിച്ച്, 150 സിസിക്ക് മുകളിലുള്ളതും എന്നാൽ 350 സിസിയിൽ കൂടാത്തതുമായ ഇരുചക്ര വാഹനങ്ങളുടെ ഇൻഷുറൻസ് പ്രീമിയം 1,366 രൂപയും 350 സിസിക്ക് മുകളിലുള്ള ഇരുചക്ര വാഹനങ്ങളുടെ ഇൻഷുറൻസ് പ്രീമിയം 2,804 രൂപയും ആയിരിക്കും. മൂന്ന് വർഷത്തെ സിംഗിൾ പ്രീമിയം നിരക്കുകളും വിജ്ഞാപനത്തിലുണ്ട്. 1000 സിസിയിൽ കൂടാത്ത പുതിയ കാറുകൾക്ക് 6,521 രൂപയും 1000 സിസിക്കും 1500 സിസിക്കും ഇടയിലുള്ള കാറിന് 10,640 രൂപയുമാണ് സിംഗിൾ പ്രീമിയം തുക. 1500 സിസിയിൽ കൂടുതലുള്ള പുതിയ സ്വകാര്യ വാഹനങ്ങൾക്ക് 24,596 രൂപയ്ക്ക് മൂന്ന് വർഷത്തേക്ക് ഇൻഷുറൻസ് ലഭിക്കും. 75 സിസിയിൽ താഴെയുള്ള ഇരുചക്രവാഹനങ്ങൾക്ക് അഞ്ച് വർഷത്തെ സിംഗിൾ പ്രീമിയം തുക 2,901 രൂപയാണ്. 75 സിസി മുതൽ 150 സിസി വരെയുള്ളവയ്ക്ക് 3,851 രൂപയാണ്. 150 സിസി മുതൽ 350 സിസി വരെയുള്ളവയ്ക്ക് 7,365 രൂപയാണ്. 350

സിസിയിൽ കൂടുതലുള്ള ഇരുചക്ര വാഹനങ്ങളുടെ അഞ്ച് വർഷത്തെ സിംഗിൾ പ്രീമിയം തുക 15,117 രൂപയാണ്.

ഇലക്ട്രിക് വാഹനങ്ങളുടെ കാര്യമെടുക്കുകയാണെങ്കിൽ, 30 കിലോവാട്ടിൽ താഴെ എൻജിൻ പവർ വരുന്ന വാഹനങ്ങൾക്ക് മൂന്ന് വർഷത്തേക്ക് 5,543 രൂപ സിംഗിൾ പ്രീമിയം ആയി അടയ്ക്കാം. 30 കിലോവാട്ടിനും 65 കിലോവാട്ടിനും ഇടയിലുള്ള വാഹനങ്ങൾക്ക് 9,044 രൂപയാണ് പ്രീമിയം തുക. 65 കിലോവാട്ടിൽ കൂടുതലുള്ള വലിയ ഇലക്ട്രോണിക് വാഹനങ്ങൾക്ക് മൂന്ന് വർഷത്തേക്ക് 20,907 രൂപ നൽകണം. 3 കിലോവാട്ടിൽ കൂടാത്ത പുതിയ ഇരുചക്ര വാഹനങ്ങൾക്ക് അഞ്ച് വർഷത്തെ സിംഗിൾ പ്രീമിയത്തിന് കീഴിൽ 2,466 രൂപയ്ക്ക് ഇൻഷുറൻസ് ലഭിക്കും. മൂന്ന് കിലോവാട്ടിനും ഏഴ് കിലോവാട്ടിനും ഇടയിലുള്ള വാഹനങ്ങൾക്ക് അഞ്ച് വർഷത്തേക്ക് സിംഗിൾ പ്രീമിയം 3,273 രൂപയാണ്. ഏഴ് കിലോവാട്ടിനും 16 കിലോവാട്ടിനും ഇടയിലുള്ള വാഹനങ്ങൾക്ക് അഞ്ച് വർഷത്തേക്ക് 6,260 രൂപ നൽകണം. 16 കിലോവാട്ടിൽ കൂടുതൽ ശേഷിയുള്ള ഉയർന്ന പവർ വരുന്ന ഇരുചക്ര വാഹനങ്ങൾക്ക് അഞ്ച് വർഷത്തേക്ക് 12,849 രൂപയ്ക്ക് ഇൻഷുറൻസ് ലഭിക്കും.

പെട്രോളിയം ഉത്പന്നങ്ങളുടെ വില ദിനം പ്രതി കുത്തിച്ചുകയറുന്ന സാഹചര്യത്തിലാണ് രാജ്യത്ത് വാഹന ഇൻഷുറൻസ് പ്രീമിയവും വർധിപ്പിക്കുന്നത്. ഇതിനുപുറമെ ജി.എസ്.ടിയും നോട്ടുനിരോധനവും കോവിഡ് മഹാമാരിയും സൃഷ്ടിച്ച സാമ്പത്തിക ആഘാതവുമുണ്ട്. എന്നിട്ടും സ്വകാര്യ ഇൻഷുറൻസ് കമ്പനികൾക്ക് കൊള്ളലാഭം കൊയ്യാനുള്ള സാഹചര്യം സൃഷ്ടിക്കുക എന്നതാണ് കേന്ദ്ര സർക്കാരിന്റെ ശ്രമം. സ്വകാര്യ കുത്തകകളിൽ നിന്ന് 1956ൽ പിടിച്ചെടുത്ത ഇൻഷുറൻസ് മേഖലയെ വീണ്ടും അവരുടെ കൈയിലെത്തിക്കാൻ കോർപ്പററ്റുകളാൽ നിയന്ത്രിക്കപ്പെടുന്ന മോദി ഭരണകൂടം നയങ്ങൾ രൂപീകരിക്കുന്നു. എൽ.ഐ.സിയോട് ഇൻഷുറൻസ് രംഗത്ത് മത്സരിക്കാൻ ശ്രമിച്ച എല്ലാ സ്വകാര്യ കമ്പനികളും മാർക്കറ്റിൽ പരാജയപ്പെട്ടതാണ് ചരിത്രം. 23 സ്വകാര്യ കമ്പനികൾ സർവ്വസന്നാഹങ്ങളും ഉപയോഗിച്ച് മത്സരിച്ചിട്ടും ഇപ്പോഴും 74 ശതമാനം മാർക്കറ്റ് ഷെയർ എൽ.ഐ.സിയുടെ കൈകളിലാണ്. ഇതിൽ അസ്വസ്ഥരായ കുത്തകമുതലാളിമാർക്കുവേണ്ടി എൽ.ഐ.സിയെ തന്നെ ഇല്ലാതാക്കാൻ കേന്ദ്ര സർക്കാർ മുന്നിട്ടിറങ്ങുകയാണ്. വാഹന ഇൻഷുറൻസ് പ്രീമിയം വർധനവ് ഇൻഷുറൻസ് മേഖലയിലുണ്ടാകാൻ പോകുന്ന വരും നാളുകളിലെ ചൂഷണത്തിന്റെ ഒരു സൂചന മാത്രമാണ്. ദരിദ്രനെ കൂടുതൽ ദരിദ്രനാക്കി നിലനിറുത്തുക എന്ന ആഗോളവൽക്കരണത്തിന്റെ തത്വം ഉപയോഗിച്ച് സാധാരണക്കാരെ പിഴിഞ്ഞെടുത്ത് വൻകിട കുത്തക മുതലാളിമാരെ വളർത്തുന്നതിന് വേണ്ടിയുള്ള ശ്രമങ്ങൾ കേന്ദ്രസർക്കാർ നിർലജ്ജം നടപ്പിലാക്കികൊണ്ടിരിക്കുകയാണ്.

കോവിഡിനെ തുടർന്ന് പ്രതിസന്ധിയിലായ മോട്ടർ വാഹന തൊഴിൽരംഗം ഉപേക്ഷിച്ച് മറ്റ് തൊഴിൽ മേഖലയിലേക്ക് പോകാൻ തൊഴിലാളികൾ നിർബന്ധിതരായ ഒരു സമീപഭൂതകാലത്തിലൂടെയാണ് നാം കടന്നുവന്നത്. കേന്ദ്ര സർക്കാർ തൊഴിലാളികൾക്ക് ഗുണകരമാകുന്ന സാമ്പത്തിക പാക്കേജ് നിർമിക്കുന്നതിന് തയ്യാറായിരുന്നില്ല. മോട്ടോർ മേഖല സമ്പൂർണ്ണമായും കോർപ്പറേറ്റുകൾക്ക് കൈമാറാനുള്ള പദ്ധതികൾ തകൃതിയിൽ നടക്കുകയായിരുന്നു. മോട്ടോർ നിയമ ഭേദഗതി നിയമവും സ്ക്രാപേജ് പോളിസിയുമെല്ലാം കേന്ദ്ര സർക്കാരിന്റെ തൊഴിലാളി വിരുദ്ധ ഗൂഢാലോചനയുടെ ഭാഗമായിരുന്നു. വാഹന രജിസ്ട്രേഷന്റെ വർദ്ധനവിനൊപ്പം പിഴയും ഭീമമായി ഉയർത്തുന്ന സമീപനം കേന്ദ്രം സ്വീകരിച്ചിരിക്കുകയാണ്. ഇത് സാധാരണക്കാർക്കും തൊഴിലാളികൾക്കും താങ്ങാനാകാത്ത സ്ഥിതിയാണ്. തേർഡ് പാർട്ടി ഇൻഷുറൻസിലൂടെ തൊഴിലാളികൾക്ക് ലഭിക്കേണ്ട പരിരക്ഷ തന്നെ ഇല്ലാതാക്കുകയാണ്. രാജ്യത്തിന്റെ പൊതുമേഖലയെ കോർപ്പറേറ്റുകളുടെ മുന്നിൽ അടിയറവു വയ്ക്കുന്നതിനെതിരെ തൊഴിലാളികളുടെ പ്രതിഷേധം കൊടുങ്കാറ്റുപോലെ ശക്തിപ്പെടുന്ന ഘട്ടത്തിൽ കേന്ദ്ര ഭരണകൂടം തൊഴിലാളി പ്രക്ഷോഭങ്ങൾക്കു മുന്നിൽ ആടിയുലയുകയാണ്. ഇത്തരം വിഷയങ്ങളിൽ നിന്ന് ജനശ്രദ്ധ തിരിച്ചുവിടാൻ ജാതി, മതം, വേഷം, വിശ്വാസം, ആചാരം തുടങ്ങിയവ ഉപയോഗിച്ച് തൊഴിലാളികൾക്കിടയിലുള്ള പൊതുഐക്യത്തെ ഭിന്നിപ്പിക്കുന്ന അന്തരീക്ഷം സൃഷ്ടിക്കാൻ ബിജെപി സർക്കാർ ശ്രമിക്കുന്നു. ന്യൂനപക്ഷങ്ങൾക്ക് എതിരായുള്ള ആക്രമണങ്ങളും കലാപങ്ങളും വർഗീയധ്രുവീകരണം ലക്ഷ്യംവെച്ച് രാജ്യത്ത് വ്യാപകമായി സംഘപരിവാർ സംഘടിപ്പിക്കുകയാണ്. ഇതു തൊഴിലാളി മുന്നേറ്റത്തെ തളർത്താനും തകർക്കാനും വേണ്ടിയാണെന്ന് നാം തിരിച്ചറിയണം. എന്നാൽ ലോകചരിത്രത്തിൽ എല്ലാകാലത്തെയുംപോലെ തൊഴിലാളികൾ, ചൂഷണം ചെയ്യുന്ന ഭരണകൂടത്തെ പോരാട്ടത്തിലൂടെ പുറത്താക്കുന്ന കാഴ്ച ഇന്ത്യയിലും സംഭവിക്കും. രാജ്യത്തിന്റെ വികസനത്തെയും പൊതുജീവിതത്തെയും പ്രതികൂലമായ ബാധിക്കുന്ന ഇൻഷുറൻസ് മേഖലയിലെ സ്വകാര്യവൽക്കരണമടക്കമുള്ള നയങ്ങൾക്കെതിരെ തൊഴിലാളികൾ കൂടുതൽ പ്രക്ഷുബ്ധമായ സമരങ്ങൾ വരും നാളുകളിൽ ഏറ്റെടുക്കും.●

# ഇന്ത്യൻ സമ്പദ്‌രംഗം ബഹുമുഖ പ്രതിസന്ധിയിൽ

ഇന്ത്യൻ സമ്പദ്ഘടനയിലെ പ്രതിസന്ധി തുടരുന്നു. സിഎസ്ഒയുടെ റിപ്പോർട്ടു പ്രകാരം പിന്നിട്ട ധനവർഷത്തിലെ (2021–22) അവസാന പാദത്തിൽ മൊത്തം ആഭ്യന്തരോൽപ്പാദന (ജിഡിപി) വളർച്ച 4.1 ശതമാനംമാത്രം. ഡിസംബറിൽ റിസർവ് ബാങ്ക് കണക്കാക്കിയത് നാലാം പാദത്തിൽ ആറു ശതമാനം വളർച്ചയുണ്ടാകുമെന്നായിരുന്നു. അതുണ്ടായില്ലെന്ന് മാത്രമല്ല, മൂന്നാം പാദത്തിലെ 5.4 ശതമാനത്തിൽനിന്ന് 4.1 ശതമാനമായി ഇടിയുകയും ചെയ്തു.

നാലാംപാദ കണക്കിനൊപ്പം 2021–22 ധനവർഷത്തിലാകെ 8.7 ശതമാനം വളർച്ചയുണ്ടാകുമെന്നും സിഎസ്ഒ പറഞ്ഞിട്ടുണ്ട്. ഇതാണ് സമ്പദ് വ്യവസ്ഥ വീണ്ടെടുപ്പിന്റെ പാതയിലാണെന്ന കൊട്ടിഘോഷത്തിന്റെ പിൻബലം. എന്നാൽ, മുൻവർഷത്തെ 6.6 ശതമാനം പിന്നോട്ടടിയുമായി (നെഗറ്റീവ് ഗ്രോത്ത്) താരതമ്യം ചെയ്താണ് ഇത് വലിയ വളർച്ചയായി പറയുന്നതെന്നതാണ് വസ്തുത. 'ലോ ബേസ് ഇഫക്ട്' എന്നൊക്കെ സാമ്പത്തിക ശാസ്ത്രത്തിൽ പറയും. കഴിഞ്ഞ തെരഞ്ഞെടുപ്പിൽ ഒരു സീറ്റും കിട്ടാത്ത പാർടിക്ക് ഇത്തവണ ഒരു സീറ്റ് കിട്ടിയാൽ അത് വലിയ വർധനയാണല്ലോ. അതുപോലെയാണ് ഈ വളർച്ച കണക്കും. മുന്നേറ്റത്തിന്റെ പ്രത്യക്ഷ സൂചനകളായ സാധനങ്ങളുടെ ഡിമാൻഡോ ഉപഭോഗച്ചെലവോ കാര്യമായി വർധിച്ചുകാണുന്നില്ല. പുതിയ മുതൽമുടക്കുകളും കുറഞ്ഞു. 2021–22ൽ ഗാർഹിക ഉപഭോഗച്ചെലവ് തുടർച്ചയായി ഇടിയുകയായിരുന്നു. നാലാം പാദത്തിൽ ഉപഭോഗച്ചെലവിന്റെ വർധന വെറും 1.8 ശതമാനം. ഗ്രാമങ്ങളിൽ പാൽ, മുട്ട, പഴം, പച്ചക്കറി എന്നിവയൊന്നും വാങ്ങാനാളില്ല. ആരുടെ കൈയിലും പൈസയില്ല. നോട്ടുനിരോധനംമുതൽ തകർന്നടിഞ്ഞ ഗ്രാമീണ സമ്പദ് വ്യവസ്ഥ ഇനിയും കരകയറിയിട്ടില്ല.




ഒരുവശത്ത് വളർച്ചയിലെ പിന്നോട്ടടി. മറുവശത്ത് തീപിടിച്ച വിലകൾ, രൂക്ഷമായ തൊഴിലില്ലായ്മ, ഡോളറുമായുള്ള വിനിമയത്തിൽ രൂപയുടെ തകർച്ച, വിദേശനാണയ ശേഖരത്തിലെ ചോർച്ച, ഇറക്കുമതിയിൽ വർധന, ഇറക്കുമതി കൂടുതലായതിനാൽ വ്യാപാരക്കമ്മിയിൽ വർധന ഇതാണ് ഇന്ത്യൻ സമ്പദ് വ്യവസ്ഥയുടെ യഥാർഥ ചിത്രം. എണ്ണമറ്റ പ്രതിസന്ധികൾ. എല്ലാം പരസ്പരം ബന്ധപ്പെട്ട് കിടക്കുന്നു. കൂട്ടക്കുഴപ്പത്തിന്റെ കടുംകെട്ടുകൾ. ഒന്നും അഴിക്കാനാകുന്നില്ല. ഒന്ന് അഴിച്ചാൽ മറ്റേത് കൂടുതൽ മുറുകും. ഇത്, 1991 മുതൽ ഇന്ത്യയിൽ നടപ്പാക്കുന്ന നവ ഉദാര (നിയോ ലിബറൽ) സാമ്പത്തികനയത്തിന്റെ ബാക്കിപത്രം. കോവിഡും റഷ്യ ഉക്രയ്ൻ യുദ്ധവും സ്ഥിതിഗതി വീണ്ടും വഷളാക്കി. നവ ഉദാരനയം നടപ്പാക്കിയ രാജ്യങ്ങളുടെയെല്ലാം സ്ഥിതി ഇങ്ങനെയൊക്കെത്തന്നെ. നമ്മുടെ അയൽരാജ്യങ്ങളായ ശ്രീലങ്കയും പാകിസ്ഥാനും പ്രതിസന്ധികളിലാണ്.

രാജ്യത്തെ വലിയൊരു വിഭാഗം ജനങ്ങൾക്ക് തൊഴിലും വരുമാനവും ഇല്ലാത്തതിനാൽ സാധനങ്ങൾക്ക് ഡിമാൻഡ് ഇല്ലാത്തതാണ് ഇന്ത്യ നേരിടുന്ന സാമ്പത്തിക മാന്ദ്യത്തിന്റെ മുഖ്യ കാരണം. ജനങ്ങളുടെ ക്രയശേഷി (വാങ്ങൽ കഴിവ്) ഇടിഞ്ഞിരിക്കുന്നു. തൊഴിലും വരുമാനവുമുണ്ടായി ക്രയശേഷി വർധിച്ചാലേ ഉപഭോഗച്ചെലവ് കൂടൂ. അങ്ങനെയാണ് ഡിമാൻഡ് കൂടുന്നതും പുതിയ മുതൽമുടക്കുകളുണ്ടാകുന്നതും. അപ്പോൾ, സമ്പദ് വ്യവസ്ഥ ചലിക്കും. എന്നാൽ, കൂടുതൽ തൊഴിലവസരത്തിന് സാധ്യതയുള്ള ഹോട്ടൽ വ്യാപാര മേഖലയിലൊന്നും ഒരു പുരോഗതിയുമില്ല. ഈ രണ്ടു മേഖലയും 2019 – 20നെ അപേക്ഷിച്ച് ഇപ്പോൾ 11.3 ശതമാനം പിന്നിലാണ്. തൊഴിൽ സാധ്യതയുള്ള നിർമാണ മേഖലയിലെ വളർച്ച 3.4 ശതമാനംമാത്രം. ഒരുപാടുപേർക്ക് ജോലി നൽകാൻ കഴിയുന്ന ഉൽപ്പന്ന നിർമാണ (മാനുഫാക്ചറിങ്) മേഖലയിൽ നാലാം പാദത്തിലെ വളർച്ച 0.2 ശതമാനം മാത്രം. മാനുഫാക്ചറിങ്ങിലും കാർഷിക മേഖലയിലും ഉൽപ്പാദനച്ചെലവിലെ വർധന മറ്റൊരു പ്രതിസന്ധിയാണ്.

ഇങ്ങനെ, സാമ്പത്തികരംഗത്ത് ബഹുമുഖ പ്രതിസന്ധിയാണ് ഇന്ത്യ നേരിടുന്നത്. കോവിഡിന് മുമ്പേ മാന്ദ്യം വിഴുങ്ങിയ ഇന്ത്യൻ സമ്പദ് വ്യവസ്ഥ കോവിഡോടെ വൻ തകർച്ചയിലായി. വീണ്ടെടുപ്പ് അവകാശവാദങ്ങൾക്കിടെ സമ്പദ് വ്യവസ്ഥ അതിവേഗം കൂടുതൽ പ്രതിസന്ധിയിലാകുന്നുവെന്നതാണ് യാഥാർഥ്യം. എവിടെയും കൂട്ടക്കുഴപ്പം മാത്രം.

# ട്രേഡ് യൂണിയൻ ഐക്യത്തിനായുള്ള പോരാട്ടം



**എൻ.പത്മലോചനൻ**

> **അമിതോൽപ്പാദനത്തിന്റേതായ ഒരു ചാക്രിക പ്രതിസന്ധിയായിരുന്നു 1929-32 ലെ ലോകസാമ്പത്തിക പ്രതിസന്ധി. ലോകചരിത്രത്തിൽ ഉണ്ടായതിൽ വച്ചേറ്റവും വിനാശകരമായ സാമ്പത്തിക പ്രതിസന്ധിയായിരുന്നു അത്. 5 കോടിയിലേറെ മനുഷ്യർക്ക് തൊഴിൽ നഷ്ടപ്പെട്ടു. അതിലും ഏറെ ആളുകൾക്ക് ഭാഗികമായി തൊഴിൽ നഷ്ടപ്പെട്ടു. 1939 വരെ വ്യവസായം മാന്ദ്യാവസ്ഥയിൽ തുടർന്നു. ഒരു പ്രത്യേക തരത്തിൽപ്പെട്ട മാന്ദ്യം എന്നായിരുന്നു സഖാവ് സ്റ്റാലിൻ ഇതിനെ വിശേഷിപ്പിച്ചത്. രണ്ടാം ലോകമഹായുദ്ധത്തോടു മാത്രമാണ് ഉൽപ്പാദനം പുനരുജ്ജീവിക്കപ്പെട്ടത്.**

കൂടുതൽ യോജിച്ച സമര പോരാട്ടങ്ങൾക്ക് വേണ്ടുന്ന നിരവധി നിർദ്ദേശങ്ങൾ ഇന്റർനാഷണൽ ഫെഡറേഷൻ ഓഫ് ട്രെയിഡ് യൂണിയന്റെയും ഘടകയൂണിയനുകളുടേയും മുന്നിൽ റഷ്യൻ ഇന്റർനാഷണൽ ലേബർ യൂണിയൻ വച്ചു. 1914–ലെ യുദ്ധവിരുദ്ധ പോരാട്ടത്തെ വഞ്ചിച്ചതുപോലെയും റഷ്യൻ വിപ്ലവത്തെ അട്ടിമറിക്കാൻ ശ്രമിച്ചതുപോലെയും വലതുപക്ഷനേതാക്കന്മാരുടെ പ്രതിവിപ്ലവ സ്വഭാവം ഐക്യമുന്നണിക്കെതിരായ കടുത്ത നിലപാടിലും പ്രതിഫലിച്ചു. തുടർന്നുള്ള വർഷങ്ങളിൽ ആർഐഎൽയുവിന്റെയും അതിൽ അഫ്ലിയേറ്റ് ചെയ്ത സംഘടനകളുടേയും പ്രവർത്തനം കേന്ദ്രീകരിച്ചത് സ്ഥാപനാടിസ്ഥാനത്തിലും സാർവദേശീയാടിസ്ഥാനത്തിലും സംയുക്ത പ്രവർത്തനത്തിനും പ്രക്ഷോഭത്തിനുമായുള്ള പോരാട്ടത്തിലായിരുന്നു. ഷോപ്പ് ഫ്ളോർ കമ്മിറ്റികളെ പ്രവർത്തനനിരതമാക്കലും എല്ലാ കാറ്റഗറിയിലുംപെട്ട തൊഴിലാളികളെ ഉൾപ്പെടുത്തിക്കൊണ്ട് പണിമുടക്കു കമ്മിറ്റികൾ വിപുലമാക്കലും തീവ്രമായ കാംപെയ്നുകൾ സംഘടിപ്പിക്കലും അണികളിലൂടെ അനൗദ്യോഗികമായി യൂണിയനുകളെയും അവയുടെ പ്രവർത്തനങ്ങളെയും പരസ്പര ബന്ധപ്പെടുത്തലും ഉൾപ്പെടെ വൈവിധ്യമാർന്ന പ്രവർത്തനങ്ങൾ ഇതിനായി നടപ്പിലാക്കി. അമേരിക്കയിലെയും ആഫ്രിക്കയിലെയും കറുത്ത തൊഴിലാളികളെ സംഘടിപ്പിക്കുക എന്നത് ആർ ഐ എൽ യു പ്രത്യേക കടമയായി ഏറ്റെടുത്തു.

## ആംഗ്ലോ റഷ്യൻ ട്രേഡ് യൂണിയൻ കമ്മിറ്റി

ആംസ്റ്റർ ഡാം ഇന്റർനാഷണൽ ഒന്നടങ്കം ആർഐഎൽയുവിന്റെ ഐക്യമുന്നണി നിർദ്ദേശത്തെ കയ്യോടെ നിരാകരിക്കുകയാണുണ്ടായത്. എന്നാൽ അതിൽ അഫ്ലിയേറ്റ് ചെയ്തിട്ടുള്ള സംഘടനകൾക്ക് അണികളിൽ നിന്നുള്ള സമ്മർദം മൂലം എപ്പോഴും അങ്ങനെ പുറംതിരിഞ്ഞുനിൽക്കാൻ പറ്റുമായിരുന്നില്ല. 1923 ൽ മേയ് മാസത്തിൽ ബെർലിനിൽ വച്ച് രണ്ട് ട്രാൻസ്പോർട്ട് ഇന്റർനാഷണലുകളുടെയും സംയുക്തസമ്മേളനം ചേർന്നു. ആ സമയം യുദ്ധാനന്തര വിപ്ലവസമരങ്ങളുടെ മൂർദ്ധന്യാവസ്ഥയിലായിരുന്നു ജർമ്മനി. തൊഴിലാളികളെ ഭിന്നിപ്പിച്ചു നിർത്താനുള്ള വ്യഗ്രതയിൽ രണ്ടാം ഇന്റർനാഷണലും ഇന്റർനാഷണൽ ഫെഡറേഷൻ ഓഫ് ട്രെയിഡ് യൂണിയനും ലോകത്തെല്ലായിടത്തും യൂണിയനുകളിൽ നിന്നും കമ്മ്യൂണിസ്റ്റ്കാരെ പുറത്താക്കാൻ ആരംഭിച്ചു.

തുടക്കം മുതൽ തന്നെ സോവിയറ്റ് റിപ്പബ്ലിക്കുകളിലെ ട്രേഡ് യൂണിയനുകൾ ആംസ്റ്റർഡാം ഇന്റർനാഷണൽ നേതാക്കൾക്ക് വഴങ്ങാൻ വിസമ്മതിക്കുകയുണ്ടായി. അവരായിരുന്നു പുതിയ ഇന്റർനാഷണലിന്റെ നട്ടെല്ല്. റഷ്യൻ വിപ്ലവത്തിന്റെ വിജയത്തോടുകൂടി ലോകത്തിലെ തൊഴിലാളികൾക്കി

ടയിൽ അവരുടെ അന്തസ്സ് ഉയർന്നു. ഫാസിസത്തിന്റെയും യുദ്ധത്തിന്റെയും വിപത്ത് വളർന്നുകൊണ്ടിരുന്നതിനാൽ ഈ സമ്മർദ്ദത്തെ തുടർന്ന്, 1923 ആഗസ്റ്റിൽ ഐഎഫ്ടിയുവിന്റെ നേതാക്കൾ ട്രേയിഡ് യൂണിയൻ ഐക്യത്തെക്കുറിച്ച് സംസാരിക്കാൻ റഷ്യക്കാരെ ക്ഷണിച്ചു. പക്ഷേ ഇതിലൊരു ഗൂഢപദ്ധതി ഒളിഞ്ഞിരിപ്പുണ്ടായിരുന്നു. അഫിലിയേഷൻ നൽകുന്നതിനു പകരമായി സോവിയറ്റ് ട്രേഡ് യൂണിയനുകൾ വിപ്ലവപരമായ വിമർശനങ്ങൾ കൈവെടിയുകയും സോവിയറ്റ് ഗവൺമെന്റിനോട് അവസരവാദപരമായ സമീപനം സ്വീകരിക്കുകയും വേണം. ഐഎഫ്ടിയുവിന്റെ ഈ നിർദ്ദേശത്തെ റഷ്യൻ ട്രേഡ് യൂണിയനുകൾ പാടെ നിരാകരിക്കുകയായിരുന്നു.

ഐഎഫ്ടിയു നേതാവായ ഓഡെഗീസ്റ്റ് ചിന്തിച്ചത് തന്റെ ഈ കുടില തന്ത്രത്തിലൂടെ സോവിയറ്റ് ട്രേഡ് യൂണിയനുകളെ എന്നന്നേക്കുമായി മൂലയിൽ ഇരുത്താമെന്നതായിരുന്നു എന്നാൽ, ഇങ്ങനെ കാര്യങ്ങൾ അവസാനിപ്പിക്കാൻ ബ്രിട്ടീഷ് ട്രേഡ് യൂണിയനുകൾ തയ്യാറായിരുന്നില്ല. 1925 ഫെബ്രുവരിയിൽ ഐ.എഫ്.ടി.യുവിന്റെ ജനറൽ കൗൺസിൽ യോഗത്തിൽ ബ്രിട്ടീഷ് പ്രതിനിധികൾ, മുന്നുപാധികൾ ഒന്നും കൂടാതെ സോവിയറ്റ് ട്രേഡ് യൂണിയനുകളെ ഐഎഫ്ടിയുവുമായി അഫിലിയേറ്റു ചെയ്യുന്നതിനായി സോവിയറ്റ് ട്രേഡ് യൂണിയനുകളെക്കൂടി ഉൾപ്പെടുത്തി ഒരു സമ്മേളനം ചേരണമെന്ന പ്രമേയം വോട്ടിനിട്ടു തള്ളുകയാണുണ്ടായത്. അതിനെത്തുടർന്ന് രണ്ടു മാസത്തിനുശേഷം മോസ്ക്കോയിൽ വെച്ച് സോവ്യറ്റ് ട്രേഡ് യൂണിയൻ നേതാക്കന്മാരുമായി ഒരു സമ്മേളനം നടത്താൻ ബ്രിട്ടീഷ് നേതാക്കന്മാർ തന്നെ മുൻകൈ എടുക്കുകയുണ്ടായി. "സാർവദേശീയ ഐക്യം പ്രോത്സാഹിപ്പിക്കുന്നതിന്" സംയുക്തമായി ഒരു ആംഗ്ലോഅമേരിക്കൻ ഉപദേശ കസമിതി രൂപീകരിക്കപ്പെട്ടു.

## 1926-ലെ ബ്രിട്ടീഷ് പൊതുപണിമുടക്ക്

1926 മേയ് മാസത്തിൽ ബ്രിട്ടനെ പിടിച്ചുലച്ച പണിമുടക്കിൽ 50 ലക്ഷത്തോളം തൊഴിലാളികൾ പങ്കെടുത്തു. മുതലാളിത്തവ്യവസ്ഥിതിയുടെ അത്യന്തം സംവേദനാത്മകമായ ഭാഗങ്ങളിൽ ഒന്നായ ബ്രിട്ടനിലായിരുന്നു ആ വിസ്ഫോടനം സംഭവിച്ചത്. ഒന്നാം ലോകയുദ്ധത്തിൽ 'വിജയി' ആയിരുന്നുവെങ്കിലും ആ കൂട്ടക്കൊലയിൽ ബ്രിട്ടന് കനത്ത നഷ്ടം സംഭവിച്ചു മുതലാളിത്ത രാജ്യങ്ങളുടെ അധികാരശ്രേണിയിലെ താഴ്ന്ന സാമ്പത്തിക നിലയിലേക്കും ബ്രിട്ടൺ പുന:ക്രമീകരിക്കപ്പെട്ടതിന്റെ പ്രതിഫലനമായിരുന്നു ഐതിഹാസികമായ പൊതുപണിമുടക്കിലേക്ക് നയിച്ച പ്രതികൂല സാഹചര്യം.

ലോകമുതലാളിത്ത സമ്പദ്ഘടനയിൽ ബ്രിട്ടന് സംഭവിച്ച ആപേക്ഷികമായ പതനം 1880 കളിൽ തന്നെ ലോകത്ത് പുതിയ കരുത്തായ സാമ്രാജ്യത്വ ശക്തികളുടെ ഉയർന്നുവരവോടെ, അടയാളപ്പെടുത്തപ്പെട്ടു കഴിഞ്ഞിരുന്നു. ബ്രിട്ടീഷ് വിദഗ്ധ തൊഴിലാളികൾക്ക് നൽകിയിരുന്ന കൂലിയുടെ കാര്യത്തിലുള്ള പ്രത്യേക പരിഗണന പരിമിതപ്പെടുത്താൻ തുടങ്ങി. ചൂഷിത ജനവിഭാഗങ്ങളുടെ താഴ്ന്ന ജീവിത നിലവാരത്തെ പിന്നെയും വെട്ടിച്ചുരുക്കാൻ തുടങ്ങി. ഈ പ്രവണതയായിരുന്നു 1889 ലെ പ്രസിദ്ധ തുറമുഖ തൊഴിലാളി പണിമുടക്കിന് ഇടയാക്കിയത്. 20 ലക്ഷം വരുന്ന നാവികതൊഴിലാളികളുടെയും റയിൽവേ തൊഴിലാളികളുടേയും കൽക്കരി ഖനി തൊഴിലാളികളുടേയും 1911–14 കാലത്തെ ഐതിഹാസികമായ പ്രഭോക്ഷവും ഇതിന്റെ തുടർച്ച തന്നെയായിരുന്നു. ഈ പ്രക്ഷോഭ പരമ്പരയായിരുന്നു ഈ മൂന്നു വിഭാഗം തൊഴിലാളികൾ ചേർന്ന് രൂപീകരിച്ച ത്രികക്ഷി സഖ്യത്തിൽ എത്തിച്ചത്. 1926 ലെ പൊതുപണിമുടക്കിന് വഴി ഒരുക്കിയതു ഈ ശക്തികൾ തന്നെയായിരുന്നു.

പൊതുവിൽ യുദ്ധാനന്തരം 1926 ആയപ്പോൾ "ഭാഗികവും ആപേക്ഷികവും താല്ക്കാലികവുമായ സ്ഥിരത കൈവരിക്കുന്നതിൽ ലോകമുതലാളിത്തം വിജയിച്ചു. അമേരിക്ക ഊർജ്ജസ്വലമായ അഭിവൃത്തി കൈവരിക്കുകയായിരുന്നു. ബ്രിട്ടന്റെ സ്ഥിതി അതായിരുന്നില്ല. അവിടെ വ്യവസായം സ്തംഭനാവസ്ഥയിൽ തന്നെ തുടരുകയായിരുന്നു. 1913ൽ ബ്രിട്ടൺ 8.6 കോടി ടൺ കൽക്കരി കയറ്റുമതി ചെയ്തിരുന്നു. 1924 ആയപ്പോൾ 6.15 കോടി ടൺ ആയി ചുരുങ്ങി. 1913 ൽ കപ്പൽ നിർമ്മാണത്തിലെ ഉൽപ്പാദനം 18,98,000 ടൺ ആയിരുന്നത് 1924 ആയപ്പോൾ 11,65,000 ടൺ ആയി ചുരുങ്ങി. ഉരുക്കുൽപ്പാദനത്തിലും 1924 ആയപ്പോൾ വലിയ ഇടിവുണ്ടായി.

## പൊതുപണിമുടക്കിന്റെ സംഭവബഹുലമായ പശ്ചാത്തലം

ബ്രിട്ടന്റെ സാമ്പത്തിക പ്രയാസങ്ങളുടെ കേന്ദ്രബിന്ദു സ്ഥിതി ചെയ്തിരുന്നത് രാജ്യത്തിന്റെ വ്യാവസായിക സംവിധാനത്തിന്റെയാകെ അടിത്തറയായിരുന്ന കൽക്കരി വ്യവസായത്തെ കടുത്ത വിദേശമത്സരത്തിന്റെയും ബദൽ ഇന്ധനങ്ങൾ അതിവേഗം വികസിച്ചിരുന്നതിന്റെയും തിക്തഫലങ്ങൾ ഏറ്റവും അധികം അനുഭവിച്ചിരുന്ന ആ രാജ്യം യുദ്ധകാലം ഒഴികെയുള്ള മുൻപിലത്തെ കാൽ നൂറ്റാണ്ടു കാലവും ഏറെക്കുറെ പ്രതിസന്ധിയിൽ തന്നെയായി




**ഖനി തൊഴിലാളികളും ഖനി ഉടമകളും തമ്മിലുള്ള കടുത്ത വലിയ ഏറ്റുമുട്ടൽ നടന്നത് 1921ൽ ആയിരുന്നു. ഖനി തൊഴിലാളികൾ നടത്തിയ നീണ്ടു നിന്ന വലിയ പണിമുടക്കിനെ തുടർന്ന് ആദ്യമായി ദേശീയാടിസ്ഥാനത്തിൽ ഒരു കരാർ ഉണ്ടാക്കാനും തങ്ങളുടെ ജീവിതനിലവാരവും തൊഴിൽ സാഹചര്യങ്ങളും തകരാതെ രക്ഷിക്കാനും കഴിഞ്ഞു. 1921 ലെ കരാറിന്റെ കാലാവധി 1925 ആയപ്പോൾ കഴിഞ്ഞിരുന്നു. തുടർന്നുണ്ടായ ഏറ്റുമുട്ടൽ 10 മാസത്തിനുശേഷം വമ്പിച്ച പണിമുടക്കിൽ എത്തി.**

രുന്നു. അതിനെതിരെ തൊഴിലാളികൾ സ്വീകരിച്ച ശക്തമായ നിലപാട് ആയിരുന്നു. 191314 കാലത്തെ അഭൂതപൂർവവും പൊതുവേ വിജയകരവുമായ പണിമുടക്കുകൾക്ക് തുടക്കം കുറിച്ചത്. എന്നാൽ ഒന്നാം ലോകമഹായുദ്ധം പൊട്ടിപ്പുറപ്പെട്ടതോടുകൂടി തൊഴിലുടമകളോടുള്ള ഏറ്റുമുട്ടൽ സാദ്ധ്യത ഇല്ലാതായി.

ഖനി തൊഴിലാളികളും ഖനി ഉടമകളും തമ്മിലുള്ള കടുത്ത വലിയ ഏറ്റുമുട്ടൽ നടന്നത് 1921ൽ ആയിരുന്നു. ഖനി തൊഴിലാളികൾ നടത്തിയ നീണ്ടു നിന്ന വലിയ പണിമുടക്കിനെ തുടർന്ന് ആദ്യമായി ദേശീയാടിസ്ഥാനത്തിൽ ഒരു കരാർ ഉണ്ടാക്കാനും തങ്ങളുടെ ജീവിതനിലവാരവും തൊഴിൽ സാഹചര്യങ്ങളും തകരാതെ രക്ഷിക്കാനും കഴിഞ്ഞു. 1921 ലെ കരാറിന്റെ കാലാവധി 1925 ആയപ്പോൾ കഴിഞ്ഞിരുന്നു. തുടർന്നുണ്ടായ ഏറ്റുമുട്ടൽ 10 മാസത്തിനുശേഷം വമ്പിച്ച പണിമുടക്കിൽ എത്തി. ആ കാലത്ത് വ്യവസായത്തിൽ 25% തൊഴിൽ ഇല്ലാത്തവർ ഉണ്ടായിരുന്നു. ഇംഗ്ലണ്ടിൽ മാത്രമല്ല, ജർമ്മനിയിലും ബൽജിയത്തിലും ഫ്രാൻസിലും എല്ലാം കൽക്കരി കുന്നു കൂടി കിടന്നു. നിലവിലുള്ള നിരക്കിൽ നിന്നും 13 മുതൽ 48% വരെ കൂലി വെട്ടിക്കുറക്കണമെന്നും പ്രവർത്തിദിനം 7 മണിക്കൂറിൽ നിന്ന് വർദ്ധിപ്പിക്കണമെന്നും നിലവിലുള്ള ദേശീയകരാറിനുപകരം ജില്ലാടിസ്ഥാനത്തിൽ കരാർ ഉണ്ടാക്കണമെന്നും ബ്രിട്ടീഷ് തൊഴിലുടമകൾ ധിക്കാരപൂർവം ആവശ്യപ്പെട്ടു. തൊഴിലാളികൾ ഈ ആവശ്യങ്ങൾ അംഗീകരിക്കാൻ കൂട്ടാക്കാതെ സമരം ആരംഭിക്കുകയും ചെയ്തു. ഖനി തൊഴിലാളികൾക്ക് ജനറൽ കൗൺസിൽ ഓഫ് ട്രേഡ് യൂണിയൻ കോൺഗ്രസ്സ് സമ്പൂർണ പിന്തുണ പ്രഖ്യാപിച്ചു. ജൂലൈ 30 നകം തങ്ങളുടെ നിബന്ധനകൾ അംഗീകരിച്ചില്ലെങ്കിൽ ഖനികൾ അടച്ചു പൂട്ടുമെന്ന് ഉടമകൾ നോട്ടീസ് നൽകി. തുടർന്ന് സാഹചര്യങ്ങളെപ്പറ്റി പഠിക്കാൻ സർക്കാർ ഒരു കമ്മീഷനെ നിയമിച്ചു. അതിനെ തുടർന്ന് കമ്പനി ഉടമകൾ തങ്ങളുടെ ലോക്കൗട്ട് നോട്ടീസ് പിൻവലിച്ചു. ഇത് സർക്കാരിന്റെ ഒരടവായിരുന്നു. വരാൻ ഇടയുള്ള വലിയ സമരത്തെ നേരിടാനുള്ള സർക്കാരിന്റെ തയ്യാറെടുപ്പിന്റെ മറയായിരുന്നു കമ്മീഷൻ. തുടർന്നുള്ള നിരവധി മാസങ്ങളിൽ ബാൾഡ്വിൻ ഗവൺമെന്റ് കടുത്ത പണിമുടക്ക്വിരുദ്ധ പ്രവർത്തനങ്ങളിൽ ഏർപ്പെടുകയുണ്ടായി. പണിമുടക്ക് പൊളിപ്പിന്റെ ഭാഗമായ് രാജ്യത്തെ 10 ഡിവിഷനുകളായി വിഭജിച്ചു. അവയിൽ ഓരോന്നിലും സാമ്പത്തിക രാഷ്ട്രീയ സംഘടനകൾക്ക് രൂപം നൽകുകയും ചെയ്തു. അസംഖ്യം സൈനികരെ തന്ത്രപ്രധാന മേഖലകളിൽ വിന്യസിപ്പിച്ചു. ചുരുക്കത്തിൽ ഒരു വിപ്ലവത്തെ നേരിടൽ എന്നതുപോലുള്ള സന്നാഹങ്ങൾ പണിമുടക്കിനെതിരെ ഒരുക്കി.

അതേസമയം ട്രേഡ് യൂണിയൻ പ്രസ്ഥാനത്തിന്റെ തലപ്പത്തിരുന്ന വലതുപക്ഷക്കാരായ ബ്യൂറോക്രാറ്റുകൾ സംഭവങ്ങളുടെ ഗതിക്രമം കണ്ട് അന്ധാളിച്ചു. വ്യക്തമായിരുന്ന വലിയ പ്രതിസന്ധിയെ നേരിടുന്നതിന് അടിയന്തിരവും ഊർജ്ജസ്വലവുമായ നടപടികൾ ജനറൽകൗൺസിൽ കൈക്കൊള്ളണമെന്ന് ഇടതുപക്ഷം (ഹാരിവോളിന്റെ നേതൃത്വത്തിൽ പ്രവർത്തിച്ചിരുന്നതും അണികളിൽ ശക്തമായ സ്വാധീനം ഉണ്ടായിരുന്നതുമായ ദേശീയ ന്യൂനപക്ഷ പ്രസ്ഥാനവും, കമ്മ്യൂണിസ്റ്റ് പാർട്ടിയും) ആവശ്യപ്പെടുകയുണ്ടായി. പൊതുപണിമുടക്ക് എന്ന കൃതിയിൽ 'ക്രൂക്ക്' എന്ന ലേഖകൻ ഇങ്ങനെ രേഖപ്പെടുത്തി. "ഇടതുപക്ഷത്തിന് പ്രത്യേകിച്ച് ചെറുതെങ്കിലും പ്രത്യേകം ശ്രദ്ധിക്കപ്പെടുന്ന കമ്മ്യൂണിസ്റ്റ് പാർട്ടിയിൽ നിന്ന് ഒരു പൊതുപണിമുടക്കിന് സാധ്യമാകുന്നതായി വ്യാപകമായ തയ്യാറെടുപ്പുകൾ ആരംഭിക്കണമെന്ന ശക്തമായ

ആവശ്യം ഉയർന്നിരുന്നെങ്കിലും ജനറൽകൗൺസിലിൽ നിന്നും അനുകൂലമായ പ്രതികരണമല്ല ഉണ്ടായത്. നേതൃത്വം പണിമുടക്കിന് സന്നദ്ധമായിരുന്നില്ല. എന്നു മാത്രമല്ല, അതിൽ അവർ അഭിമാനം കൊള്ളുകയും ചെയ്യതായി ക്രൂക്ക് എന്ന ലേഖകൻ രേഖപ്പെടുത്തിയിരുന്നു.

1926 മാർച്ച് 11 ന് സർഹെർബർട്ട് സാമുവലിന്റെ നേതൃത്വത്തിലുള്ള കൽക്കരി വ്യവസായം സംബന്ധിച്ച റോയൽ കമ്മീഷൻ അതിന്റെ റിപ്പോർട്ട് സമർപ്പിച്ചു. കമ്മീഷൻ കൽക്കരി ഖനി ഉടമകളുടെ പക്ഷം പിടിക്കുകയാണ്. കൽക്കരി ഖനി വ്യവസായത്തിന് സബ്സിഡി അനുവദിക്കുന്നതിലുള്ള എതിർപ്പ് അവസാനിപ്പിക്കണം, കൂലി കുറയ്ക്കണം, തൊഴിൽ സമയം വർദ്ധിപ്പിക്കണം എന്നിവയായിരുന്നു കമ്മീഷന്റെ പ്രധാന ശുപാർശകൾ. കൽക്കരി ഉടമകളുടെ താല്പര്യത്തിനെതിരായി ഒന്നുംതന്നെ റിപ്പോർട്ടിൽ ഇല്ലായിരുന്നു.

ആംസ്റ്റർഡാം ഇന്റർനാഷണൽ പണിമുടക്കിന് സുദൃഢമായ പിൻതുണ നൽകുന്നതിൽ വന്ന വീഴ്ച പണിമുടക്ക് പരാജയപ്പെടുന്നതിനു കാരണമായി. തികച്ചും ശരിയായ നയമായിരുന്നു ബ്രിട്ടീഷ് കമ്മ്യൂണിസ്റ്റ് പാർട്ടി പിൻതുടർന്നതെങ്കിലും, അത് പണിമുടക്കിൽ നിർണായകമായ സ്വാധീനം ചെലുത്താനും ഇടപെടാനും ആവശ്യമായ ശക്തി പ്രാപിച്ചിരുന്നില്ല.

## ലോകമുതലാളിത്തത്തെ ബാധിച്ച മഹാമാന്ദ്യം

വ്യാവസായിക വളർച്ചയുംമാന്ദ്യവും ഇടകലർന്നുള്ള ചാക്രികമായ പരമ്പരകളിലൂടെയാണ് എല്ലാ രാജ്യങ്ങളിലും മുതലാളിത്തം വളരുന്നത്. ഈ ചാക്രിക പ്രതിസന്ധികൾക്ക് അടിസ്ഥാനപരമായ കാരണം മുതലാളിത്ത ഉൽപ്പാദനം അതാതുകാലത്തെ വിപണിക്ക് ആവശ്യമുള്ളതിലും അധികം ആകുന്നതാണ്. എല്ലാ മുതലാളിത്ത രാജ്യങ്ങളിലും പ്രതിസന്ധി പിടികൂടാറുണ്ട്. കൂടുതലും സാർവദേശീയവും സർവ്വവ്യാപിയും ആകാനുള്ള പ്രവണതയും ഈ പ്രതിസന്ധിക്കുണ്ട്.

അമിതോൽപ്പാദനത്തിന്റേതായ ഇത്തരം ഒരു ചാക്രിക പ്രതിസന്ധിയായിരുന്നു 1929–32 ലെ ലോകസാമ്പത്തിക പ്രതിസന്ധി ലോകചരിത്രത്തിൽ അതേവരെ ഉണ്ടായതിൽ വച്ചേറ്റവും വലിയ, അഗാധമായ കൂടുതൽ വിനാശകരമായ സാമ്പത്തിക പ്രതിസന്ധിയായിരുന്നു അത്. 5 കോടിയിലേറെ മനുഷ്യർക്ക് തൊഴിൽ നഷ്ടപ്പെട്ടു. അതിലും ഏറെ ആളുകൾക്ക് ഭാഗികമായി തൊഴിൽ നഷ്ടപ്പെട്ടു. 1939 വരെ വ്യവസായം മാന്ദ്യാവസ്ഥയിൽ തുടർന്നു. ഒരു പ്രത്യേക തരത്തിൽപ്പെട്ട മാന്ദ്യം എന്നായിരുന്നു സഖാവ് സ്റ്റാലിൻ ഇതിനെ വിശേഷിപ്പിച്ചത്. രണ്ടാം ലോക മഹായുദ്ധത്തോടു മാത്രമാണ് ഉൽപ്പാദനം പുനരുജ്ജീവിക്കപ്പെട്ടത്.●


ശ്രീരാമകൃഷ്ണ സർവ്വീസ് സഹകരണ ബാങ്ക്

CLASS 1 SPECIAL GRADE BANK

Ltd. No: P 580, Palappuram. Ph: 0466 2249588
e-mail: srkscbppm@gmail.com I Working Time : 9.00 am to 4.00 pm, Sat: 9.00 am to 12 noon
(1941 ൽ സ്ഥാപിതം)

നിക്ഷേപങ്ങൾക്ക് ഉയർന്ന പലിശ
പൂർണ്ണ സുരക്ഷിതത്വം

സ്വർണ്ണ പണയ വായ്പ
ഗ്രാമിന് പരമാവധി തുക

- കച്ചവടക്കാർക്ക് ക്യാഷ് ക്രഡിറ്റ് വായ്പ
- വാഹന വായ്പ
- ഭവന വായ്പ
- കുടുംബശ്രീ അംഗങ്ങൾക്കായ് മുറ്റത്തെമുല്ല വായ്പ പദ്ധതി
- സ്വർണ്ണം വാങ്ങുന്നതിന് വായ്പ
- കാർഷിക-സ്വർണ്ണ പണയ വായ്പ 7% പലിശ നിരക്കിൽ
- കർഷകർക്ക് നെൽകൃഷി പലിശരഹിത വായ്പ
- സ്വത്തുപണയ വായ്പ (വായ്പകൾക്ക് റിസ്ക് ഫണ്ട് പരിരക്ഷ)
- ശമ്പള സർട്ടിഫിക്കറ്റ് വായ്പകൾ
- കർഷകർക്ക് കിസാൻ ക്രെഡിറ്റ് വായ്പകൾ
- വിവിധ തുകകൾക്കുള്ള മാസം തോറും വിളിച്ചെടുക്കാവുന്ന പലിശരഹിത എം.ഡി.എസ് വായ്പകൾ
- നിക്ഷേപ വായ്പ നിക്ഷേപ തുകയുടെ 85% വരെ
- ലോക്കർ സൗകര്യം ലഭ്യമാണ്
- രാസവള വിതരണം പഴയ ബാങ്ക് ബിൽഡിങ്ങിൽ
- RTGS/NEFT സൗകര്യം ലഭ്യമാണ്.
- എ ക്ലാസ് മെമ്പർമാർക്ക് മരണാനന്തര സഹായ നിധി

ബ്രാഞ്ചുകൾ

ലെക്കിടി - ഫോൺ: 0466 2230236
പ്രവർത്തനസമയം : 8am to 3pm
ശനിയാഴ്ച : 8am to 12 noon

മീറ്റ്ന - ഫോൺ: 0466 2247331
പ്രവർത്തനസമയം : 8am to 3pm
ശനിയാഴ്ച : 8am to 12 noon

പ്രസിഡന്റ്
കെ.കുഞ്ഞിലക്ഷ്മി

സെക്രട്ടറി
പി.ഇബ്രാഹിം



SRK SCB
നീതി മെഡിക്കൽസ്

Ph: 9188 29 5898. ശ്രീരാമകൃഷ്ണ ബാങ്ക് ബിൽഡിങ്ങ്, ലെക്കിടി, കൂട്ടുപാത

മരുന്നുകൾക്ക് 10%-30% വരെ വിലക്കിഴിവ്

# ബിപിസിഎൽ വിൽപ്പന ഉപേക്ഷിക്കപ്പെട്ടോ?

**പൊതുമേഖലാ വിൽപന പൊതുമേഖലയെ സംരക്ഷിക്കാനല്ല, രാജ്യത്തെ രക്ഷിക്കാനല്ല., മറിച്ച് പൊതു സ്വത്ത് ഇഷ്ടക്കാർക്ക് ഇഷ്ടദാനം നൽകാനാണെന്ന് കൂടുതൽ വ്യക്തമാകുകയാണ്. സ്വകാര്യവൽക്കരണ തീരുമാനങ്ങൾ പുതിയ രൂപത്തിലും ഭാവത്തിലും ഉടനെ പുറത്തിറങ്ങുമെന്ന് തന്നെ കാണണം പൊതുമേഖല സംരക്ഷണം അഴിമതിക്കെതിരായും പൊതുമുതൽ കൊള്ളയ്ക്കെതിരായുമുള്ള പോരാട്ടമായി കണ്ട് പൊതു മേഖല സംരക്ഷണത്തിനായി ഒറ്റക്കെട്ടായി അണിനിരക്കണം.**



**അജി എം.ജി**

(ജന.സെക്രട്ടറി, കൊച്ചിൻ റിഫൈനറീസ് വർക്കേഴ്സ് അസോസിയേഷൻ)

ഭാരത് പെട്രോളിയം കോർപ്പറേഷന്റെ 52.98 ശതമാനം ഓഹരികളും (1,14,91,83, 592 ഓഹരികൾ) മാനേജ്മെന്റ് നിയന്ത്രണ അവകാശങ്ങളും സ്വകാര്യകമ്പനികൾക്ക് കൈമാറാനുള്ള കേന്ദ്ര സർക്കാർ നടപടിക്രമങ്ങൾ ആരംഭിച്ചത് 2019 നവംബർ 20നായിരുന്നു.

സാമ്പത്തികകാര്യങ്ങൾക്കായുള്ള കേന്ദ്ര ക്യാമ്പിനറ്റ് കമ്മിറ്റിയാണ് ബിപിസിഎൽ വിൽക്കാനുള്ള തീരുമാനമെടുത്തത്. പൊതുമേഖല വിൽപനയുടെ ചുമതല ധനകാര്യ വകുപ്പിന് കീഴിലുള്ള ഡിപ്പാർട്ട്മെന്റ് ഓഫ് ഇൻവെസ്റ്റ്മെന്റ്& പബ്ലിക് അസറ്റ് മാനേജ്മെന്റിന് –ദിപം (DIPAM) ആണെങ്കിലും നിലവിലുള്ള സ്വകാര്യവൽക്കരണ നയപ്രകാരം വിൽപ്പന നടത്താൻ നടത്തിപ്പുകാരൻ (Transaction Adviser) ആവശ്യമാണ്.

ബിപിസിഎൽ വിൽപനയുടെ നടത്തിപ്പുകാരനെ കണ്ടെത്താൻ 'ദിപം' ഓപ്പൺ ടെണ്ടർ വിളിക്കുകയും രണ്ട് കമ്പനികൾ ടെണ്ടറിൽ പങ്കെടുക്കുകയും ചെയ്തു. ഡിലോയിറ്റ് ,എസ് ബി ഐ ക്യാപിറ്റൽ എന്നീ കമ്പനികളാണ് ടെണ്ടറിൽ പങ്കെടുത്തത്. ബിപിസിഎൽ വിൽപനയുമായി ബന്ധപ്പെട്ട നിരവധി മാസങ്ങൾ നീണ്ടു നിൽക്കുന്ന ജോലികളെല്ലാം നിർവ്വഹിക്കാൻ ഡിലോയിറ്റ് ആവശ്യപ്പെട്ടത് ഒരു രൂപയും, എസ് ബി ഐ ക്യാപിറ്റൽ ആവശ്യപ്പെട്ടത് 18 കോടിയുമായിരുന്നു. സ്വഭാവികമായും ഒരു രൂപ മാത്രം ആവശ്യപ്പെട്ട ഡിലോയിറ്റിന് ബിപിസിഎൽ വിൽപനയുടെ നടത്തിപ്പ് ചുമതലക്കാരനായി തെരഞ്ഞെടുത്തു. ബിപിസിഎൽ കൈമാറ്റത്തിനുള്ള ഏറ്റവും കുറഞ്ഞ തുക എത്രയായിരിക്കണം എന്നത് അടക്കമുള്ള തീർത്തും രഹസ്യമായ കാര്യങ്ങൾ തീരുമാനിക്കേണ്ട വളരെ ഉത്തരവാദിത്തമുള്ള ജോലിയാണ് നടത്തിപ്പുകാരനുള്ളത്. ആ പണി ചെയ്യാൻ ഒരു സ്വകാര്യ സ്ഥാപനം ആവശ്യപ്പെട്ടത് കേവലം ഒരു രൂപയായിരുന്നു എന്നുള്ളത് ബിപിസിഎൽ വിൽപനയുമായി ബന്ധപ്പെട്ട അണിയറ നീക്കങ്ങളിലേക്കാണ് വിരൽ ചൂണ്ടുന്നത്.

2020 മാർച്ച് 7നാണ് ബി പി സിഎൽഎല്ലിന്റെ പ്രാഥമിക വിവരങ്ങളടങ്ങിയ കുറിപ്പും, താൽപര്യ പത്രം ക്ഷണിച്ചുകൊണ്ടുള്ള നോട്ടിഫിക്കേഷനും പ്രസിദ്ധപ്പെടുത്തിയത്.

പ്രാഥമിക വിവരങ്ങളെക്കുറിച്ചുള്ള സംശയങ്ങൾ ചോദിക്കാൻ ഏപ്രിൽ 4 വരെ സമയം നൽകിയിരുന്നു. താൽപര്യപത്രം സമർപ്പിക്കാനുള്ള അവസാന തീയതി മെയ് 2 ആയിരുന്നു. പിന്നിട് അവസാന തീയതിക്ക് നാലു തവണ നീട്ടിവച്ചു.. 2020 ജൂൺ 13, ജൂലൈ 31, സെപ്തംബർ 30 ,എന്നിങ്ങനെ നവംബർ 16 ആയിരുന്നു താൽപര്യ പത്രം സമർപ്പിക്കാനുള്ള തീയതി അവസാനിച്ചത്.

തുടർന്ന് കേന്ദ്ര സർക്കാരിൽ നിന്നു വന്ന പ്രതികരണം ബിപിസിഎൽ വാങ്ങാൻ താൽപര്യപ്പെട്ട് നിരവധി കമ്പനികൾ താൽപര്യപത്രം നൽകിയിട്ടുണ്ടെന്നും അതിൽ നിന്നും യോഗ്യതയുള്ളവരെ തെരഞ്ഞെടുത്ത് അവർക്ക് ഡാറ്റാ റൂം എൻടി നൽകിയിട്ടുണ്ടെന്നുമാണ്. ഡാറ്റാ റൂം എൻടി എന്നു പറഞ്ഞാൽ ബിപിസിഎല്ലിനെക്കു

റിച്ചുള്ള കൂടുതൽ വിശദമായ കാര്യങ്ങൾ ശേഖരിച്ചു വച്ചിട്ടുള്ള ഡിജിറ്റൽ പ്ലാറ്റ്ഫോമാണ്. ഇതിലുള്ള വിവരങ്ങൾ നേരിട്ട് പരിശോധിച്ച് ശരിയാണോ എന്ന് മനസ്സിലാക്കിയതിനു ശേഷമാണ് എത്ര രൂപയ്ക്ക് ബിപിസിഎൽ എടുക്കാൻ കഴിയുമെന്ന തീരുമാനം കമ്പനികൾ രഹസ്യമായി നടത്തിപ്പുകാരനെ അറിയിക്കേണ്ടത്. നടത്തിപ്പുകാരൻ തീരുമാനിച്ച റിസർവ് പ്രൈസിന് മുകളിൽ ഏറ്റവും കൂടുതൽ ഓഫർ ചെയ്യുന്നവർക്ക് കമ്പനി കൊടുക്കും. റിസർവ് പ്രൈസിന് താഴെയാണ് ഓഫർ എങ്കിൽ വിൽപന നടക്കില്ല. അതുകൊണ്ട് റിസർവ് പ്രൈസ് തീരുമാനിക്കുന്നതിനും അത് കൈകാര്യം ചെയ്യുന്നതിനും വലിയ പ്രാധാന്യമുണ്ട്.

ബിപിസിഎല്ലിന്റെ കാര്യത്തിൽ മൂന്ന് കമ്പനികളാണ് താൽപര്യപത്രം നൽകിയിരുന്നത് എന്നാണ് മാധ്യമങ്ങളിലൂടെ പുറത്തുവന്ന വിവരം. ഇതിൽ ഒരു കമ്പനിയായ വേദാന്ത ഗ്രൂപ്പിന്റെ ചെയർമാൻ അനിൽ അഗർവാൾ മാത്രമാണ് താൽപര്യ പത്രം നൽകിയ വിവരം പരസ്യമായി പ്രഖ്യാപിച്ചത്. മറ്റു കമ്പനികളാരും പരസ്യമായി ഇക്കാര്യം പറഞ്ഞിട്ടില്ലെങ്കിലും നിക്ഷേപ റിയൽ എസ്റ്റേറ്റ് കമ്പനികളായ അപ്പോളോ ഗ്ലോബൽ, ഐ സ്ക്വയേർഡ് ക്യാപിറ്റലിന്റെ ഇന്ത്യൻ സംരംഭമായ തിങ്ക് ഗ്യാസ് എന്നിവരാണ് താൽപര്യപത്രം നൽകിയ മറ്റു കമ്പനികൾ.

ഡിപ്പാർട്ട്മെന്റ് ഓഫ് ഇൻവെസ്റ്റ്മെന്റ് & പബ്ലിക് അസെറ്റ് മാനേജ്മെൻറ് 2022 മെയ് 26ന് പുറത്തിറക്കിയ സർക്കുലർ പ്രകാരം ബിപിസിഎൽ വിൽപനയുമായി ബന്ധപ്പെട്ട് ലഭിച്ചിട്ടുള്ള താൽപര്യ പത്രങ്ങളും, 2020 മാർച്ച് 7 ന് പുറത്തിറക്കിയ നോട്ടിഫിക്കേഷനും, അതുമായി ബന്ധപ്പെട്ട നടപടിക്രമങ്ങളും റദ്ദാക്കിയിരിക്കുകയാണ്.

കോവിഡ് മഹാമാരിയുടേയും, പുതുതായി രൂപപ്പെട്ട അന്തർദേശീയ രാഷ്ടീയ കാലാവസ്ഥയുടേയും പശ്ചാത്തലത്തിൽ ,എണ്ണ വ്യവസായം വലിയ പ്രതിസന്ധിയെ നേരിടുമ്പോൾ ബിപിസിഎൽ വിൽപനയിൽ പങ്കെടുക്കാൻ താൽപര്യപത്രം നൽകിയ കമ്പനികൾ പോലും താൽപര്യപ്പെടാത്ത സാഹചര്യത്തിലാണ് വിൽപനാ നടപടികൾ നിറുത്തിവയ്ക്കുന്നതെന്നാണ് കേന്ദ്ര സർക്കാർ വിശദീകരണം.

സാഹചര്യങ്ങളിൽ വരുന്ന മാറ്റങ്ങൾ വിലയിരുത്തി ബിപിസിഎൽ വിൽപന നടപടികൾക്ക് തുടക്കം കുറിക്കുമെന്നും സർക്കുലറിൽ കേന്ദ്ര സർക്കാർ പറഞ്ഞു വച്ചിട്ടുണ്ട്.

അന്തർദേശീയ തലത്തിൽ വരുന്ന മാറ്റങ്ങൾ എങ്ങനെയാണ് എണ്ണ വ്യവസായത്തിൽ പ്രതിഫലിക്കുന്നതെന്ന് നമ്മൾ ഇപ്പോൾ നേരിട്ട് കണ്ടുകൊണ്ടിരിക്കുകയാണ്. ഇന്ത്യയിലെ അഞ്ച്




സംസ്ഥാനങ്ങളിൽ തെരഞ്ഞെടുപ്പു നടന്നത് ഉക്രയിനിലേക്ക് റഷ്യ കടന്നുകയറ്റം തുടങ്ങിയ ഘട്ടത്തിലാണ്. സ്വഭാവികമായും ആ സന്ദർഭത്തിൽ അസംസ്കൃത എണ്ണയുടെ വില വലിയ തോതിൽ വർദ്ധിച്ചു. എണ്ണ വില കുറഞ്ഞപ്പോൾ കേന്ദ്ര സർക്കാർ വർദ്ധിപ്പിച്ച നികുതി കുറച്ചില്ലെങ്കിൽ പെട്രോൾ ഡീസൽ വില കൂട്ടേണ്ടിവരും. എന്നാൽ അഞ്ച് സംസ്ഥാനങ്ങളിൽ തെരഞ്ഞെടുപ്പായതുകൊണ്ട് പെട്രോൾ ഡീസൽ വില വർദ്ധിപ്പിക്കുന്നതിൽ നിന്ന് പൊതുമേഖലാ എണ്ണ കമ്പനികളെ കേന്ദ്രസർക്കാർ തടഞ്ഞു. കേന്ദ്ര സർക്കാരിനെ വെല്ലുവിളിച്ച് പെട്രോൾ ഡീസൽ വില കൂട്ടി വിൽക്കാൻ സ്വകാര്യ കമ്പനികളും തയ്യാറായില്ല. പകരം സ്വകാര്യകമ്പനികളായ റിലൈൻസിനും കെയിൻ ഇന്ത്യക്കും അവരുടെ പെട്രോൾ പമ്പുകൾക്ക് പെട്രോളും ഡീസലും നൽകിയില്ല. പ്രധാനപ്പെട്ട പല പമ്പുകളും അടച്ച് പൂട്ടേണ്ട സാഹചര്യം വന്നു. നഷ്ടം സഹിച്ച് ഒരു സ്വകാര്യ കമ്പനിയും ഒന്നും വിൽക്കില്ല. നഷ്ടം സഹിച്ചും ജനതാൽപര്യം സംരക്ഷിക്കാനാണ് പൊതുമേഖലകൾ ഇവിടെ നിലനിൽക്കണമെന്ന് നമ്മൾ ആഗ്രഹിക്കുന്നത്.

ഈ സാഹചര്യത്തിലാണ് കേന്ദ്രസർക്കാരിന്റെ പെട്രോളിയം ഉൽപന്നങ്ങളുടെ വില നിർണ്ണയ നിയന്ത്രണ നയം എന്താണ് എന്ന് താൽപര്യപത്രം നൽകിയ കമ്പനികൾ കേന്ദ്ര സർക്കാരിനോട് ചോദിച്ചത്. സ്വകാര്യ കമ്പനികൾ ആവശ്യപ്പെടുന്നത് പൂർണ്ണമായ സ്വാതന്ത്ര്യമാണ്. വില തീരുമാനിക്കാനുള്ള പൂർണ്ണമായ അവകാശം. ഇക്കാര്യത്തിൽ വ്യക്തമായ ഉറപ്പാണ് സ്വകാര്യ കമ്പനികൾക്ക് വേണ്ടത്.

മറ്റൊരു കാര്യം ബിപിസിഎല്ലിന്റെ 52.98 ശതമാനം ഓഹരികൾ സ്വകാര്യ കമ്പനി ഏറ്റെടുത്ത് ബിപിസിഎല്ലിന്റെ പ്രമോട്ടർ സ്വകാര്യ കമ്പനിയാകുമ്പോൾ പുറത്തുള്ള 26 ശതമാനം ഓഹരിക്കു കൂടി ഓപ്പൺ ഓഫർ നൽകണം.

ബിപിസിഎല്ലിന്റെ ഓഹരിക്ക് മാത്രമല്ല ഇന്ദ്രപ്രസ്ഥ ഗ്യാസ് ലിമിറ്റഡ്, പെട്രോനെറ്റ് എൽഎൻജി എന്നീ കമ്പനികളുടെ 26 ശതമാനം ഓഹരിക്കും ഓപ്പൺ ഓഫർ നൽകണം. 9000 കോടിയിലധികം ഇതിനായി വരുമെന്നാണ് കണക്കാക്കുന്നത്. ഇത് ഒഴിവാക്കാൻ സെബിയെ സമീപിച്ചെങ്കിലും നിലവിലെ നിയമപ്രകാരം ഈ ആവശ്യം പരിഗണിക്കാൻ കഴിഞ്ഞിട്ടില്ല.

ഫോസിൽ ഇന്ധനങ്ങളിൽ നിന്നും ഹരിത ഇന്ധങ്ങളിലേക്കുള്ള മാറ്റം വലിയ വേഗതയിൽ നടക്കുമ്പോൾ ബിപിസിഎൽ മൊത്തമായി വിൽക്കാതെ സ്വകാര്യ കമ്പനികൾക്ക് താൽപര്യമുള്ള രീതിയിൽ മുറിച്ച് വിൽക്കാൻ എന്നു പറഞ്ഞാൽ റിഫൈനറി, മാർക്കറ്റിംങ്ങ്, എണ്ണ ഖനനം, ഗ്യാസ് എന്നിങ്ങനെ വിഭജിച്ച് വിൽക്കാൻ നിലവിലുള്ള നോട്ടിഫിക്കേഷൻ കൊണ്ട് സാധ്യമല്ല എന്നതും ഗവൺമെൻറ് തീരുമാനത്തെ സ്വാധീനിച്ചിട്ടുണ്ട്.

അതുകൊണ്ട് സ്വകാര്യവൽക്കരണ തീരുമാനങ്ങൾ പുതിയ രൂപത്തിലും ഭാവത്തിലും ഉടനെ പുറത്തിറങ്ങുമെന്ന് തന്നെ കാണണം., എങ്കിലും പൊതുമേഖലാ വിൽപന കേന്ദ്ര സർക്കാർ ഉദ്ദേശിക്കുന്ന പോലെ സാധ്യമല്ല എന്നതാണ് ബിപിസിഎൽ വിൽപനയിൽ വന്നിട്ടുള്ള തിരിച്ചടിയിൽ നിന്ന് വ്യക്തമാകുന്നത്.

ബിപിസിഎൽ മാത്രമല്ല സെൻട്രൽ ഇലക്ട്രോണിക്സ് ലിമിറ്റഡ്, പവൻ ഹാൻസ് കോർപ്പറേഷൻ എന്നീ പൊതുമേഖലാ സ്ഥാപനങ്ങളുടെ വിൽപന നടപടികളും മരവിപ്പിക്കാൻ കേന്ദ്ര സർക്കാർ നിർബന്ധിതമായിരിക്കുകയാണ്. രണ്ട് കമ്പനികളും ഏറ്റെടുക്കാൻ തയ്യാറായിട്ടുള്ളത് അതത് മേഖലകളിൽ യാതൊരു മുൻപരിചയവുമില്ലാത്ത തട്ടിക്കൂട്ട് കമ്പനികളാണ്. ഓഫർ ലെറ്റർ കൈമാറുന്ന അവസാന ഘട്ടത്തിലാണ് അഴിമതി ആരോപണത്തിന്റെ പേരിൽ ഈ സ്ഥാപനങ്ങളുടെ വിൽപന നിറുത്തിവയ്ക്കേണ്ടി വന്നത്.

പൊതുമേഖലാ വിൽപന പൊതുമേഖലയെ സംരക്ഷിക്കാനല്ല, രാജ്യത്തെ രക്ഷിക്കാനല്ല.,മറിച്ച് പൊതു സ്വത്ത് ഇഷ്ടക്കാർക്ക് ഇഷ്ടദാനം നൽകാനാണെന്ന് കൂടുതൽ വ്യക്തമാക്കപ്പെടുമ്പോൾ പൊതുമേഖല സംരക്ഷണം അഴിമതിക്കെതിരായും പൊതുമുതൽ കൊള്ളയ്ക്കെതിരായുമുള്ള പോരാട്ടമായി കണ്ട് പൊതുമേഖല സംരക്ഷണത്തിനായി നമ്മൾ ഒറ്റക്കെട്ടായി അണിനിരക്കണം.●

# ചുമട്ടുതൊഴിലാളികൾക്ക് സന്നദ്ധ സേവന പരിശീലനം നൽകി ഫെഡറേഷൻ

തിരുവനന്തപുരം ഡിസ്ട്രിക്ട് ഹെഡ്‌ലോഡ് ആന്റ് ജനറൽ വർക്കേഴ്സ് യൂണിയൻ ചുമട്ടുതൊഴിലാളികളെ ഉൾപ്പെടുത്തി സന്നദ്ധ സേനാംഗങ്ങളുടെ ഒരു സൊസൈറ്റി രൂപീകരിക്കുന്നു. സംഘടനയ്ക്ക് ജില്ലയിൽ 12516 അംഗങ്ങളാണുള്ളത്. ഇവരിൽ നിന്ന് തെരഞ്ഞെടുക്കപ്പെട്ട അയ്യായിരം പേരെ ഉൾപ്പെടുത്തി പരിശീലനം നൽകി സന്നദ്ധ സേനാംഗങ്ങളായി മാറ്റും.

അപകടങ്ങൾ, പ്രകൃതിക്ഷോഭം, ദുരന്തങ്ങൾ തുടങ്ങി എല്ലാ രക്ഷാപ്രവർത്തനങ്ങളിലും ഈ സന്നദ്ധ സേനയെ ഉപയോഗിക്കും. സംഘടനയ്ക്ക് യൂണിയന്റെ സ്ഥാപക നേതാവായ കെ. അനിരുദ്ധൻ സ്മാരക ബ്ലു ബ്രിഗേഡ് ചാരിറ്റബിൾ സൊസൈറ്റി എന്ന പേര് നൽകും. ഇന്ത്യൻ മെഡിക്കൽ അസോസിയേഷന്റെ സഹായത്തോടെ നൂറു പേരടങ്ങിയ രണ്ട് ബാച്ച് പരിശീലനം പൂർത്തിയാക്കി. ˝അടുത്ത രണ്ട് ബാച്ചുകളുടെ പരിശീലനം ഉടനെയുണ്ടാകും.

പ്രകൃതി സംരക്ഷണം ലക്ഷ്യമിട്ട് 1000 ഫലവൃക്ഷങ്ങൾ നട്ടുനനയ്ക്കുന്ന പരിപാടിക്കും തുടക്കം കുറിച്ചു. യൂണിയന്റെ സഹായഹസ്തം പദ്ധതിയിലൂടെ 12,34,290 രൂപ വിതരണം ചെയ്തു. ഒരു വർഷത്തിൽ ഒരു വീട് എന്ന പദ്ധതിയിലൂടെ പാവപ്പെട്ടവർക്ക് വീട് വച്ച് നൽകാനും യൂണിയൻ തീരുമാനിച്ചു.



കോ-ഓപ്പറേറ്റീവ് എംപ്ലോയീസ് യൂണിയൻ കേരള ബാങ്കിന് മുന്നിൽ നടത്തിയ ധർണ സിഐടിയു സംസ്ഥന സെക്രട്ടറി കെ.എസ്. സുനിൽകുമാർ ഉദ്ഘാടനം ചെയ്യുന്നു.

# കേരള സ്റ്റേറ്റ് ഹെഡ്‌ലോഡ് & ജനറൽ വർക്കേഴ്സ് ഫെഡറേഷൻ 14ാം സംസ്ഥാനസമ്മേളനം



ടി.പി. രാമകൃഷ്ണൻ (പ്രസിഡന്റ്)



ആർ. രാമു (ജന.സെക്രട്ടറി)



എം.എച്ച്. സലിം (ട്രഷറർ)

മെയ് 17 ന് വൈകുന്നേരം 6 മണിക്ക് കൊടി, കൊടിമരം, ദീപശിഖ റാലികൾ QAC മൈതാനിയിൽ എത്തിച്ചേർന്നു. സമ്മേളന സ്വാഗതസംഘം ചെയർമാൻ എസ്.ജയമോഹൻ സമ്മേളനം തുടക്കം കുറിച്ചുകൊണ്ട് പതാക ഉയർത്തി.

മെയ് 18 ന് രാവിലെ 10 മണിക്ക് കൊല്ലം സി.കേശവൻ മെമ്മോറിയൽ ഠൗൺ ഹാളിൽ സ:സി.ജയൻ ബാബു രക്തസാക്ഷി പ്രമേയവും, സ:കെ.രാമദാസ് അനുശോചന പ്രമേയവും അവതരിപ്പിച്ചു. സിഐടിയു സംസ്ഥാന ജനറൽ സെക്രട്ടറി സ:എളമരം കരീം പ്രതിനിധി സമ്മേളനം ഉദ്ഘാടനം ചെയ്തു. സ്വാഗതസംഘം ജനറൽ കൺവീനർ സ:എ.എം.ഇക്ബാൽ സ്വാഗതം പറഞ്ഞു. സമ്മേളനത്തിൽ സ:ആനത്തലവട്ടം ആനന്ദൻ, ടി.പി.രാമകൃഷ്ണൻ, കെ.പി.സഹദേവൻ, മേഴ്സിക്കുട്ടി അമ്മ, പത്മലോചനൻ, എസ്.സുദേവൻ, എസ്.ജയമോഹൻ എന്നിവർ പങ്കെടുത്തു. ഫെഡറേഷൻ സംസ്ഥാന ജനറൽ സെക്രട്ടറി ആർ.രാമു പ്രവർത്തന റിപ്പോർട്ടും, വരവ്ചെലവ് കണക്ക് ഖജാൻജി എം.എച്ച്.സലീം അവതരിപ്പിച്ചു. 22 സഖാക്കൾ റിപ്പോർട്ടിന്മേലുള്ള ചർച്ചയിൽ പങ്കെടുത്തു.

ജനറൽ സെക്രട്ടറി ചർച്ചക്കുള്ള മറുപടി പറഞ്ഞു. അദ്ധ്യക്ഷന്റെ ഉപക്രമ പ്രസംഗത്തിനുശേഷം റിപ്പോർട്ടും, കണക്കും ഐകകണ്ഠേന സമ്മേളനം പാസാക്കി. തുടർന്ന് സ:ടി.പി രാമകൃഷ്ണൻ പ്രസിഡന്റ്, സ:ആർ.രാമു ജനറൽ സെക്രട്ടറി, സ:എം.എച്ച് സലി ട്രഷറർ, വൈസ് പ്രസിഡന്റുമാരായി, സി.ജയൻബാബു, സി.കെ.മണിശങ്കർ, പി.കെ.ശശി, കെ.സി.രാജഗോപാൽ, കെ.രാമദാസ് കോശി അലക്സ്, സെക്രട്ടറിമാരായി ടി.ആർ.സോമൻ, കെ.പി.രാജൻ, സി.നാസർ, എ.എം ഇക്ബാൽ, കെ.എം.അഷറഫ്, കെ.ആർ.രവി, എൻ.സുന്ദരംപിള്ള 254 പേരുള്ള ജനറൽ കൗൺസിലും, 81 പേരുള്ള സംസ്ഥാനഎക്സിക്യൂട്ടീവ് കമ്മിറ്റിയും സമ്മേളനം ഐകകണ്ഠേന തീരുമാനിച്ചു.

**പ്രമേയങ്ങൾ**

നവകേരള നിർമ്മിതിക്ക് ചുമട്ടു തൊഴിലാളികളുടെ പങ്ക്, വർഗ്ഗീയതക്കും, മത തീവ്രവാദത്തിനുമെതിരെ വർഗ്ഗഐക്യം ശക്തിപ്പെടുത്തുക, ചുമടുതൊഴിലും, കോടതിവിധികളും, തൊഴിലും കൂലിയും സംരക്ഷിക്കുക. വൈകുന്നേരം 4.30 ന് ആശ്രാമം മൈതാനിയിൽ നിന്ന് ആരംഭിച്ച പ്രകടനത്തിൽ തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, കോട്ടയം, ആലപ്പുഴ എന്നീ ജില്ലകളിൽ നിന്നുള്ള തൊഴിലാളികൾ പങ്കെടുത്ത അക്ഷരാർത്ഥത്തിൽ കൊല്ലം പട്ടണത്തെ നീലക്കടലാക്കി മാറ്റി. മുഴുവൻ തൊഴിലാളികളും ചുമന്ന കൈലിയും നീല ഷർട്ടും തൊപ്പിയും ധരിച്ച് കൊടിയുമായാണ് പ്രകടനത്തിൽ അണിനിരന്നത്. ആവേശകരമായ അനുഭവമായിരുന്നു. പ്രകടനത്തിനുശേഷം QAC മൈതാനിയിൽ ചേർന്ന പൊതുസമ്മേളന ഫെഡറേഷൻ പ്രസിഡന്റ് സ:ടി.പി.രാമകൃഷ്ണൻ അദ്ധ്യക്ഷതയിൽ ചേർന്നു. സിഐടിയു സംസ്ഥാന ജനറൽ സെക്രട്ടറി സ:എളമരം കരീം പൊതുസമ്മേളനം ഉദ്ഘാടനം ചെയ്തു. മേഴ്സിക്കുട്ടി അമ്മ, കെ.പി.സഹദേവൻ, പത്മലോചനൻ, പി.സജി, ബി.തുളസീധരക്കുറിപ്പ്, എസ്.സുദേവൻ, എസ്.ജയമോഹൻ, ആർ.രാമു, ഇക്ബാൽ എന്നിവർ സംസാരിച്ചു.



# ലോട്ടറി ഏജന്റ്സ് ആന്റ് സെല്ലേഴ്സ് ഫെഡറേഷൻ സംസ്ഥാനസമ്മേളനം

ലോട്ടറി ഏജന്റ്സ് ആന്റ് സെല്ലേഴ്സ് ഫെഡറേഷൻ സംസ്ഥാനസമ്മേളനം 2022 മേയ് 17, 18 തീയതികളിൽ ആലപ്പുഴ വച്ച് നടന്നു. പ്രതിനിധി സമ്മേളനം സിഐടിയു സംസ്ഥാന ജനറൽ സെക്രട്ടറി എളമരം കരീം എംപി ഉദ്ഘാടനം ചെയ്തു. ഫെഡറേഷൻ സംസ്ഥാന പ്രസിഡന്റ് വി.എസ്.മണി അദ്ധ്യക്ഷനായി. സ്വാഗതസംഘം ചെയർമാൻ ആർ.നാസർ, സ:എം.വി.ജയരാജൻ, പി.പി ചിത്തരഞ്ജൻ എം.എൽ.എ, എച്ച്.സലാം എം.എൽ.എ, പി.ഗാനകുമാർ എന്നിവർ സംസാരിച്ചു. ഫെഡറേഷൻ സംസ്ഥാന ജനറൽ സെക്രട്ടറി റിപ്പോർട്ട് അവതരിപ്പിച്ചു.




കേരള ഭാഗ്യക്കുറിയെ തകർക്കുന്ന അനധികൃത ലോട്ടറി മാഫിയക്കെതിരെ കർശന നടപടി സ്വീകരിക്കാനാവശ്യമായ നിയമം നിർമ്മിക്കണമെന്ന് സമ്മേളനം ആവശ്യപ്പെട്ടു. ആലപ്പുഴയിൽ ചേർന്ന പൊതുസമ്മേളനം സിഐടിയു സംസ്ഥാന സെക്രട്ടറി സ:സി.എസ്.സുജാത ഉദ്ഘാടനം ചെയ്തു.


പി.ആർ. ജയപ്രകാശ് (പ്രസിഡന്റ്)


ടി.ബി. സുബൈർ (ജന.സെക്രട്ടറി)


വി.ബി. അശോകൻ (ട്രഷറർ)

ഭാരവാഹികൾ : പ്രസിഡന്റായി പി.ആർ.ജയപ്രകാശിനെയും ജനറൽ സെക്രട്ടറിയായി ടി.വി.സുബൈറിനെയും തെരഞ്ഞെടുത്തു. വി.ബി.അശോകൻ ട്രഷറർ, എം.വി.ജയരാജൻ, പി.കെ.നൗഷാദ്, വി.ഒ.ഇന്ദുലാൽ, എൻ.കെ.ബാലകൃഷ്ണൻ, പി.എസ്.ബിന്ദു, രാജൻ പരുത്തിപ്പറ്റ എസ്.അഫ്സൽ, ടി.എസ്.നിസ്താർ (വൈസ് പ്രസിഡന്റുമാർ) വി.എസ്.മണി, ഡി.എസ്.അഫ്സൽ, ടി.ജെ.മനോജ്, എ.അജ്മൽഖാൻ, ടി.ബി.ദയാനന്ദൻ, ടി.എസ്.സുരേഷ്, സി.പി.രവീന്ദ്രൻ, പി.പ്രഭാകരൻ (ജോയിന്റ് സെക്രട്ടറിമാർ)

# കേരള പ്ലാന്റേഷൻ ലേബർ ഫെഡറേഷൻ 13-ാമത് സംസ്ഥാന സമ്മേളനം


എസ്. ജയമോഹൻ (പ്രസിഡന്റ്)


കെ.കെ. ജയചന്ദ്രൻ (ജന.സെക്രട്ടറി)


സി.കെ. ഉണ്ണികൃഷ്ണൻ (ട്രഷറർ)

കേരള പ്ലാന്റേഷൻ ലേബർ ഫെഡറേഷൻ 13 മത് സംസ്ഥാന സമ്മേളനം ജൂൺ 11, 12 തീയതികളിൽ മൂന്നാറിൽ വച്ച് നടന്നു. സിഐടിയു സംസ്ഥാന ജനറൽ സെക്രട്ടറി എളമരം കരീം ഉദ്ഘാടനം ചെയ്തു. കെപിഎൽഎഫ് സംസ്ഥാന പ്രസിഡന്റ് കെ കെ ജയചന്ദ്രൻ അധ്യക്ഷനായി. സ്വാഗതസംഘം ചെയർമാനും സിഐടിയു സംസ്ഥാന കമ്മിറ്റിയംഗം കെ വി ശശി സ്വാഗതം പറഞ്ഞു. കൺവീനർ കെ കെ വിജയൻ നന്ദി പറഞ്ഞു. നേതാക്കളായ ടി പി രാമകൃഷ്ണൻ എം എൽഎ, എം എം മണി എം എൽഎ, കെ എൻ ഗോപിനാഥ് , സിപിഐ എം ജില്ലാ സെക്രട്ടറി സി വി വർഗ്ഗീസ് എന്നിവർ പങ്കെടുത്തു. പ്ലാന്റേഷൻ ഫെഡറേഷൻ അഖിലേന്ത്യാ ജനറൽ സെക്രട്ടറി സിയാവുൾ അലാം സമ്മേളനത്തെ അഭിവാദ്യം ചെയ്തു. ജനറൽ സെക്രട്ടറി പി.എസ്. രാജൻ റിപ്പോർട്ട് അവതരിപ്പിച്ചു. വിവിധ ജില്ലകളെ പ്രതിനിധീകരിച്ച് 230 പ്രതിനിധികൾ സമ്മേളനത്തിൽ പങ്കെടുത്തു. എസ് ജയമോഹൻ (പ്രസിഡന്റ്) കെ കെ ജയചന്ദ്രൻ (ജന: സെക്രട്ടറി) സി കെ ഉണ്ണികൃഷ്ണൻ (ട്രഷറർ) എന്നിവരടങ്ങുന്ന 81 അംഗ സംസ്ഥാന കമ്മിറ്റിയെ തെരഞ്ഞെടുത്തു.



# കേരളാ ആട്ടോ മൊബൈൽ സെയിൽസ് & സർവീസസ് എംപ്ലോയീസ് അസോസിയേഷൻ




കേരള ഓട്ടോമൊബൈൽ സെയിൽസ് & സർവീസ് എംപ്ലോയീസ് അസോസിയേഷൻ പ്രഥമ സംസ്ഥാന സമ്മേളനം 24.04.2022 ന് കോഴിക്കോട് എം.എ അലിയാർ നഗറിൽ (സരോജ് ഭവൻ, മുതലക്കുളം) വെച്ച് നടന്നു. യൂണിയൻ സംസ്ഥാന പ്രസിഡന്റ് എൻ.എൻ.കൃഷ്ണദാസിന്റെ അദ്ധ്യക്ഷതയിൽ നടന്ന സമ്മേളനം സിഐടിയു സംസ്ഥാന സെക്രട്ടറി സ:കെ.എസ്.സുനിൽകുമാർ ഉദ്ഘാടനം ചെയ്തു. യൂണിയൻ സംസ്ഥാന സെക്രട്ടറി സ:എ.കെരജീഷ്ബാബു പ്രവർത്തന റിപ്പോർട്ട് അവതരിപ്പിച്ചു. സ്വാഗതസംഘം ചെയർമാൻ സ:പി.കെ.സന്തോഷ് സ്വാഗതം പറഞ്ഞു. രക്തസാക്ഷി പ്രമേയം സ:ഹരിലാൽ.കെയും, അനുശോചനപ്രമേയം സി.ലളിതയും അവതരിപ്പിച്ചു. സമ്മേളനം യൂണിയന്റെ സംസ്ഥാന പ്രസിഡന്റായി സ:എൻ.എൻ.കൃഷ്ണദാസിനെയും, ജനറൽ സെക്രട്ടറിയായി എ.കെ. രജീഷ്ബാബുവിനെയും ട്രഷററായി സന്തോഷ്കുമാർ.പിയെയും തെരഞ്ഞെടുത്തു. കെ.കെ. മമ്മു, കെ.ജയരാജൻ, പത്മജ, ഹരിലാൽ.കെ. എന്നിവർ വൈസ് പ്രസിഡന്റുമാരായും, മോൻസിപോൾ, ലളിത.സി, ജീവൻ.എം.വി, തൗഫീക്ക് എന്നിവർ സംസ്ഥാന സെക്രട്ടറിമാരായും 51 അംഗ സംസ്ഥാന കമ്മിറ്റി തെരഞ്ഞെടുത്തു.

# കേരള സ്റ്റേറ്റ് നാഷണൽ ആയുഷ് മിഷൻ എംപ്ലോയീസ് ആന്റ് വർക്കേഴ്സ് യൂണിയൻ സംസ്ഥാനസമ്മേളനം


ഡോ. ഷജീബ് (പ്രസിഡന്റ്)


ഡോ. ഹരിലാൽ (ജന.സെക്രട്ടറി)

കേരള സ്റ്റേറ്റ് നാഷണൽ ആയുഷ് മിഷൻ എംപ്ലോയീസ് ആന്റ് വർക്കേഴ്സ് യൂണിയൻ സംസ്ഥാനസമ്മേളനം ഡോ.ജയദേവ് നഗറിൽ (ബിടിആർ ഹാൾ) സിഐടിയു സംസ്ഥാന വൈസ് പ്രസിഡന്റ് പി.എസ് മധുസൂദനൻ ഉദ്ഘാടനം ചെയ്തു. സംസ്ഥാന പ്രസിഡന്റ് ഡോ.ഷജീബ് അദ്ധ്യക്ഷനായി. ജനറൽ സെക്രട്ടറി ഡോ.പി.ഹരിലാൽ നാഷണൽ ആയുഷ് മിഷൻ സ്റ്റേറ്റ് പ്രോഗ്രാം മാനേജർ ഡോ.എസ്. സുബാഷ് തുടങ്ങിയവർ സംസാരിച്ചു. കോവിഡ് മുന്നണി പോരാളികളെ വേദിയിൽ ആദരിച്ചു. ഭാരവാഹികൾ: പ്രസിഡന്റ് : ഡോ. ഷജീബ്, വൈസ് പ്രസിഡന്റുമാർ : സന്തോഷ്, ഡോ.പ്രസീദ, ഡോ.നിതിൻ, ജനറൽ സെക്രട്ടറി : ഡോ.പി.എൻ.ഹരിലാൽ, സെക്രട്ടറിമാർ : ഡോ.അരുൺ.ജി.ദേവ്, അനീഷ്, ഷീല , ട്രഷറർ : ഡോ.കിരൺ ആന്റണി

# കേരള പ്ലാന്റേഷൻ കോർപ്പറേഷൻ എംപ്ലോയീസ് യൂണിയൻ സംസ്ഥാന സമ്മേളനം

അങ്കമാലിയിൽ നടന്ന കേരള പ്ലാന്റേഷൻ കോർപ്പറേഷൻ എംപ്ലോയീസ് യൂണിയൻ സംസ്ഥാന സമ്മേളനം സിഐടിയു സംസ്ഥാന വൈസ് പ്രസിഡന്റ് ടി.പി.രാമകൃഷ്ണൻ ഉദ്ഘാടനം ചെയ്തു. യൂണിയൻ പ്രസിഡന്റ് കെ.ജി.തോമസ് അദ്ധ്യക്ഷനായി. ജനറൽ സെക്രട്ടറി ആർ.ജെ.ബാബു റിപ്പോർട്ട് അവതരിപ്പിച്ചു. കോർപ്പറേഷനിൽ ആവശ്യമായ ജീവനക്കാരെ നിയമിക്കണമെന്ന് മുടങ്ങിക്കിടക്കുന്ന ശമ്പള പരിഷ്കരണം നടപ്പാക്കണമെന്നും സമ്മേളനം ആവശ്യപ്പെട്ടു. ഭാരവാഹികൾ : കെ.ജെ.തോമസ് (പ്രസിഡന്റ്), കെ.മോഹൻകുമാർ, സി.കെ.ഉണ്ണികൃഷ്ണൻ, കെ.ഭാസ്കരൻ നായർ (വൈസ് പ്രസിഡന്റുമാർ), ആർ.ജെ.ബാബു (ജനറൽ സെക്രട്ടറി), കെ.ആർ.അനിൽ കുമാർ (അസിസ്റ്റന്റ് സെക്രട്ടറി), കെ.എൻ.ഷിബു, കെ.എ.വിജയൻ (ജോയിന്റ് സെക്രട്ടറിമാർ), പി.സി.പ്രേമൻ (ട്രഷറർ)

# സിഐടിയു സ്ഥാപകദിനം - മേയ് 30























കേരള സംസ്ഥാന വഴിയോര കച്ചവട തൊഴിലാളി ഫെഡറേഷന്റെ നേതൃത്വത്തിൽ തൊഴിലാളികളുടെ വിവിധ ആവശ്യങ്ങൾ ഉന്നയിച്ചു കൊണ്ട് ജൂൺ 1 ന്റെ രാജ്ഭവൻ മാർച്ച് സംസ്ഥാന ജനറൽ സെക്രട്ടറി സ: എളമരം കരീം MP ഉൽഘാടനം ചെയ്യുന്നു. സിഐടിയു ജില്ലാ സെക്രട്ടറി , സംസ്ഥാന സെക്രട്ടറി സ: K.S. സുനിൽകുമാർ, സംസ്ഥാന വൈസ് പ്രസിഡന്റ് അഡ്വ.സജി, ജില്ല സെക്രട്ടറി സി.ജയൻബാബു, ജില്ലാ പ്രസിഡന്റ് സ: R. രാമു, ഫെഡറേഷൻ ജനറൽ സെക്രട്ടറി R.V. ഇക്ബാൽ എന്നിവർ അഭിസംബോധന ചെയ്തു.